# സത്യദൂതൻ

2017 ഏപ്രിൽ | ലക്കം 4

വില ₹ 30



## ഹിമാലയ സാനുക്കളിലെ യേശുമിശിഹഃ

### ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം

## കൃത്രിമ മഴ

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2017 ഏപ്രിൽ
ഹി.ശ.1396 – ശഹാദത്ത്
1438 റജബ് – റഅബാൻ
പുസ്തകം 89 ലക്കം 4
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**ഹദ്റത്ത് അഹ്‌മദ് (അ): വിജയ വാഗ്ദാനം നൽകപ്പെട്ട ദൈവ പ്രേഷിതൻ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..) 2016 മാർച്ച് 24ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12** **സൊറോസ്ട്ര മതം**
ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

**16** **ഏകീകൃത സിവിൽ കോഡ്**
എ. എം.

**24** **ഇബ്നുബത്തൂത്ത : മഹാനായ സഞ്ചാരി**
ആരിഫ് മുനവ്വർ

**29** **ഹിമാലയ സാനുക്കളിലെ യേശുമിശിഹ: ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം**
എ. എം. മുഹമ്മദ് സലീം

**33** **ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 5**
ഇബ്നു വഫ കോഴിക്കോട്

**38** കുറിപ്പുകൾ
**കൃത്രിമ മഴ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലയോ ഈസാ! ഞാൻ നിന്നെ പ്രകൃതി സാധാരണമായ നിലയിൽ മരിപ്പിക്കുകയും നിന്നെ എന്റെ അടുക്കലേക്കുയർത്തുന്നവനും അവിശ്വാസികളുടെ ആക്ഷേപങ്ങളിൽ നിന്നും ആരോപണങ്ങളിൽ നിന്നും നിന്നെ പരിശുദ്ധനാക്കുന്നവനും അവസാന നാൾ വരെ നിന്റെ അനുചരന്മാർക്ക് അവിശ്വാസികളുടെ മേൽ വിജയം നൽകുന്നവനുമാണ്. (3:56)



## നബിവചനം

അല്ലാഹു ഹദ്റത്ത് ഈസാക്ക് ഇപ്രകാരം വഹ്യ് അറിയിച്ചു. അല്ലയോ ഈസാ, നീ അറിയപ്പെടാതിരിക്കാനും ദ്രോഹിക്കപ്പെടാതിരിക്കാനുമായിട്ട് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്കു മാറി മാറിതാമസിക്കുക (കൺസുൽ ഉമ്മാൽ വാല്യം 2, ഭാഗം)

## വാഗ്ദത്ത മസീഹിന്റെ വചനം



ത്രിത്വമുണ്ടാക്കുന്ന തിന്മകളുടെ നിവാരണത്തിനാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് ഈസാ(അ) യെ ഇവർ ദൈവമായി ഗണിച്ചിരിക്കയാണ്. എന്റെ ഹൃദയത്തെ അത്യധികം വേദനിപ്പിക്കുന്ന സംഗതിയാണിത്. ഇതിനേക്കാൾ വലിയൊരു ദുഃഖം എനിക്കുണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഈ ദുഃഖവും വിഷമവും കാരണം മരണം എനിക്ക് അനുവദീയമായിരുന്നുവെങ്കിൽ ദുഃഖം എന്നെ നശിപ്പിക്കുമായിരുന്നു. കാരണം ഇക്കൂട്ടർ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ പരിത്യജിച്ച് നിസ്സഹായനായ ഒരു മനുഷ്യനെയാണ് ആരാധിച്ചു കൊണ്ടിരിക്കുന്നത്. ഈ വേദനയുടെ സ്ഥിതി ഞാൻ വിവരിക്കട്ടെ, ജനങ്ങൾ സ്വർഗ്ഗമാണ് ആഗ്രഹിക്കുന്നതെങ്കിൽ മനുഷ്യനെ ഈ ശിർക്കിൽ നിന്നും മോചിപ്പിക്കുകയും ദൈവത്തിന്റെ ഈ പ്രതാപം വെളിപ്പെടുത്തുകയും ചെയ്യുന്നത് എന്റെ ജീവിതത്തിൽ കാണുക എന്നതാണ് എന്റെ ആഗ്രഹം. എന്റെ ആത്മാവ് സദാപ്രാർത്ഥനാനിരതമാണ്. എന്റെ ദൈവമേ, ഞാനിതിൽ നിന്നുള്ളവനാണെങ്കിൽ നിന്റെ അനുഗ്രഹത്തിന്റെ തണൽ എന്റെ കൂടെയുണ്ടെങ്കിൽ, മഹാനായ മസീഹ് (അ)ന്റെ ശിരസ്സിൽ നിന്ന് ഈ പാപഭാരം (നഊദുബില്ലാഹ്) അദ്ദേഹം ദൈവമാണെന്ന് വാദിച്ചുവെന്ന അപരാധം എടുത്തുകളയുന്ന സുദിനം എനിക്കു കാണിച്ചുതാ നാഥാ. ദൈവം അവർക്ക് കണ്ണുനൽകുമാറാകട്ടെ. അവന്റെ ഏകത്വത്തിൽ അവർ വിശ്വസിക്കുമാറാകട്ടെ. അവന്റെ ദൂതനെ(സ)അവർ തിരിച്ചറിയുമാറാകട്ടെ. ത്രിയേക വിശ്വാസത്തിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങുമാറാകട്ടെ ഒരു നീണ്ടകാലമായി അഞ്ചു നേരം പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതിതാണ്.

(തബ്ലീഗെ രിസാലത്ത് വാല്യം 8 പേജ് 71, 72)

എഡിറ്റോറിയൽ

# ചരിത്ര പുരുഷനായ യേശു

ക്രിസ്തുവിനെ സംബന്ധിക്കുന്ന ലക്ഷക്കണക്കിന് പുസ്തകങ്ങളും കോടിക്കണക്കിന് ലേഖനങ്ങളും ഇതിനകം പ്രസിദ്ധീകൃതമായിട്ടുണ്ട്. ക്രിസ്തു മത സന്ദേശങ്ങൾ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ലോകമാകെയുണ്ട്. ചരിത്രം തന്നെ ബി.സി *(Before Christ)*, എ.ഡി *(Anno Domini)* എന്നുമായി ക്രിസ്തുവിനെ ആധാരമാക്കിയാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. **'അന്നോ ഡോമിനി'** എന്നതിന്റെ അർഥം ക്രിസ്തുവിന് ശേഷം എന്നല്ല. **'കർത്താവിന്റെ വർഷത്തിൽ'** എന്നാണ്. കാരണം ദൈവവും ദൈവപുത്രനുമൊക്കെ ആയ യേശു നിത്യനായതിനാൽ, ശേഷം കാലം എന്ന ഒരവസ്ഥ യുണ്ടാകില്ലല്ലോ. അത്കൊണ്ടാണീ പ്രയോഗം. അശാസ്ത്രീയവും ചരിത്ര പരമായി അവ്യക്തവുമായ കാല വിഭജനത്തിന്റെ ഈ ആധാരബിന്ദു അക്കാദമിക്ക് ലോകമടക്കം ലോകം മുഴുവൻ പിന്തുടരുന്നു. അത്രക്ക് സർവ വ്യാപിയും രൂഢമൂലവുമാണ് യേശുവിനെ സംബന്ധിച്ചുള്ള മിത്തുകൾ എന്നർഥം.

ദുരൂഹമെന്ന് പറയട്ടെ ഇത്ര വിപുലമായ ക്രിസ്തീയ സാഹിത്യം മുഴുവൻ പരതി നോക്കിയാലും ക്രിസ്തു എന്ന ചരിത്ര പുരുഷനെ പറ്റി വിശ്വാസ യോഗ്യമായ യാതൊരു വി വരണവും ഇല്ലെന്നു തന്നെ പറയാം. ക്രിസ്തീയ സാഹിത്യം മുഴുവൻ ക്രിസ്തുവിന്റെ അതിശയകരമായ തിരുപ്പിറവി, അദ്ദേഹത്തിന്റെ അത്ഭുത പ്രവർത്തിയുടെ വിവരണങ്ങൾ, കുരിശ് മരണത്തിന്റെ പാപ വിമോചന ക്ഷമത, ദൈവപുത്രത്വത്തിന്റെ മഹത്വം, യേശു നടത്തിയ അത്ഭുത പ്രവർത്തികളുടെയും അതിശയങ്ങളുടെയും വർണന മുതലായ വിഷയങ്ങൾ നിറഞ്ഞു നിൽക്കുന്നു. യേശു ആരായിരുന്നു? എവിടെ എപ്പോൾ ജനിച്ചു? അ ദ്ദേഹത്തിന്റെ ശൈശവം, ബാല്യം, യൗവനം, കുടുംബ ജീവിതം, ഉപജീവനം എന്ത്? മുതലായ ജീവിത സംഭവങ്ങളെ പറ്റി വിശ്വസനീയവും അക്കാദമീയവുമായ യാതൊരു വിവരണം നമുക്ക് ലഭ്യമല്ല.

ക്രിസ്തു എന്ന മതപുരുഷന്റെ ജീവചരിത്രം ഇങ്ങനെ സന്ദിഗ്ദതകളുടെ പുകമറക്കുള്ളിൽ സൂക്ഷിക്കുക എന്നത് ക്രിസ്തുസഭയുടെ ആവശ്യമായിരിക്കാം. അവർ ബോധപൂർവം ചരിത്ര പരിസരത്തുനിന്ന് ക്രിസ്തുവിനെ അകറ്റി നിർത്തുകയാണ്. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും നിശിതവും വസ്തു നിഷ്ഠാപരവുമായ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ ദൈവികമായ അതിശയങ്ങളും അത്ഭുത വർണനകളും തകർന്നടിയുമോ എന്ന് ക്രിസ്തുസഭ ഭയപ്പെടുന്നുണ്ടാകാം. വിമർശനാത്മകമായ അന്വേഷണത്തിലൂടെ ഉണ്ടാവുന്ന ചരിത്ര പുരുഷനായ യേശുവിന് പകരം വിശ്വാസവത്ക്കരിക്കപ്പെട്ട യേശു *(Dogmatic Christ)* അഥവാ വിഗ്രഹവത്ക്കരിക്കപ്പെട്ട യേശുവിനെ നിലനിർത്താനാണ് ശ്രമം. യേശുവിന്റെ ചരിത്രമന്വേഷിച്ചിറങ്ങിയവരൊക്കെ സഭക്ക് വിഗ്രഹഭഞ്ജകരും അനഭിമതരുമായി മാറുന്നത് അങ്ങനെയാണ്.

പതിനെട്ടാം നൂറ്റാണ്ടു മുതൽക്കാണ് യേശുവിനെ പറ്റിയുള്ള ചരിത്രപരമായ അ ന്വേഷണത്തിന്റെ ആദ്യ ശ്രമമുണ്ടാകുന്നത് എന്ന് നാം ഓർക്കണം. ഇരുട്ടറക്കുള്ളിൽ സൂക്ഷിക്കപ്പെട്ട ക്രിസ്തുവിന്റെ ചരിത്രത്തിലേക്ക് ഇതിനകം ഒരു പാട് ചരിത്ര രേഖകൾ പ്രകാശിതമായിട്ടുണ്ട്. ക്രിസ്തു വിജ്ഞാനീയം (*Christology* ) എന്ന വിജ്ഞാന ശാഖയിൽ ഈ ചരിത്രരേഖകളൊന്നും ഔപചാരികമായി കയറിപ്പറ്റിയിട്ടില്ല. ഹദ്റത്ത് അഹ്മദ്(അ) ലോകത്തിന് മുമ്പിൽ സമർപ്പിച്ച ക്രിസ്തുവിന്റെ ശ്രീനഗറിലുള്ള ഖബർ അതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ്. അതുപോലെ നാഗ്ഹമ്മാദി രേഖകൾ, ചാവുകടൽ ചുരുളുകൾ, ടൂറിനിലെ തിരുശ്ശീല, ആദിമ ക്രിസ്ത്യാനികൾ താമസിച്ച റോമിലെ കാറ്റകോംസ് എന്ന ഗുഹാശൃംഖലകൾ, അവിടുത്തെ ശിലാരേഖകൾ, ചിത്രങ്ങൾ, ജൂദോ ക്രിസ്ത്യൻ പാരമ്പര്യം, പൗരസ്ത്യ ക്രിസ്ത്യൻ സഭകൾ, തോമസ് ക്രിസ്ത്യൻ പാരമ്പര്യം, യേശുവിന് അഞ്ഞൂറ് വർഷങ്ങൾക്ക് ശേഷം അവതരിച്ച വിശുദ്ധ ഖുർആൻ പരാമർശങ്ങൾ തുടങ്ങിയ രേഖകൾ യേശുവിനെ പറ്റിയുള്ള വിലപ്പെട്ട ചരിത്ര രേഖകളാണ്. തീർച്ചയായും ദൈവത്തിന് വേണ്ടി ഉജ്ജ്വല ത്യാഗങ്ങൾ സഹിച്ച യേശുവിനെ സംബന്ധിച്ച സത്യങ്ങൾ ലോകം ഒരുനാൾ അറിയാതിരിക്കില്ല. യേശു പറഞ്ഞത് പോലെ

***'നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും'( യോഹ. 8:32)***



### ഹദ്റത്ത് അഹ്മദ് (അ)

# ഹദ്റത്ത് ഈസാ നബി(അ)യുടെ ഖബർ

ഹദ്റത്ത് ഈസാ(അ)ന്റെ അസാധാരണമായ ജനനവും, വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനത്തിന് വിരുദ്ധമായി സ്ഥൂലശരീരത്തോടുകൂടിയുള്ള ആകാശത്തിലേക്കുള്ള കയറ്റവും മരിക്കാതിരുന്നിട്ടും മരിച്ച നബിമാരുടെ ആത്മാക്കളുടെ ഇടയിൽ – അവരാണെങ്കിൽ ഒരുവിധത്തിൽ സ്വർഗത്തിൽ പ്രവേശിച്ചവരുമാണ് – പ്രവേശിക്കലുമെല്ലാം സത്യമായും ഒരു സത്യമതത്തിന് ഭൂഷണമായ വിശ്വാസകാര്യങ്ങളല്ല, കരിങ്കറയാണ്.

പാശ്ചാത്യ സൃഷ്ടിപൂജകർക്ക് നീണ്ടകാലമായി ഏക ദൈവ വിശ്വാസികളായ മുസ്‌ലിംകൾ ഒരു കടം വീട്ടുവാനുണ്ടായിരുന്നു. അജ്ഞാതരായ മുസ്‌ലിംകൾ ഈ കടം വീട്ടാനുണ്ടെന്ന് സമ്മതിച്ചു കൊണ്ടു തന്നെ പലിശയിനത്തിലും വലിയൊരു സംഖ്യ വർദ്ധിപ്പിച്ചു. ഇക്കാരണത്താൽ ലക്ഷക്കണക്കിന് മുസ്‌ലിംകൾ ളോഹധരിച്ച് മതപരിത്യാഗികളായി മാറി. ഈ കടം വീട്ടാൻ ഒരു പോം വഴിയും അവർക്കില്ല.

യേശു സ്ഥൂല ശരീരത്തോടു കൂടി ഇന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നു, എന്നെന്നും ജീവിച്ചിരിക്കുകയും ചെയ്യും. അവസാനം അദ്ദേഹം തന്നെ സ്വർഗത്തിൽ നിന്നിറങ്ങി വന്ന് നീതി നടപ്പിൽ വരുത്തും. അദ്ദേഹത്തെ ദൈവമാണെന്ന് അംഗീകരിക്കാത്തവരെല്ലാം പിടിക്കപ്പെടുകയും അഗ്നിയിൽ എറിയപ്പെടുകയും ചെയ്യും. ഈ ആക്ഷേപങ്ങൾക്കൊന്നും മുസ്‌ലിംകളുടെ പക്കൽ ഒരു മറുപടിയുമുണ്ടായിരുന്നില്ല. അവാച്യമായ ലജ്ജയിലും എളിമയിലും അവർക്ക് ദിനങ്ങൾ തള്ളിനീക്കേണ്ടി വന്നു.

ഇപ്പോഴിതാ യേശു മിശിഹായുടെ ദൈവത്വം നല്ല വണ്ണം തെളിഞ്ഞിരിക്കുന്നു!! ആകാശത്തിൽ കയറിപ്പോയതിന്റെ സകല രഹസ്യങ്ങളും പുറത്തായിരിക്കുന്നു!. പുരാതനങ്ങളായ ആയിരക്കണക്കിന് മരുന്നുകളും കുറിപ്പടികളുമടങ്ങുന്ന പൗരാണിക വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ ആദ്യകാലത്ത് റോമാക്കാരും യൂനാനികളും മജൂസികളും ക്രിസ്ത്യാനികളും അവസാനം മുസ്‌ലിംകളും ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഒരു കുറിപ്പടി മർഹമേ ഈസാ എന്ന പേരിലുള്ളതാണ്. ഈ മരുന്ന് ഹദ്റത്ത് ഈസാക്ക് വേണ്ടി അതായത് അദ്ദേഹത്തിന്റെ കുരിശിൽ നിന്നുണ്ടായ മുറിവുകൾ ഉണങ്ങാൻ വേണ്ടി തയ്യാറാക്കപ്പെട്ടതായിരുന്നെന്ന് ആ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു. കശ്മീരിൽ ഹദ്റത്ത് ഈസാ (അ) യുടെ ഖബറും കണ്ടെത്തിയിരിക്കയാണ്. അറബിയിലും ഫാർസിയിലും ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ രചിക്കപ്പെട്ട ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ മരണം സാക്ഷ്യപ്പെടുത്തുകയും ഖബർ കാശ്മീരിലാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

ഇന്നിതാ പുതിയൊരു വാർത്ത നമുക്ക് ലഭിച്ചിരിക്കുന്നു. അത് അമുസ്‌ലിംകൾക്കായി ഇന്ന് പെരുന്നാളൊരുക്കിയിരിക്കുകയാണ്. ഈ അടുത്ത കാലത്ത് യറുശലേം എന്ന സ്ഥലത്ത് നിന്നും പത്രോസ് ഹവാരിയുടെ ഒപ്പോടുകൂടിയ പൗരാണിക അറബി ഭാഷയിൽ രേഖപ്പെടുത്തിയ ഒരു കത്ത് കിട്ടിയിരിക്കുന്നു. അത് എന്റെ കിശ്തി നൂഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് കുരിശ് സംഭവത്തിന് ഏകദേശം അമ്പത് വർഷത്തിന് ശേഷം ഈ ലോകത്ത് വെച്ച് തന്നെ മരിച്ചുവെന്ന് അതിൽ നിന്നും വ്യക്തമാവുന്നു. ആ ലിഖിതം രണ്ട് ലക്ഷം രൂപക്ക് ഒരു ക്രിസ്തീയ കമ്പനി വിലക്ക് വാങ്ങി പത്രോസിന്റെ കൈപടയാണ് അതെന്ന് സ്ഥിരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പ്രബലമായ ഇത്രയധികം തെളിവുകൾ പ്രകടമായിരുന്നിട്ടും ഈസ ഇന്നും ഉടലോടെ ജീവിച്ചിരിക്കുന്നുവെന്ന അന്ധവിശ്വാസത്തിൽനിന്ന് പിന്മാറി നിൽക്കുന്നത് വിഭ്രാന്തിയല്ലെങ്കിൽ മറ്റെന്താണ്? അനുഭവവേദ്യമാകുന്ന തെളിവുകളെ നിഷേധിക്കുവാൻ ആർക്കും സാധ്യമല്ല.


മുസ്‌ലിം ലോകമേ, നിങ്ങൾക്കാശംസകൾ! ഇന്ന് നിങ്ങൾക്ക് പെരുന്നാളാണ്. പഴഞ്ചൻ വിശ്വാസം തള്ളിക്കളയുക. ഖുർആൻ അനുസരിച്ചുള്ള വിശ്വാസം ഇനിയെങ്കിലും കൈകൊള്ളുക. ഏറ്റവും ഒടുവിൽ കിട്ടിയ തെളിവ് ഹദ്റത്ത് ഈസായുടെ ഏറ്റവും മഹോന്നതമായ ഹവാരി രേഖപ്പെടുത്തിവെച്ചിട്ടുള്ളതാണ്. തൻെറ സ്വന്തം വാക്കുകളിലദ്ദേഹം ഇങ്ങിനെ സാക്ഷിപറയുന്നു,: ഞാൻ ഇബ്നു മർയമിന്റെ സേവകനാണ്. മർയമിന്റെ മകൻ മരിച്ച് മൂന്ന് വർഷത്തിന് ശേഷം എന്റെ തൊണ്ണൂറാമത്തെ വയസ്സിലാണ് ഞാൻ ഈ കത്തെയുതുന്നത്. പത്രോസിന്റെയും ഈസയുടെയും ജന്മദേശം അടുത്തടുത്താണ് വലിയ വലിയ ക്രിസ്തീയ പണ്ഡിതന്മാരും ചരിത്രവും സമ്മതിക്കുന്നുണ്ട്. കുരിശു സംഭവകാലത്ത് ഹദ്റത്ത് ഈസായുടെ പ്രായം ഏകദേശം മുപ്പത്തിമൂന്നും ഹദ്റത്ത് പത്രോസ്സിന്റെ പ്രായം മുപ്പതിന്നും നാൽപ്പതിന്നും ഇടക്കായിരുന്നു.

(നദ്‌വത്തുകാർക്കൊരുപഹാരം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 മാർച്ച് 24ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി

# ഹദ്റത്ത് അഹ്മദ് (അ): വിജയ വാഗ്ദാനം നൽകപ്പെട്ട ദൈവ പ്രേഷിതൻ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ദിനമാണ്. കാരണം ആ ദിവസമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ(അ) ഔദ്യോഗികമായി ബയ്അത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിട്ടത്. ആ മഹാത്മാവ് പറഞ്ഞു:‘നബി(സ)തിരുമേനി സുവാർത്ത അറിയിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഞാനാകുന്നു.’ ആ മഹാത്മാവ് പറഞ്ഞു, ‘തൗഹീദ് സ്ഥാപിച്ച് ദൈവസ്നേഹം ജനമനസ്സുകളിൽ ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.’ ആ മഹാത്മാവ് പറഞ്ഞു:‘യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ ഭൂമിയുടെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്ന സൽപ്രകൃതക്കാരായ ആ എല്ലാ ആത്മാക്കളേയും തൗഹീദിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റെ ദാസരെ ഏകമതത്തിൽ സംഘടിപ്പിക്കുന്നതിനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതിനു വേണ്ടി ഞാൻ ലോകത്ത് അയക്കപ്പെട്ടിരിക്കുന്നു. അതിനാൽ മൃദുല ഭാവത്തിലും സൽസ്വഭാവത്തിലും പ്രാർഥനകൾ മുഖേനയും നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: ‘ഈ സ്ഥാനവും പദവിയും നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനെ സത്യസന്ധമായി സ്നേഹിച്ചതുകൊണ്ടുമാണ് എനിക്ക് ലഭിച്ചത്. അതുകൊണ്ട് ആ റസൂലിനെ സ്നേഹിക്കാനും ആ മഹാത്മാവിനെ പിൻപറ്റാനുമാണ് മുഴുലോകത്തിനുമുള്ള സന്ദേശം. ഇതുമുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധവും ഉണ്ടാകുന്നതാണ്. യഥാർഥ മുവഹ്ഹിദും (ഏകദൈവ വിശ്വാസി) യും ആയിത്തീരുന്നതാണ്.’ അവിടുന്ന് പറയുന്നു:

‘മുഴുവൻ ആദം സന്തതികൾക്കും മുഹമ്മദ് മുസ്തഫാ(സ) അല്ലാതെ ഇപ്പോൾ ഒരു റസൂലോ ശിപാർശകനോ ഇല്ല.അതിനാൽ നിങ്ങൾ ഈ പ്രതാപശാലിയായ നബിയോടു ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിന് അദ്ദേഹത്തിനു പുറമെ മറ്റൊരാൾക്കും ഒരു തരത്തിലുള്ള മഹത്ത്വവും നിങ്ങൾ നല്കുരത്. മരിച്ചതിനുശേഷം വെളിപ്പെടുന്ന

ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്നെ പിന്തുണച്ചുകൊണ്ട് വലിയ വലിയ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ പ്രവചനത്തിന്റെ തീയതികളനുസരിച്ച് സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടാകാൻ കല്പന നല്കി. ഞാൻ നിന്നെ തിരിച്ചറിയുന്നു. നീ തന്നെയാണ് എന്റെ അല്ലാഹു. അതുകൊണ്ട് എന്റെ ആത്മാവ് നിന്റെ പേരു കേൾക്കുമ്പോൾ മുലകുടിക്കുന്ന കുഞ്ഞ് തന്റെ ഉമ്മയെ കാണുമ്പോൾ തുള്ളിച്ചാടുന്നതുപോലെ തുള്ളിച്ചാടുന്നു. പക്ഷേ, അധികമാളുകളും എന്നെ തിരിച്ചറിഞ്ഞില്ല. സ്വീകരിച്ചതുമില്ല.'

ഈ വാക്കുകളിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ മഹത്ത്വവും സ്ഥാപിക്കുന്നതിനുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആവേശം കാണുന്നതിനോടൊപ്പം മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ആ മഹാത്മാവിന്റെ അസ്വസ്ഥതകളുടെ ശക്തമായ പ്രകടനവും കാണാൻ കഴിയുന്നു. അതെന്തുകൊണ്ട് ഉണ്ടാകുകയില്ല. അവിടന്ന് തന്നെയാണല്ലോ അവസാന കാലത്ത് നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം ജനമനസ്സുകളിൽ സ്ഥാപിക്കുന്നയാളും, സ്വയം സ്ഥാപിക്കുന്നയാളാണെന്ന് മാത്രമല്ല അവിടന്ന് തന്നെയും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ മുങ്ങിയിരുന്നയാളുമാണ്. അല്ലഹുവിനോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും തീപ്പൊരി മറ്റുള്ളവരുടെ മനസ്സുകളിലും ഉണ്ടാകണമെന്ന തിളപ്പ് ആ മഹാത്മാവിന് എത്രത്തോളമായിരുന്നു. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:'സർവശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ

നായി മറ്റു നഗരങ്ങളിൽ കൊണ്ടുപോകുന്നു. കേസെടുക്കുകയും ജയിലിൽ അടക്കുകയും ചെയ്യുന്നു. പക്ഷേ, സ്ത്രീകളും, മസീഹ് മൗഊദിനെ തങ്ങൾ വിശ്വസിക്കുകയും വിശ്വസിച്ചതിനുശേഷം തങ്ങൾക്ക് യഥാർഥ തൗഹീദും നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും ആ മഹാത്മാവിനോടുള്ള യഥാർഥ സ്നേഹവും അറിയാൻ കഴിഞ്ഞെന്നും തങ്ങൾക്കെങ്ങനെയാണ് ഈമാനിൽനിന്ന് പിന്നോട്ടുപോകാൻ കഴിയുക എന്നുള്ള സന്ദേശമാണ് എനിക്ക് അയക്കുന്നത്. അല്ലാഹു ആ അഹ്മദികൾക്ക് എളുപ്പം പ്രദാനം ചെയ്യുമാറാകട്ടെ എന്ന് നമ്മൾ ദുആ ചെയ്യുന്നതിനോടൊപ്പം അല്ലാഹു ആ രാജ്യത്തിലെ മുസ്‌ലീംകൾക്ക് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തൗഹീദിന്റെ സംസ്ഥാപനത്തിനും ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനും വേണ്ടി വന്ന നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നതിനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും തൗഹീദിന്റെ സംസ്ഥാപനത്തിനുള്ള ആവേശത്തിന്റേയും ഒരു മിന്നലാട്ടം ആ മഹാത്മാവിന്റെ വാക്കുകളിൽനിന്ന് ലഭിക്കുന്നുണ്ട്. ആ മഹാത്മാവ് അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ടു പറയുന്നു:

'നോക്കൂ, പക്ഷി അതിന്റെ കൂട്ടിലേക്ക് വരുന്നതുപോലെ എന്റെ ആത്മാവ് അങ്ങേയറ്റം ഭരമേല്പിക്കലോടുകൂടി നിന്നിലേക്ക് പറന്നുവന്നുകൊണ്ടിരിക്കുന്നു. ഞാൻ നിന്റെ ശക്തിപ്രഭാവത്തിന്റെ ദൃഷ്ടാന്തം കാണാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്കുവേണ്ടിയല്ല. എന്റെ അന്തസ്സ് ആഗ്രഹിച്ചുകൊണ്ടുമല്ല. നിന്നെ ജനങ്ങൾ തിരിച്ചറിയുന്നതിനും നിന്റെ പരിശുദ്ധമായ വഴി സ്വീകരിക്കുന്നതിനും നീ അയച്ചയാളെ നിഷേധിച്ചുകൊണ്ട് സന്മാർഗത്തിൽനിന്ന് അകന്നുപോകാതിരിക്കാൻ വേണ്ടിയുമാണ്. നീയാണ് എന്നെ അയച്ചതെന്നതിന്

ഒന്നല്ല മോക്ഷമെന്ന് ഓർക്കുക. പ്രത്യുത യഥാർഥമോക്ഷം ഈ ലോകത്തുതന്നെ അതിന്റെ വെളിച്ചം കാണിക്കുന്നു. ആരാണ് മോക്ഷപ്രാപ്തൻ? ദൈവം സത്യമാണെന്നും മുഹമ്മദ് മുസ്തഫാ(സ) അവന്റേയും മുഴുവൻ സൃഷ്ടികളുടേയും ഇടയ്ക്കുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിൻകീഴിൽ അദ്ദേഹത്തിന് സമാനനായി മറ്റൊരു റസൂലുമില്ലെന്നും വിശുദ്ധ ഖുർആനു സമാനമായി മറ്റൊരു ഗ്രന്ഥവുമില്ലെന്നും ആരും എന്നെന്നും ജീവിച്ചിരിക്കാൻ അല്ലാഹു ആഗ്രഹിച്ചിട്ടില്ലെങ്കിലും ഈ തിരഞ്ഞെടുക്കപ്പെട്ട നബി എന്നെന്നും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായി വിശ്വസിക്കുന്നവൻതന്നെ.'

ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ നബി(സ)തിരുമേനിയുടെ സ്ഥാനവും ആ മഹാത്മാവിനോടുള്ള സ്നേഹവും. ഇതെപ്പോഴും ആ മഹാത്മാവ് പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഈ സ്നേഹവും സ്ഥാനവും എപ്പോഴും തങ്ങളുടെ മാർഗദർശകമായിരിക്കേണ്ടതാണെന്ന് തന്നെ വിശ്വസിച്ചവരോടും ആ മഹാത്മാവ് ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദും (അ)അദ്ദേഹത്തെ വിശ്വസിക്കുന്നവരും നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ നബി(സ)തിരുമേനിയുടെ ദർജ കുറയ്ക്കുന്നവരാണെന്ന് പറയുന്നവർ ളാലിമാണ്.

ഈയിടെയായി അൽജീരിയായിലും അഹ്മദികളുടെമേൽ ഈ ആക്ഷേപം ഉന്നയിക്കുന്നു. ആക്ഷേപം ഉന്നയിച്ച് ജയിലുകളിൽ അടയ്ക്കുന്നു. ഇപ്പോൾ സ്ത്രീകളുടെ മേലും അവർ കൈവെക്കാൻ തുടങ്ങിയിരിക്കുകയാണ്. അവർക്കെതിരിലും കേസെടുക്കാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകളെ, കുറച്ചുമാസം മാത്രം പ്രായമായ അവരുടെ കൈക്കുഞ്ഞുങ്ങളേയും കൂട്ടി മണിക്കൂറുകൾ യാത്ര ചെയ്യിച്ച് കേസി

കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരുവിൻ! ഇതു നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിത സ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്ന് ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ.'(റൂഹാനീ ഖസായിൻ വാല്യം 19 പേജ് 21-22, കശ്തിയെ നൂഹ്).

ഈ വാക്കുകളുടെ അടിത്തട്ടിൽ എത്രമാത്രം വേദനയാണുള്ളത്. എന്നല്ല ഓരോവാക്കിലും വേദനയുടെ പല വശങ്ങൾ മറഞ്ഞിരിക്കുന്നുവെന്ന് പറയണ്ടതാണ്. ഓരോ വാക്കിലും പല തലങ്ങളുണ്ട്. ഓരോ തലത്തിലും വേദനയുണ്ട്. അവയുടെ ആഴത്തിൽ ഓരോരുത്തർക്കും തങ്ങളുടെ ബുദ്ധിയും ഗ്രാഹ്യവും അനുസരിച്ച് പോകാൻ കഴിയും. പിന്നീട് അല്ലാഹുവിനോടുള്ള ആരാധനയും അല്ലാഹുവിനോടുള്ള സ്നേഹവും ഉപദേശിച്ചുകൊണ്ട് പറയുന്നു:'നിങ്ങൾ അല്ലാഹുവിന്റേതായിത്തീരുമെങ്കിൽ തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക അല്ലാഹു നിങ്ങളുടേതുതന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അല്ലാഹു നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കും. നിങ്ങൾ ശത്രുക്കളെ സംബന്ധിച്ച് അശ്രദ്ധരാകുമ്പോൾ അല്ലാഹു അവരെ നോക്കുന്നതാണ്. അവരുടെ ഗൂഢപദ്ധതികൾ തകർക്കുന്നതാണ്. നിങ്ങളുടെ അല്ലാഹുവിൽ എന്തെന്തെല്ലാം ശക്തിപ്രഭാവങ്ങളാണുള്ളതെന്ന് നിങ്ങൾക്കു ഇപ്പോഴും അറിയുകയില്ല. നിങ്ങളറിയുമായിരുന്നെങ്കിൽ ലോകത്തിനുവേണ്ടി കഠിനമായി വിലപിക്കുന്ന ദിവസങ്ങളൊന്നും നിങ്ങൾക്കു വരുമായിരുന്നില്ല.' അതിനാൽ ഇതാണ് അല്ലാഹുമായുള്ള ബന്ധം. ഇതാണ് നമ്മൾ കരസ്ഥമാക്കേണ്ടതും നിലനിറുത്തേണ്ടതും. ഈ നിലവാരം കരസ്ഥമാക്കണമെന്നാണ് ഹദ്റത്ത് മസീഹ്മൗഊദ് (അ)തന്നെ വിശ്വസിക്കുന്നവരിൽനിന്ന് ആഗ്രഹിക്കുന്നത്. പറഞ്ഞു, 'നിങ്ങൾക്ക് കണ്ണുണ്ടെങ്കിൽ ദൈവം മാത്രമാണുള്ളതെന്നും മറ്റുള്ളതെല്ലാം പാഴ്വസ്തുക്കളാണെന്നും കാണാൻ കഴിയുന്നതാണ്.' ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ തൗഹീദിന്റെ സംസ്ഥാപനത്തിന്റേയും ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റേയും ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)തിരുമേനിയുടെ അനുധാവനത്തിലും ആ മഹാത്മാവിനോടുള്ള അനുരക്തിയും സ്നേഹവും കൊണ്ടുമാണ് ലഭിച്ചത്. ഈ അനുരക്തിയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ നമുക്ക് ആ മഹാത്മാവിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്. അതിനെ സംബന്ധിച്ച് ധാരാളം സംഭവങ്ങളുണ്ട്. ഒരു സ്ഥലത്ത് ഇസ്ലാമിന്റെ ശത്രുക്കൾ നബി(സ) തിരുമേനിയെ പരിഹസിക്കുന്ന സംസാരങ്ങൾ കേട്ട് തന്റെ ഹൃദയാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് അവിടന്ന് പറഞ്ഞു:'നമ്മുടെ നബി (സ)തിരുമേനിയെ സംബന്ധിച്ചുള്ള അവരുടെ പരിഹാസവാക്കുകൾ എന്റെ മനസ്സിനെ ഇത്രമാത്രം വിഷമിപ്പിച്ചതുപോലെ ഒരു കാര്യവും ഇതുവരെ എന്നെ വിഷമിപ്പിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ പരിശുദ്ധമായ പ്രൗഢിക്കെതിരിൽ അവർ പറഞ്ഞുകൊണ്ടിരിക്കുന്ന മനസ്സിനെ വ്രണപ്പെടുത്തുന്ന അവരുടെ കുത്തുവാക്കുകളും നിന്ദാവചനങ്ങളും എന്റെ ഹൃദയത്തിന് ആഴത്തിലുള്ള മുറിവേല്പിച്ചിരിക്കുന്നു. അല്ലാഹുവാണ! എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും പിന്തുണക്കാരും എന്റെ കൺമുമ്പിൽ അറുകൊല ചെയ്യപ്പെട്ടാലും എന്റെ തന്നെ കൈയും കാലും വെട്ടിമുറിച്ചാലും എന്റെ കണ്ണിന്റെ കൃഷ്ണമണി ചൂഴ്ന്നെടുത്തെറിഞ്ഞാലും എന്റെ എല്ലാ ഉദ്ദേശ്യങ്ങളിൽനിന്നും ഞാൻ തടയപ്പെട്ടാലും എന്റെ എല്ലാ സന്തോഷങ്ങളും എല്ലാ ആനന്ദങ്ങളും കളഞ്ഞുകുളിച്ചാലും ഇക്കാര്യങ്ങൾക്കെല്ലാം എതിരിൽ നബി(സ) തിരുമേനിയുടെമേൽ അവിശുദ്ധ ആക്രമണം നടത്തുന്നതായിരിക്കും എനിക്കുള്ള ഭാരിച്ച ദുഃഖം.'

ഇത്തരത്തിലുള്ള വികാരങ്ങൾ പ്രകടിപ്പിക്കുന്നവരായി ആരെങ്കിലുമുണ്ടോ? അനുരക്തിയുടേയും സ്നേഹത്തിന്റേയും വാദം പുറപ്പെടുവിക്കുന്നവർ ധാരാളമുണ്ട്. രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്ത്മെ നുബുവ്വത്തിന്റേയും പേരിൽ ഫിത്നയും ഫസാദും കൊല്ലും കൊളളയും നടത്തുന്നവരും ഒരുപാടുണ്ട്. അവർ നബി (സ)തിരുമേനിയുടെ പദവി ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും ഇസ്ലാമിനേയും വിശുദ്ധ ഖുർആനേയും ലോകത്ത് പ്രചരിപ്പിക്കുന്നതിനും എന്ത് ശ്രമമാണ് ചെയ്തിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ വെറും നാവുകൊണ്ടുള്ള വാദമല്ല. പ്രത്യുത ആ മഹാത്മാവുമായി ബന്ധമുള്ളവരും അന്യരും നബി(സ)തിരുമേനിയോടുള്ള ആ മഹാത്മാവിന്റെ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം അവിടത്തെ മനസ്സിന്റെ ശബ്ദമായിരുന്നുവെന്നും അവിടത്തെ എല്ലാ കർമങ്ങളിൽനിന്നും അതു സ്ഥാപിതമാകുന്നുണ്ടെന്നും സാക്ഷ്യം പറയുന്നു. ഇതെല്ലാം അദ്ദേഹം ചെയ്തത് ഇസ്ലാം അല്ലാഹുവിന്റെ അവസാന ദീനും സമ്പൂർണവും തികവുറ്റതുമാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു.നബി(സ)തിരുമേനിയോടുള്ള അനുരക്തി കാരണ

ത്താൽ അവിടത്തെ പദവി അംഗീകരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. നബി(സ)തിരുമേനിയുടെ സ്ഥാനം തന്നെയാണ് യഥാർഥ സ്ഥാനം എന്ന് ലോകത്തോടു പറയുന്നതിനുവേണ്ടിയായിരുന്നു. മുഴുലോകത്തിനുമേലും മതലോകത്തെ മതങ്ങളുടെമേലും മുഹമ്മദിന്റെ മതംപോലെ ഒരു മതവുമില്ലെന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയായിരുന്നു. ആക്ഷേപം ഉന്നയിക്കുന്നവർ ആ മഹാത്മാവിന് നബി(സ) തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം വായിക്കുക. അതിൽ ചിന്തിക്കുക. ഇല്ലെങ്കിൽ കേവലം ആക്ഷേപം അജ്ഞതയുടെ അടയാളമാണ്. അവിടന്ന് ഒരു കൂറുപുലർത്തുന്ന ശിഷ്യനേയും നന്മയുള്ള സേവകനേയുംപോലെ തനിക്കു കിട്ടിയതെല്ലാം തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹ്(സ) മുഖേനയും ആ മഹാത്മാവിനെ പിൻപറ്റിയതിലൂടേയുമാണെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു. ഇതു പ്രകടിപ്പിച്ചുകൊണ്ട് അവിടന്ന് ഒരിടത്തു പറയുന്നു: ഞാൻ നബി (സ)തിരുമേനിയുടെ ഉമ്മത്തി ആയിരുന്നില്ലെങ്കിൽ, ആ മഹാത്മാവിനെ പിൻപറ്റിയില്ലായിരുന്നെങ്കിൽ ലോകത്തിലെ മുഴുവൻ പർവതങ്ങൾക്കുതുല്യം എന്റെ കർമങ്ങളുണ്ടായാലും ഒരിക്കലും ഞാൻ ഭാഷണത്തിന്റേയും സംബോധനയുടേയും ആ മാഹാത്മ്യം പ്രാപിക്കുമായിരുന്നില്ല.

ഇക്കാര്യങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മേൽ ആക്ഷേപം ഉന്നയിക്കുന്നവർ അക്രമിയും അജ്ഞനും കുഴപ്പമുണ്ടാക്കുന്നവനുമാണെന്നല്ലാതെ ഒന്നും പറയാൻ സാധ്യമല്ല. ഈ വലിയ വലിയ ഉലമാ ആയി ചുറ്റിക്കറങ്ങിനടക്കുന്നവരുടെ പ്രശ്നം ഇപ്പോൾ അല്ലാഹുവിന്റെ പക്കലാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിയോഗോദ്ദേശ്യം തൗഹീദിന്റെ സംസ്ഥാപനവും നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും വ്യക്തമാക്കി ലോകത്തെ ആ മഹാത്മാവിന്റെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നതാണ്. അതിനോടൊപ്പം സൃഷ്ടികളോടുള്ള കടമനിർവഹിക്കുകയും സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള വാത്സല്യത്തിന്റെ ഗ്രാഹ്യം നല്കുകയും അവരെക്കൊണ്ട് അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയുമാണ്. അവിടന്ന് ബയ്അത്തിന്റെ നിബന്ധനകളിലും ഈ നിബന്ധന വെക്കുകയുണ്ടായി. എന്നല്ല രണ്ടു നിബന്ധനകൾ നേരിട്ട് ഇതുമായി ബന്ധപ്പെട്ടതാണ്. നാലാമത്തെ നിബന്ധനയിൽ അവിടന്ന് പറഞ്ഞു, 'ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ട് ആർക്കും തന്നെ-ലോകത്തിനു പൊതുവേയും മുസ്‌ലിം സമുദായത്തിന് പ്രത്യേകിച്ചും -നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല. ഒമ്പതാമത്തെ നിബന്ധന ഇതാണ്:'പൊതുവെ മനുഷ്യ സമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനംവരെ മനുഷ്യകുലത്തിന് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു. അങ്ങനെ ഇതനുസരിച്ച് ഇസ്‌ലാമികാധ്യാപനങ്ങൾ സ്മരിച്ചുകൊണ്ടു അവിടന്ന് പറയുന്നു: 'ദീനിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. ഒന്ന് മനുഷ്യകുലത്തിനെ എത്ര മാത്രം സ്നേഹിക്കണമെന്നാൽ അവരുടെ മുസ്വീബത്തിനെ സ്വന്തം മുസ്വീബത്തായി മനസ്സിലാക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്യുക.'

ഒരു സ്ഥലത്ത് അവിടന്ന് പറയുന്നു, 'ലോകത്ത് ആരുംതന്നെ എന്റെ ശത്രുവല്ലായെന്നും സകല മുസ്‌ലീംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. അതായത് ഞാൻ അവരെ ശത്രുവായി മനസ്സിലാക്കുന്നില്ല. ആരേയും; എതിർപ്പു കാണിക്കുന്നവരേയും! ഒരു മാതാവ് തന്റെ മക്കളോടു എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു. കളവും പൊയ്ദൈവപൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതി

ലോകത്ത് ആരുംതന്നെ എന്റെ ശത്രുവല്ലായെന്നും സകല മുസ്‌ലീംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. അതായത് ഞാൻ അവരെ ശത്രുവായി മനസ്സിലാക്കുന്നില്ല. ആരേയും; എതിർപ്പു കാണിക്കുന്നവരേയും! ഒരു മാതാവ് തന്റെ മക്കളോടു എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു. കളവും പൊയ്ദൈവപൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതിയും ദുസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു.'(റൂഹാനീ ഖസായിൻ വാല്യം 17 പേജ് 344, അർബയീൻ നമ്പർ 1 പേജ് 2)

യും ദുസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു.'(റൂഹാനീ ഖസായിൻ വാള്യം 17 പേജ് 344, അർബയീൻ നമ്പർ 1 പേജ് 2)

ഇക്കാര്യങ്ങൾ വെറും എഴുതുന്നതിനുവേണ്ടി അവിടന്ന് എഴുതിയതല്ല. അല്ലെങ്കിൽ മനുഷ്യകുലത്തോടു തനിക്ക് സ്നേഹമുണ്ടെന്നും ഏറ്റവും കൂടുതൽ സ്നേഹമുണ്ടെന്നും പറഞ്ഞത് വെറും വാദവുമല്ല. അതിന്റെ കർമപരമായ പ്രകടനവും ആ മഹാത്മാവിന്റെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നു. അല്ലാഹുവിന്റെ സൃഷ്ടികൾ അക്കാലത്തുണ്ടായ പ്ലേഗ് എന്ന പകർച്ച വ്യാധിയിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അവിടന്ന് ദുആ ചെയ്യുകയായിരുന്നു. അല്ലാഹുവേ! ഈയാളുകൾ പ്ലേഗിന്റെ നാശത്തിൽ നശിക്കുകയാണെങ്കിൽ പിന്നെ നിന്നെ ആരാധിക്കാൻ ആരാണുണ്ടാകുക. വാസ്തവത്തിൽ പ്ലേഗ് അവിടത്തെ സത്യത്തിനുള്ള അടയാളമായിട്ടാണ് വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം എത്രമാത്രം വേദനാനിർഭരവും സങ്കടം നിറഞ്ഞതുമായിരുന്നുവെന്നാൽ കേൾക്കുന്നവർക്ക് അത് ഉത്ക്കണ്ഠ ഉണ്ടാക്കുന്നതായിരുന്നു.

അതിനാൽ ചിന്തിച്ചുനോക്കുക. ഒരു പ്രവചനമനുസരിച്ച് എതിരാളികളുടെമേൽ ഈ നാശം വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അവിടന്ന് അത് അകന്നു പോകാൻ പ്രാർഥിക്കുന്നു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് കഠിനമായി എതിർത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു.നഊദുബില്ലാഹ് ദജ്ജാലെന്നും വഴിപിഴച്ചവനെന്നും പറഞ്ഞു. രാജ്യം മുഴുവൻ ആ മഹാത്മാവിനെതിരിൽ വിദ്വേഷത്തിന്റേയും ശത്രുതയുടേയും അഗ്നി ജ്വലിപ്പിച്ചു. പക്ഷേ, കേസ്സിൽ ആ മഹാത്മാവിന്റെ വക്കീൽ മൗലവി മുഹമ്മദു ഹുസയ്ന്റെ കുടുംബത്തെ കുറിച്ച് ചില അധിക്ഷേപകരമായ ചോദ്യങ്ങൾ ചോദിക്കാൻ മുതിർന്നപ്പോൾ അതിനെ ശക്തമായി തടഞ്ഞു. അവിടത്തെ വക്കീൽ മൗലവി ഫള്ലുദ്ദീൻ സാഹിബ് അനഹ്മദിയായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു,'മിർസാ സാഹിബ് ഒരു അത്ഭുത മനുഷ്യനാണ്. അത്ഭുതകരമായ സൽസ്വഭാവങ്ങളുടെ ഉടമയാണ്. ഒരു വ്യക്തി അദ്ദേഹത്തിന്റെ അഭിമാനത്തിനുമേൽ എന്നല്ല ജീവനുമേൽ ആക്രമണം നടത്തുന്നു. അതിനുള്ള മറുപടിയായി അയാളുടെ സാക്ഷ്യം ബലഹീനമാക്കുന്നതിനുവേണ്ടി ചില ചോദ്യങ്ങൾ അയാളോടു ചോദിക്കുമ്പോൾ താൻ അതിന് സമ്മതിക്കുകയില്ല എന്നു പറഞ്ഞ് അത് തടയുന്നു.'

എന്തായാലും ഇതൊരു ഉദാഹരണമാണ്. ആ മഹാത്മാവിന്റെ മിഷനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ധാരാളം മുസ്ലിം ഉലമാ ശ്രമിച്ചു. അസംഖ്യം ഉലമാ അദ്ദേഹത്തെ എതിർത്തു. അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ നല്കി. ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായിട്ടാണ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ, മുസ്ലിം രാജ്യങ്ങളിൽ ഞങ്ങൾക്കെതിരെ എതിർപ്പു നടന്നുകൊണ്ടിരിക്കുന്നത്. ഇന്നും നമ്മൾ ആ എതിർപ്പിനുള്ള മറുപടിയിൽ അവർക്കെതിരിൽ ധാർമികമായ നിലവാരങ്ങളെ കൈവിട്ടു കളയുകയോ നിയമങ്ങളെ നമ്മുടെ കൈയിൽ എടുക്കുകയോ ചെയ്തിട്ടില്ല എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സ്വാധീനമാണ്. അഹോ കഷ്ടം! ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവും മസീഹും മഹ്ദിയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനി തന്നെയാണെന്ന് ഇവർക്ക് മനസ്സിലായിരുന്നെങ്കിൽ! ഇസ്ലാമിന്റെ പ്രചാരണവും തൗഹീദിന്റെ സംസ്ഥാപനവും ഹൃദയങ്ങളിൽ സ്ഥാപിതമാകേണ്ട- ഭൂമിയിലല്ല-നബി(സ)തിരുമേനിയുടെ ഭരണവും മസീഹ് മൗഊദ് മുഖേന തന്നെയാണ് സ്ഥാപിതമാകേണ്ടത്. അവിടത്തെ ജമാഅത്തു മുഖേനതന്നെയാണ് സ്ഥാപിതമാകേണ്ടത്. അല്ലാതെ ഏതെങ്കിലും വാളു കൊണ്ടോ തോക്ക് കൊണ്ടോ ഊക്കുകൊണ്ടോ അല്ലെങ്കിൽ ഭീകരത പരത്തുന്നതുകൊണ്ടോ ഇസ്ലാമിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്നത് കൊണ്ടോ അല്ല.

ഇത്തരം സാഹചര്യത്തിൽ അഹ്മദികളായ നമ്മുടെ ജോലിയാണ്, ഞാൻ മുമ്പേയും പറഞ്ഞുകൊണ്ടിരുന്നതുപോലെ, എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ ഇസ്ലാമിന്റെ സൗന്ദര്യം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക എന്നത്. അഹ്മദിയ്യത്തിന്റെ എതിർപ്പിനെ സംബന്ധിച്ചിടത്തോളം അതിന് അഹ്മദിയ്യത്തിനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചത് അദ്ദേഹത്തെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇസ്ലാം ഇപ്പോൾ അവിടന്ന് മുഖേനതന്നെ വ്യാപിക്കേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:'ഞാൻ ഒരു വിത്തു പാകുന്നതിനായി വന്നിരിക്കുന്നു. എന്റെ കൈയാൽ ആ വിത്ത് വിതയ്ക്കപ്പെട്ടു. ഇനി അത് വളരും പുഷ്പിക്കും. അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല.'

അല്ലാഹുവിന്റെ മസീഹിനാൽ വിതയ്ക്കപ്പെട്ട ആ വിത്ത് അവന്റെതന്നെ കൃപയാൽ പുഷ്പിക്കുകയും കായ്ക്കുകയും വളരുകയും ചെയ്തുകൊണ്ടു പോകുന്നു. നമ്മൾ അതിന്റെ പച്ചപ്പുള്ള ശാഖകളാകണമെങ്കിൽ, എഴുത്തുകളിലൂടേയും കർമങ്ങളിലൂടേയും അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയും നമ്മുടെ കർമങ്ങളും മനുഷ്യകുലത്തോടുള്ള സഹതാപവും സ്നേഹവും നമ്മുടെ എല്ലാ കർമങ്ങളിലും കാണാൻ കഴിയുമാറാക്കിത്തീർക്കേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമ്മുടെ ജോലിയാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

# സൊറോസ്ട്ര മതം

സൊറാസ്റ്റർ എന്ന പേർഷ്യൻ പ്രവാചകൻ സ്ഥാപിച്ച ഏക ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു മതമാണ് സൊറോസ്റ്റർ മതം. പ്രവാചകനായ ബുദ്ധന്റെ തത്ത്വങ്ങൾ നടപ്പിലാക്കിയ മഹാനായ അശോക ചക്രവർത്തിയെ പോലെ സൊറോസ്റ്റർ മതത്തിന്റെ തത്ത്വങ്ങൾ നടപ്പിലാക്കിയ മഹാനായ പേർഷ്യൻ ചക്രവർത്തിയായിരുന്നു സൈറസ് അഥവാ ദുൽഖർനൈൻ. (ബി.സി. 600–530) സൊറാസ്റ്റർ മതത്തിൽ പിൽക്കാലത്ത് കടന്നു കൂടിയ ഒരു കൃത്രിമ വിശ്വാസമാണ് നന്മക്കും തിന്മക്കും രണ്ട് ദൈവങ്ങളുണ്ട് എന്ന സങ്കൽപ്പം. ദൈവങ്ങളുടെ ഈ ദ്വന്ദാത്മകതയാണ് സൊറാസ്ട്ര മതത്തിൽ ഏകദൈവ സങ്കൽപ്പത്തിന് വിരുദ്ധമായി നിൽക്കുന്നത്. ഏകദൈവ വാദത്തിന്റെ ശക്തമായ ഒരു ധാര സൊറോസ്റ്റർ മതത്തിലുണ്ടായിരുന്നു. പേർഷ്യയിൽ ഇസ്ലാമിന്റെ ആവിർഭാവത്തിന് ശേഷം അവർ ഇസ്ലാം മതത്തിൽ ലയിക്കുകയാണുണ്ടായത്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

പേർഷ്യൻ ചരിത്ര ത്തിൽ ഏറ്റവും നിർണായകമായ സംഭാവനകൾ നൽകിയത് സൊറോസ്റ്റർ മതമാണ്. ഈ തത്ത്വചിന്ത പ്രകാരം സത്യവും നന്മയും മാത്രമല്ല ശാശ്വതം. കളവും തിന്മയും കൂടി സത്യത്തോടും നന്മയോടുമൊപ്പം അനന്തത പങ്കുവെക്കുന്നു. രണ്ടെണ്ണത്തിനും വേറെ വേറെ ദൈവങ്ങളുണ്ട്. അവ രണ്ടിനും സ്വതന്ത്രമായ പരിപാലന സംവിധാനങ്ങളുണ്ട്. നന്മക്ക് ഒരു ദൈവമുണ്ട്. അഹുറ മസ്ദ (Ahura Mazda). പ്രകാശത്തിന്റെ ദൈവമായി അത് അറിയപ്പെടുന്നു. അതുപോലെ തിൻമക്കും ഒരു ദൈവമുണ്ട്. അഹ്റമാൻ (Ahraman) എന്നാണ് പേര്. ഇരുട്ടിന്റെ ദൈവമായും അത് അറിയപ്പെടുന്നു. രണ്ട് ദൈവങ്ങൾക്കും പ്രവർത്തിക്കാൻ അവരുടെതായ പങ്കുണ്ട്. പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും, സംഘട്ടനത്തിലും അത്പോലെ അന്യോന്യ പ്രതിപ്രവർത്തനത്തിലും ഏർപ്പെട്ട ഈ രണ്ടു ദൈവങ്ങളുടെയും പ്രവർത്തനഫലമാണ്. ഈ രണ്ടു ദൈവങ്ങളും മേധാവിത്വത്തിന് വേണ്ടിയുള്ള അനന്തമായ അതിജീവന സമരത്തിലാണ്.

നന്മയുടെ ദൈവത്തിന്റെ ശക്തി തിന്മയുടെ ദൈവത്തിന്റെ ശക്തിക്ക് മീതെ മേൽകൈ നേടാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കും. ചാഞ്ചാട്ടപലക (Seasaw) പോലെ ഈ രണ്ടു ദൈവങ്ങളുടേയും സംഘട്ടന ഫലങ്ങൾ പരസ്പരം മാറിക്കൊണ്ടിരിക്കും. ചിലപ്പോൾ അത് നന്മയുടെ ദൈവത്തിനനുകൂലമാണെങ്കിൽ മറ്റു ചിലപ്പോൾ തിന്മയുടെ ദൈവത്തിനനുകൂലമായിരിക്കും. തിന്മയും കഷ്ടാനുഭവങ്ങളും അതുപോലെ നന്മയും സന്തോഷവും ഒരുമിച്ച് സഹവർത്തിക്കേണ്ടതിനെ സംബന്ധിച്ചുള്ള ലളിതമായ ഒരു ദാർശനിക വിശദീകരണമാണ് തത്ത്വശാസ്ത്രം നൽകുന്നത്. നന്മയുടെയും തിന്മയുടെയും ഉറവിടം രണ്ട് വ്യത്യസ്ത കേന്ദ്രങ്ങളിൽ നിന്നാണെന്ന് ഈ തത്ത്വശാസ്ത്രം ലളിതമായി വിശദീകരിക്കുന്നു. വേദന, വ്യസനം മനഃക്ലേശം അജ്ഞാനം, കഷ്ടാനുഭവങ്ങൾ മുതലായ ലോകത്തിലെ ദുഃഖങ്ങളെല്ലാം തിന്മയുടെ ദൈവത്തിന് മേൽകൈ ലഭിക്കുന്നതോടെ സംഭവിക്കുന്ന അനന്തര ഫലമാണ്.

മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തി പ്രയോഗിക്കാൻ നന്മയുടെയും തിന്മയുടെയും ശക്തികളെ എപ്രകാരമാണ് സഹവർത്തിപ്പിച്ചു നിറുത്തിയിരിക്കുന്നതെന്ന് വാസ്തവത്തിൽ സൊറോസ്ട്രർ(അ) (ക്രി. മു. ആറാം നൂറ്റാണ്ട്) പഠിപ്പിക്കുകയായിരുന്നു. അന്തിമമായി മനുഷ്യൻ അവന്റെ നന്മയുടെയും തിൻമയുടെയും ഉദ്ദേശ്യം കൊണ്ടും പ്രവൃത്തിയും കൊണ്ടുമാണ് വിധികൽപിക്കപ്പെടുക. പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിന്റെ ദൈവത്താലാണെന്നും ആ നന്മയുടെ ശക്തികൾ അവസാനം അതിജീവിക്കുമെന്നും സൊറോസ്ട്രർ (അ) പഠിപ്പിക്കുകയുണ്ടായി.

സൊറോസ്ട്രിയൻ മതത്തെ പറ്റിയുള്ള ആഴമുള്ള പഠനങ്ങളിൽ നിന്ന് നമുക്ക് ന്യായമായും മനസ്സിലാക്കാൻ സാധിക്കുന്നത്, നാം

ഇതിന് മുമ്പേ പ്രതിപാദിച്ച സ്വതന്ത്ര മായ ഇരുട്ടിന്റെ ദൈവങ്ങൾ ജൂത, ക്രൈസ്തവ, ഇസ്ലാം എന്നീ പാരമ്പര്യ മതങ്ങളിൽ കാണപ്പെടുന്ന പിശാചിന്റെ തൽസമരൂപങ്ങൾ മാത്രമാണ്. പിൽക്കാലത്ത് സൊറോസ്ട്രറുടെ(അ)അനുയായികൾ അദ്ദേഹത്തിന്റെ നന്മ തിന്മകളുടെ ദർശനം തെറ്റായി ധരിക്കുകയായിരുന്നു. അവ രണ്ടും ബോധാത്മകവും അനന്തവുമായി സഹവർത്തിച്ചു നിൽക്കുന്ന രണ്ട് പരമോന്നത അസ്തിത്വങ്ങളുടെ പ്രകടനമാണെന്നാണ് അവർ ധരിച്ചത്. ഇതാണ് സൊറോസ്ട്രിയൻ മതത്തിന്റെ ദ്വന്ദാത്മകതയുടെ സാരം. സൊറോസ്ട്രിയൻ ദർശനം ശ്രദ്ധാപൂർവം പഠിക്കുന്ന ഒരാളുടെ രണ്ടാം വായനയിൽ അത് രണ്ട് സംജ്ഞകളെ കുറിച്ചുള്ള വ്യത്യസ്തമായ പദപ്രയോഗങ്ങൾ സൃഷ്ടിക്കുന്ന ഒരു മിഥ്യാ സങ്കൽപം മാത്രമാണ് ഈ ദ്വന്ദാത്മകത എന്ന് മനസ്സിലാക്കാം.

സാത്താന് (പിശാച്) മറ്റു മതങ്ങളിലുള്ള സ്ഥാനമാണ് അഹ്റമാന് (Ahraman) സൊറോസ്ട്രിയൻ മതത്തിലുള്ളത്. പിൽക്കാലത്ത് സൊറോസ്ട്രിയൻ മതാനുയായികൾ സാത്താൻ എന്ന സങ്കൽപത്തെ തിൻമയുടെ സ്വതന്ത്രമായ ദൈവം എന്ന ആശയവുമായി കൂട്ടിക്കലർത്തി ഇരുട്ടിന്റെ ശക്തിയുടെ പരമോന്നത അധിപനായി വിശ്വസിക്കാൻ തുടങ്ങി. ഈയൊരബദ്ധ വിശ്വാസം മറ്റു അബദ്ധങ്ങളിലേക്കും അവരെ ആനയിച്ചു. അഹ്റമാൻ എന്ന തിൻമയുടെ ദൈവം പരമോന്നതനും സ്രഷ്ടാവുമായ ഏക ദൈവത്തിന്റെ അനന്തതയുമായി പങ്കുവെക്കുന്നവനായി ചിത്രീകരിക്കപ്പെട്ടു.

ഇത്തരത്തിലുള്ള തെറ്റായ വിശ്വാസങ്ങൾ എപ്പോഴാണ് സൊറോസ്ട്രിയൻ മതത്തിലേക്ക് നുഴഞ്ഞു കയറിയതെന്ന് കണ്ടെത്താൻ പ്രയാസമാണ്. പക്ഷേ, ഒരു കാര്യം സുനിശ്ചിതമാണ്. സൊറോസ്ട്ര(അ)ന്റെ മാതൃകാ ശിഷ്യനായ സൈറസ്(ക്രി.മു 529-590) ഈ ദ്വൈത വാദത്തിൽ നിന്ന് ബഹുദൂരം അകലെയായിരുന്നു. സൊറോസ്ട്രിയൻ മതത്തിൽഅദ്ദേഹത്തിന്റെ അത്യുന്നത സ്ഥാനം അശോകന് ബുദ്ധമതത്തിലുള്ളതിനേക്കാൾ ഉത്തുംഗമാണ്.

ബുദ്ധമതത്തെ അശോകനിലൂടെ വിലയിരുത്തുക എന്നതിനേക്കാൾ ഒട്ടും കുറഞ്ഞതല്ല സൊറോസ്ട്രിയൻ മതത്തെ സൈറസിലൂടെ വിലയിരുത്തുക എന്നത്. സൈറസിന്റെ ഏകദൈവ വാദം ബൈബിൾ പഴയ നിയമം(യെശയ്യാ 45:1-5) അദ്ദേഹത്തോട് കാണിച്ച ആദരവിൽ നിന്ന് തെളിയിക്കാവുന്നതാണ്. സൈറസ് ഒരു ദ്വന്ദാത്മക വാദിയായിരുന്നെങ്കിൽ ഒരിക്കലും തന്നെ ഇസ്രായേൽ ദൈവം അദ്ദേഹത്തെ ഇപ്രകാരം വാഴ്ത്തുകയില്ലായിരുന്നു. യെശയ്യ പ്രവാചകൻ ഇപ്രകാരം അരുളി:

> "കർത്താവ് തന്റെ അഭിഷിക്തനായ സൈറസിനോട് അരുൾ ചെയ്യുന്നു. അയാളുടെ മുമ്പാകെ ജനതകളെ കീഴ്പ്പെടുത്താനും രാജാക്കൻമാരുടെ അരപ്പട്ട അഴിപ്പിക്കാനും അയാളുടെ മുമ്പാകെ കവാടങ്ങൾ അടക്കപ്പെടാതെ കതകുകൾ തുറന്നിടാനും ഞാൻ അയാളുടെ വലത് കൈയിൽ പിടിച്ചിരിക്കുന്നു. മലഞ്ചെരിവുകൾ നിരപ്പാക്കിക്കൊണ്ട് ഞാൻ നിന്റെ മുമ്പെ പോകും; ഓടുകൊണ്ടുള്ള വാതിലുകൾ ഞാൻ തകർക്കും; ഇരുമ്പു സാക്ഷകൾ ഞാൻ വെട്ടിമുറിക്കും. നിന്നെ പേരുചൊല്ലി വിളിക്കുന്നവനും ഇസ്രായീല്യന്റെ ദൈവവുമായ കർത്താവാണ് ഞാൻ എന്ന് നീ അറിയേണ്ടതിന് മറഞ്ഞിരിക്കുന്ന നിക്ഷേപങ്ങളും നിഗൂഢസ്ഥലങ്ങളിലെ നിധി ശേഖരങ്ങളും ഞാൻ നിനക്ക് നൽകും. എന്റെ ദാസനായ യാക്കോബിനു വേണ്ടി ഞാൻ തിരഞ്ഞെടുത്ത ഇസ്രായേലിന്നു വേണ്ടി, ഞാൻ നിന്നെ പേരു ചൊല്ലി വിളിക്കുന്നു. നിനക്ക് എന്നെ അറിഞ്ഞു കൂടെങ്കിലും ഞാൻ നിനക്ക് ഒരു ബിരുദനാമം നൽകുന്നു. ഞാനാണ് കർത്താവ് ; ഞാനല്ലാതെ മറ്റൊരു കർത്താവില്ല."

മഹാനായ സൈറസിനെ പറ്റി സൈറസ് ഇതിഹാസത്തിൽ വളരെ സഹിഷ്ണുവും മാതൃകാ പുരുഷനുമായ ഒരു രാജാവായിട്ടാണ് സ്മരിക്കപ്പെടുന്നത്. പുരാതന പേർഷ്യക്കാർ അദ്ദേഹത്തെ ജനങ്ങളുടെ പിതാവ് എന്നാണ് വിളിച്ചത്. ബാബിലോണിയൻ അടിമത്ത്വത്തിൽ നിന്ന് യഹൂദരെ മോചിപ്പിച്ചയാൾ എന്ന നിലക്ക് സൈറസിന് അസാധാരണമായ ബഹുമാനമാണ് ബൈബിൾ നൽകിയിരിക്കുന്നത്.

ചുരുക്കത്തിൽ അസാമാന്യമായ ഗുണങ്ങൾക്കുടയവനായ ഒരു മഹാനായിട്ടാണ് ചരിത്രത്തിലുടനീളം സൈറസ് അറിയപ്പെടുന്നത്. ഐതിഹാസിക പരിവേഷമുള്ള മറ്റു പടനായകൻമാർ അപൂർവമായി മാത്രം സ്ഥാപിക്കുന്നത് പോലെയുള്ള വിശാലമായ ഒരു സാമ്രാജ്യമാണ് സൈറസ് കെട്ടിപ്പടുത്തത്. സാമ്രാട്ടുകൾക്കിടയിൽ ചരിത്രകാരൻമാരുടെ എല്ലാവിധ കുറ്റപ്പെടുത്തലുകൾക്കും അതീതനായ ചരിത്രത്തിലെ മഹാനാണ് സൈറസ്. ഒരു മനുഷ്യൻ എന്ന നിലയിലോ ഒരു സമ്രാട്ട് എന്ന നിലയിലോ ഒരു കളങ്കവും ആർക്കും കാണാൻ കഴിയാത്ത ഒരു ചരിത്ര പുരുഷനായിരുന്നു സൈറസ്. ഒരു ഭരണാധികാരിയിൽ നിന്ന് ഒരാൾക്ക് പ്രതീക്ഷിക്കാവുന്ന മഹദ് ഗുണങ്ങളുടെ സംക്ഷേപമായിരുന്നു അദ്ദേഹം. യുദ്ധത്തിൽ അദ്ദേഹം അതിസാഹസികനും നിർഭയനുമായ വിജീഗിഷുവായിരുന്നു. അചഞ്ചല

താർക്കികമായി അസാധ്യമാണെന്നും അവ മനുഷ്യന്റെ ഭാഗത്തു നിന്നുള്ള തെറ്റുകളാണെന്നുമുള്ള നിലക്ക് അദ്ദേഹം അത് തള്ളിക്കളഞ്ഞു. ദൈവം നന്മയായിട്ടുണ്ടായിരിക്കണം. അവൻ നന്മയായിരുന്നു. അവന് നന്മയല്ലാതെ മറ്റൊന്നും ആവാൻ സാധ്യമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിനാൽ തിന്മ ലൗകികരായ ആളുകളിൽ നിന്ന് ആവിർഭവിക്കുന്ന ഒന്നായിരിക്കണം. ദൈവത്തിന് ആ ഹീന പ്രവർത്തനത്തിൽ യാതൊരു പങ്കുമില്ല. അദ്ദേഹത്തിന്റെ ഉത്തരം ലളിതമായിരുന്നു. പക്ഷേ, അദ്ദേഹത്തെ തത്ത്വശാസ്ത്രപരമായി മറ്റുള്ളവർക്ക് ആക്രമിക്കാൻ പഴുതുകളുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ തത്ത്വശാസ്ത്രപരമായി പ്രതിരോധിക്കാൻ കഴിയാത്ത ഒരിടത്തായിരുന്നു പ്രതിഷ്ഠിക്കപ്പെട്ടത്. ഇറാനിലെ സോറോസ്ട്രിയൻ ചിന്തകൻമാർക്ക് സോക്രട്ടീസിന്റെ രീതിയിലുള്ള ഉത്തരം തൃപ്തികരമായിരുന്നില്ല. അവർ തിന്മയെ പറ്റിയുള്ള ഈ ചോദ്യത്തെപറ്റി കൂടുതൽ അന്വേഷിച്ചു. ആരായിരുന്നു തിന്മയുടെ ആളുകൾ? ആരാണ് അവരെ സൃഷ്ടിച്ചത്? എന്നിത്യാദി പ്രശ്നങ്ങളെക്കുറിച്ച് അവർ ചിന്തിച്ചു.ദൈവമാണ് അവരെ സൃഷ്ടിച്ചിരുന്നതെങ്കിൽ ദൈവമായിരിക്കണം അതിന്റെ പൂർണ ഉത്തരവാദി. തിൻമയുമായി ദൈവത്തിനുള്ള ബന്ധം പൂർണമായി വിഛേദിക്കുവാൻ ദൈവത്തിന് പുറമെ മറ്റൊരു സ്രഷ്ടാവിനെ സൊറോസ്ട്രിയൻ പണ്ഡിതൻമാർക്ക് കണ്ടുപിടിക്കേണ്ടിവന്നു. ഒന്ന് നന്മയുടെ ദൈവമെന്നും മറ്റേത് തിന്മയുടെ ദൈവമെന്നും വ്യവഹരിക്കപ്പെട്ടു. രണ്ടു ദൈവങ്ങളും വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും തങ്ങളുടെതായ മേഖലയിൽ മാത്രം ദൈവത്വം വിനിയോഗിക്കുന്ന നന്മയുടെയും തിൻമയുടെയും ദൈവങ്ങളായി പരിഗണിക്കപ്പെട്ടു.

സാന്ദർഭികമായി പറയട്ടെ എന്നത് അപൂർവമായ ഒരു സംഭവമല്ലായിരുന്നു. മനുഷ്യനേയും എന്തിനധികം ദൈവത്തെ പോലും ബുദ്ധിമുട്ടിക്കുന്ന കുസൃതികൾ കാട്ടുന്നവരായിരുന്നു അവരുടെ ദൈവങ്ങൾ. അത്തരത്തിലുള്ള സൂത്രങ്ങളും കൗശലങ്ങളും കൊണ്ട് നിറഞ്ഞതാണ് ഹോമറിന്റെ ഇലിയഡിലെ ദൈവസങ്കൽപം.

എങ്കിലും അവർക്കിടയിൽ ക്രി.മു 470 ൽ ജനിച്ച ഏകദൈവ വിശ്വാസിയായ തത്ത്വജ്ഞാനിയായിരുന്നു സോക്രട്ടീസ്. അദ്ദേഹം തത്ത്വജ്ഞാനികൾക്കിടയിലെ പ്രവാചകനും പ്രവാചകൻമാർക്കിടയിലെ തത്ത്വജ്ഞാനിയുമായിരുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ അദ്ദേഹം അചഞ്ചലനായി വിശ്വസിച്ചു. ദൈവത്തിന്റെ കേവല നന്മയിൽ സംശയത്തിന്റെ നേരിയ കണിക പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഏതൻസിലെ സെനറ്റിൽ വെച്ച് സോക്രട്ടീസ് നടത്തിയ അവസാനത്തെ പ്രഭാഷണത്തിൽ അദ്ദേഹം പ്രഖ്യാപിച്ചത് ഇതായിരുന്നു. കേവല നന്മയുടെ ഉടയവനായ ദൈവത്തിൽ അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം അദ്ദേഹത്തിന്റെ ബുദ്ധിശക്തി കൊണ്ടോ അതിഭൗതികമായ അഭ്യാസങ്ങൾ കൊണ്ടോ ആയിരുന്നില്ല. സോക്രട്ടീസിന് ദൈവത്തെ ബാല്യകാലം മുതൽ തന്നെ വ്യക്തിഗതമായി അറിയാമായിരുന്നു. അങ്ങനെ മാത്രമായിരുന്നില്ല. കുഞ്ഞുനാളിലെ അദ്ദേഹം ദൈവത്തിന്റെ പ്രത്യേക ശ്രദ്ധയിലും സ്നേഹത്തിലും പരിചരണത്തിലുമാണ് വളർത്തപ്പെട്ടത്. ഈ പ്രശ്നം അതിഗഹനമായ യുക്തിബോധത്തോടെ കൈകാര്യം ചെയ്തത് സോക്രട്ടീസാണ്. പക്ഷേ ദൈവത്തിൽ നിന്ന് യാതൊരു തിന്മയും ഉത്ഭവിക്കാനുള്ള സാധ്യതയില്ല എന്ന് തെളിയിക്കാനാണ് അദ്ദേഹം കൂടുതലായും തന്റെ തർക്കബുദ്ധി ചെലവഴിച്ചത്. തിൻമയുടെയും കഷ്ടാനുഭവങ്ങളുടെയും പ്രശ്നം വന്നപ്പോൾ അത് ദൈവത്തിൽ നിന്ന് ഉത്ഭവിക്കയാൽ മായ അദ്ദേഹത്തിന്റെ ഏകദൈവത്തിലുള്ള വിശ്വാസം സൊറോസ്ട്രറിൽ(അ) നിന്ന് ലഭിച്ചതാണ്.

സൊറോസ്ട്രർ മതം ജൂതമതത്തോടും ഇസ്ലാമിനോടും അടുത്തു നിൽക്കുന്നു. നന്മ തിന്മകളെക്കുറിച്ചും ഇരുട്ടിനെയും വെളിച്ചത്തെയും കുറിച്ചും സൊറോസ്ട്രറിസത്തിന്റെ കാഴ്ചപ്പാട് യഹൂദ ഇസ്ലാം മതത്തിലുള്ളത് പോലെതന്നെയായിരുന്നു. അഹ്റമാൻ എന്നത് സാത്താന്റെ മറ്റൊരു പേരല്ലാതെ മറ്റൊന്നുമല്ല.

സൊറോസ്ട്രർ മതത്തെ സംബന്ധിച്ച് ഉത്തരം കാണേണ്ട ഒരു പ്രശ്നം എന്ത് കൊണ്ട് ആ മതം ദ്വന്ദാത്മകത എന്ന ആശയം മുന്നോട്ടു വെച്ചു എന്നതാണ്. ദ്വന്ദാത്മകത ഒരിക്കൽ സൊറോസ്ട്രർ ദർശനത്തിൽ വേരുപിടിക്കുകയും അത് ആ മതത്തിൽ സ്ഥിരമായ ഒരു സ്ഥാനം ഉറപ്പിക്കുകയും ചെയ്തത് എന്ത്കൊണ്ട്? തിന്മയെക്കുറിച്ചും ദുഃഖങ്ങളെക്കുറിച്ചുമുള്ള സമസ്യകൾ സൊറോസ്ട്രിയൻ ചിന്തകരെ ആശങ്കാകുലരാക്കിയ നാളുകളിൽ നടന്ന തീവ്രമായ തത്ത്വശാസ്ത്ര ചർച്ചകളുടെ കാലഘട്ടത്തിലായിരിക്കാം അത് സംഭവിച്ചിരിക്കുക. ചരിത്രാതീതകാലം മുതൽ മനുഷ്യനെ ചിന്താകുലനാക്കിയ ഒരു പ്രശ്നമായിരുന്നു അത്. വിവിധ കാലഘട്ടങ്ങളിൽ നിരവധി മതചിന്തകൻമാർ നന്മയുടെ ദൈവത്തിന് വിവിധങ്ങളായ വിശദീകരണങ്ങൾ നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ പൊതുവെ ഏതൻസിലും നൈതികവും, മതപരവും, ഭൗതികവുമായ വീക്ഷണത്തിൽ ചിന്തിച്ചിരുന്ന ചിന്തകൻമാർ ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയുണ്ടായി. അവരെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന് ഉത്തരം കണ്ടെത്താൻ അത്രയൊന്നും പ്രയാസമുണ്ടായിരുന്നില്ല. കാരണം ഏതൻസിലെ ഭൂരിപക്ഷം ആളുകളും ഇതിഹാസരൂപികളായ ദൈവങ്ങളിലായിരുന്നു വിശ്വസിച്ചിരുന്നത്. ആ ദൈവങ്ങൾക്ക് കളവ് പറയുക

എല്ലാ സൊറോസ്ട്രിയൻ മതക്കാരും ഈ ദ്വന്ദാത്മക വാദത്തിൽ വിശ്വസിക്കുന്നില്ല. സോറോസ്ട്രർ മതത്തിൽ വളരെ ചെറിയൊരു വിഭാഗം ദൈവത്തിന്റെ ഏകത്വത്തിന് വേണ്ടി ശക്തമായി വാദിക്കുന്നവരായി ഇന്നുമുണ്ട്. ഈ ഏകത്വ വാദങ്ങളിൽ വലിയൊരു വിഭാഗം ഇസ്‌ലാം പേർഷ്യയിൽ പ്രവേശിച്ചപ്പോൾ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടു. ദ്വന്ദാത്മക വാദവും അതിനോടനുബന്ധിച്ചുള്ള അഗ്നിയാരാധനയും കഴിച്ചാൽ സൊറോസ്ട്രിയൻ മതം മറ്റേത് മതത്തേക്കാളും ഇസ്‌ലാമുമായി അടുത്ത് നിൽക്കുന്നു.

മറ്റ് പ്രബലമായ മതങ്ങളിൽ വിവരിച്ചിട്ടുള്ള ദൈവത്തിന്റെ അതേഗുണങ്ങളും അതേ സംജ്ഞകളും തന്നെയാണ് സൊറോസ്ട്രർ മതത്തിലും ദൈവത്തിനു വേണ്ടി പ്രയോഗിച്ചിട്ടുള്ളത്. സൊറോസ്ട്രർ മതത്തിൽ ദൈവത്തിന് ഉപയോഗിച്ച പദം അഹൂറ മസ്ദ എന്നാണ്. എല്ലാ തിന്മയും കഷ്ടാനുഭവങ്ങളും അഹ്റമാന്റെ ബലിയാടുകളാണെന്ന് കുറ്റപ്പെടുത്തുന്നതോടെ ഈ പ്രശ്നം ആത്യന്തികമായി പരിഹരിക്കപ്പെട്ടു എന്ന് സൊറോസ്ട്രിയൻ ചിന്തകന്മാർ കരുതി. എന്നാൽ, അത് അപ്രകാരമല്ലായിരുന്നു. സോക്രട്ടീസ് അവരുടെ സമകാലികനായിരുന്നു. അദ്ദേഹം ഇതിനെപ്പറ്റി കേട്ടുകാണും. അദ്ദേഹം സ്വയം തന്നെ ഇതിനെപറ്റി ചിന്തിച്ചിട്ടുമുണ്ടാകണം. എങ്കിലും അദ്ദേഹം അത് നിരാകരിക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസ്തതയോടെ ചേർന്നു നിൽക്കുകയും ചെയ്തു. ഒരു പ്രശ്നം പരിഹരിക്കാനുള്ള ഈ സൊറോസ്ട്രിയൻ ശ്രമം അതിനെക്കാൾ കഠിനമായ മറ്റൊരു കീറാമുട്ടി സൃഷ്ടിക്കുകയാണ് ചെയ്തത്. അവസാനത്തെ ഈ ശ്രമം നാം ചർച്ച ചെയ്യുന്നതാണ്. ഇപ്പോൾ നാം ഓർമിക്കേണ്ടത് തിന്മക്ക് അതിന്റേതായ സ്വതന്ത്ര അസ്തിത്വമില്ല എന്നതാണ്. അത് സൃഷ്ടിക്കപ്പെടേണ്ട ഒന്നാണ്.

യഥാർഥത്തിൽ തിന്മ എന്നത് നന്മയുടെ അഭാവമാണ്. നന്മയുടെ അഭാവമാണ് തിന്മയെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വെളിച്ചവും നിഴലും ഒളിച്ചു കളിക്കുന്നത് പോലെയാണിത്. നിഴൽ സാക്ഷാലുള്ള വസ്തുവല്ല. വെളിച്ചമാണ് കാര്യം. അതാണ് നിഴൽ സൃഷ്ടിക്കുന്നത്. എന്നിരുന്നാലും നിഴൽ വെളിച്ചത്തിൽ നിർമിക്കപ്പെട്ടതല്ല. വെളിച്ചത്തിന്റെ അഭാവത്തിന്റെ പേരാണത്. വെളിച്ചം എവിടെയാണോ തടയപ്പെടുന്നത് അവിടെ നിഴൽ ജനിക്കുന്നു. പിൽക്കാലത്തെ സോറോസ്ട്രിയൻ മതക്കാർക്ക് അഹ്റമാൻ എന്നു പേരായഒരു പൈശാചിക ശക്തിയെ സൃഷ്ടിക്കേണ്ട യാതൊരു ആവശ്യവുമുണ്ടായിരുന്നില്ല. നന്മയെ മാത്രമായിരുന്നു ഇപ്രകാരം സൃഷ്ടിക്കേണ്ടിയിരുന്നത്. നന്മ തിരോഭവിക്കുമ്പോഴാണ് തിന്മ രംഗ പ്രവേശനം ചെയ്യുക. അഹ്റമാൻ ഇരുട്ടിന്റെ ദൈവമാണെങ്കിൽ പ്രകാശത്തിന്റെയും ധർമ്മത്തിന്റെയും നിഷേധത്തിൽ നിന്നാണത് അവ ഉത്ഭവിക്കുന്നത്. അവ അതിന്റെ സ്രഷ്ടാവല്ല.

കഴിഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ നമുക്ക് സംശയലേശമന്യേ പറയാം സൊറോസ്ട്രർ(അ) ദൈവത്തിൽ വിശ്വസിച്ചിരുന്നു. അവനിൽ മാത്രമാണ് അദ്ദേഹം വിശ്വസിച്ചത്. ദൈവത്തിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജ്ഞാനവും ശാശ്വത സത്യവും വെളിപാടുകളിലൂടെ നേരിട്ട് ലഭിക്കുന്നു. അത് ബുദ്ധി കൊണ്ട് മാത്രം മനനം ചെയ്തെടുക്കാവുന്നതോ അന്തഃപ്രചോദനത്തിലൂടെ ലഭിക്കുന്നതോ അല്ല.

തിന്മയുടേയും, കഷ്ടാനുഭവങ്ങളുടേയും സമസ്യക്ക് സൊറോസ്ട്രിയൻ മതം സമർപ്പിച്ച പരിഹാരങ്ങളിലേക്ക് നമുക്ക് തിരിച്ചു വരാം. നമുക്ക് ഈ തത്ത്വശാസ്ത്രം ഒരിക്കൽ കൂടി ആഴത്തിൽ ചർച്ച ചെയ്യാം. എങ്ങനെയാണ് പീഢാനുഭവങ്ങൾ അസ്തിത്വത്തിലേക്ക് വരുന്നത്? എന്താണ് പീഢാനുഭവങ്ങളുടെ അർത്ഥം? തിന്മ ആസൂത്രണം ചെയ്യുന്ന ഒരു ദൈവവും നന്മ രൂപപ്പെടുത്തുന്ന മറ്റൊരു ദൈവവും ഉണ്ടായിരുന്നുവെന്നിരിക്കട്ടെ. ഒന്ന് മറ്റൊന്നിനു മേൽ വിജയം നേടുന്ന സമരത്തിന്റെ അന്തിമഫലമെന്തായിരിക്കും? ആരാണ് വിജയം വരിക്കുക?എന്ത് കൊണ്ട് വിജയം വരിക്കുന്നു? സൊറോസ്ട്രർ(അ) നന്മയുടെ അന്തിമ വിജയത്തിൽ ആശ്വാസം കൊള്ളുന്നതായി കാണാം. എന്തുകൊണ്ട് നന്മ അവസാനം വിജയം വരിക്കുന്നു എന്ന അവരുടെ തത്ത്വശാസ്ത്രത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. രണ്ട് ദൈവങ്ങളും സ്വതന്ത്രരും ഒന്ന് മറ്റൊന്നിനെക്കാൾ ബലഹീനവുമാണെങ്കിൽ ശക്തനായ ദൈവം ബലഹീനനായ ദൈവത്തെ ഒരുപാട് കാലം കഴിഞ്ഞെങ്കിലും നശിപ്പിക്കും. അങ്ങനെ കാലക്രമേണ നന്മതിൻമയെ ഒടുവിൽ അതിജയിക്കും. ഇപ്രകാരമല്ല എന്നാണെങ്കിൽ രണ്ട് ദൈവങ്ങൾക്കും തുല്യശക്തിയായിരിക്കണം. എന്നാൽ, ഇവ രണ്ടിന്റെയും ഏറിയും കുറഞ്ഞുമുള്ള കളി അനന്തമായി തുടരാം. അത്തരമൊരവസ്ഥയിൽ നന്മയുടെ അന്തിമ വിജയം ആഘോഷിക്കുക എന്നത് തീരെ അസാധ്യമാണ്.

നമുക്ക് തിരിച്ചു വരേണ്ട മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമുണ്ടെന്നു തോന്നുന്നു. ആ പ്രശ്നം പീഢാനുഭവത്തിന്റെ പ്രശ്നമാണ്. നാം നേരത്തെ വെളിപ്പെടുത്തിയത് പോലെ സൊറോസ്ട്രർ മതത്തിലെ ദ്വന്ദാത്മക വാദത്തിന് പ്രത്യക്ഷത്തിൽ പരിഹാരമുണ്ടെന്ന് തോന്നാമെങ്കിലും പ്രശ്നം പരിഹരിക്കാതെ പരാജയപ്പെടുകയാണുണ്ടായത്. ദ്വന്ദാത്മകവാദം ആഴത്തിൽ പരിശോധിക്കുമ്പോൾ ദയാലുവായ ദൈവത്തിന്റെ സൃഷ്ടി പദ്ധതി കഷ്ടാനുഭവങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്ന് കാണുന്നു. ഈ പ്രശ്നം അതിന്റെ പ്രാധാന്യമനുസരിച്ച് തുടർന്നു വരുന്ന അദ്ധ്യായത്തിൽ സ്വതന്ത്രമായി ചർച്ച ചെയ്യുന്നതാണ്.

# ഏകീകൃത സിവിൽ കോഡ്

കേരള യുക്തിവാദിസംഘം 2017 ഫെബ്രുവരി 4-ാം തീയതി കരുനാഗപ്പള്ളിയിൽ വെച്ച് ഏകീകൃത സിവിൽ കോഡ് എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സെമിനാറിൽ അവതരിപ്പിച്ച പ്രസംഗത്തിന്റെ രണ്ടാം ഭാഗം.

**എ. എം.**

പൊതു സമൂഹത്തിൽ തകർന്ന ദാമ്പത്യങ്ങൾ ഒരു കത്തുന്ന യാഥാർഥ്യമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. കേരളം, മഹാരാഷ്ട്രാ, കർണാടക തുടങ്ങിയ സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലാണ് വിവാഹ മോചന നിരക്ക് ഏറ്റവും കൂടുതൽ. ഈ പ്രബുദ്ധ കേരളത്തിൽ വിവാഹ മോചനത്തിനായി ഫയൽ ചെയ്ത കേസുകളുടെ എണ്ണം കേട്ടാൽ നാം തല ചുറ്റി പോകും. 2014 ൽ 18,500, 2015 ൽ 19,028. ഇതിൽ ഏറ്റവും കൂടുതൽ മ്യൂചൽ കൺസന്റ് (പരസ്പര സമ്മതത്തോടെയുള്ള വിവാഹ മോചനം മുസ്‌ലിംകളുടേതല്ല) കേസ് ഫയൽ ചെയ്തത് ഉദ്യോഗസ്ഥകൾ കൂടുതലുള്ള തിരുവനന്തപുരത്താണ്. തൊട്ട് പിറകെ എറണാകുളമാണ്. ഏറ്റവും കുറവ് ഡൈവോഴ്സ് കേസ് ഫയൽ ചെയ്യപ്പെട്ടത് പിന്നോക്ക ജില്ലയായ വയനാട്ടിലും (മാതൃഭൂമി 14 മാർച്ച് 2016) കുടുംബ കോടതികളിൽ നിന്ന് ശേഖരിച്ച കണക്കാണിത്. യുക്തിവാദി സുഹൃത്തുക്കൾ ഭൗതിക വിദ്യാഭ്യാസം കൂടുന്നതനുസരിച്ച് വിവാഹ മോചന നിരക്കും കൂടുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതുണ്ട്. 2015 ൽ ലോക് സഭയിൽ ഇത് സംബന്ധിച്ച് ഉണ്ടായ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇത് സംബന്ധിച്ച് ഒരു സറ്റാറ്റിസ്റ്റിക്സ് സൂക്ഷിച്ചിട്ടില്ല എന്നാണ് പറഞ്ഞത്.

ചേർച്ചയില്ലാത്ത ദാമ്പത്യങ്ങളെ പൂത്താലി ചരടിൽ കുരുക്കിയിടുന്നത് നീതിയല്ല. മരണം വരെ നീറിപുകഞ്ഞ് കത്തുന്ന അഗ്നി കുണ്ഡമായി ആരുടെയും ദാമ്പത്യം മാറാൻ പാടില്ല. അവർക്ക് വിവാഹ മോചനത്തിന്റെ വാതായനങ്ങൾ തുറന്നിടണം. അവരെ ജീവിത ദുരിതത്തിൽ നിന്ന് സ്വതന്ത്രരാക്കണം. അത്രമാത്രമേ ഇസ്‌ലാം ചെയ്യുന്നുള്ളൂ. ആയിരത്തി നാനൂറ് വർഷത്തെ നീതി സങ്കൽപ്പത്തിന്റെ നിയമ രൂപങ്ങൾക്ക് വൈകല്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് കൈയാളുന്ന മുസ്‌ലിം സമൂഹത്തിന്റെയും യാഥാസ്ഥിക മത പണ്ഡിതന്മാരുടെയും കുറ്റമാണ് ഇസ്‌ലാമിന്റേയോ ഖുർആന്റെയോ കുറ്റമല്ല.

### ഇന്ത്യയിലെ വിവാഹ മോചന നിയമങ്ങൾ

നാം ഇന്ത്യയിലെ വിവാഹ പരിഷ്ക്കരണ നിയമ ചരിത്രത്തിന്റെ പ്രക്ഷുബ്ധമായ ചരിത്രം പരിശോധിച്ചാൽ സമൂഹത്തിലുണ്ടാകുന്ന പരിഷ്ക്കരണ പരിവർത്തനങ്ങളോട് വളരെ പ്രതിലോമകരമായാണ് യാഥാസ്ഥിതികരായ മതനേതാക്കന്മാർ പ്രതികരിച്ചിട്ടുള്ളത് എന്ന് കാണാം. 1955 ൽ ഹിന്ദു മാര്യേജ് ആക്റ്റ് ഡ്രാഫ്റ്റ് തയ്യാറാക്കിയത് ബാബാ സാഹെബ് അംബേദ്ക്കറായിരുന്നു. 1. Right to Property, 2. Marriage, Divorce, Maintanance, 3. Succession of Property എന്നീ ബില്ലുകൾ നിയമങ്ങളാക്കാൻവേണ്ടി അദ്ദേഹം പാർലമെന്റിൽ അവതരിപ്പിച്ചു. താരതമ്യേന പുരോഗമന പരമായിരുന്ന ഹിന്ദു കോഡ് ബില്ലിനെ കോൺഗ്രസ്സിലെ മത തീവ്ര നിലപാടുകളുള്ള ഡോ. രാജേന്ദ്ര പ്രസാദ്, പട്ടാഭി സീതാരാമയ്യ, ഹിന്ദു സഭക്കാരനായ ശ്യാമപ്രസാദ് മുഖർജി മുതലായ പാർലമെന്റ് അംഗങ്ങൾ രൂക്ഷമായാണ് എതിർത്തത്. അവസാനം അംബേദ്ക്കർ രാജിവെക്കേണ്ടി വന്നതും ഹിന്ദു വിവാഹ ബില്ലിനെ ചൊല്ലിയാണ്.

1955 ലെ ഹിന്ദു മാര്യേജ് ആക്റ്റിൽ സെക്ഷൻ 13 പ്രകാരം വ്യഭിചാരം, മതപരിവർത്തനം, ക്രൂരത, കുഷ്ഠരോഗം, മാനസിക രോഗം, ബലാൽസംഗത്തിൽ പ്രതിയാകൽ എന്നീ കുറ്റങ്ങളിൽ ഭർത്താവ് പങ്കാളിയാണെങ്കിൽ അത് തെളിയിക്കപ്പെട്ടാൽ മാത്രമേ വിവാഹ മോചനം സാദ്ധ്യമാകൂ. ഭർത്താവിനെതിരെ ഈ കുറ്റം

തെളിയിച്ച് വിവാഹ മോചനം നേടുക എന്നത് ഒരു ഭഗീരഥ യത്നമാണ്. ക്രിമിനൽ സ്വഭാവ മുള്ള ഇതിലെ ചില കുറ്റങ്ങൾ കോടതി മുറികളിൽ സമർഥനങ്ങൾ ക്കും രൂക്ഷമായ വാദപ്രതിവാദ ങ്ങൾക്കും വിധേയമായി തെളിയി ക്കുക പലപ്പോഴും അസാദ്ധ്യമാണ്. മാത്രമല്ല പല സ്വകാര്യതകളും കോടതിമുറികളിൽ കീറി മുറിച്ച് പരിശോധിക്കപ്പെടുകയും വാദ പ്രതിവാദത്തിന് വിഷയമാക്കുക യും ചെയ്യും. വിവാഹ മോചിതരാ കാൻ ശ്രമിക്കുന്ന ഇവരുടെ ഭാവി ജീവിതത്തിന് പോലും ഇത്തരം കോടതി വ്യവഹാരങ്ങളും വാഗ്വാദ ങ്ങളും എതിരായിതീരും. പലപ്പോ ഴും പ്രസ്തുത നിയമത്തിൽ പറഞ്ഞ കാരണങ്ങൾ കൊണ്ടൊന്നു മായിരിക്കില്ല ദാമ്പത്യ പങ്കാളികൾ അകലുന്നത്. ചിലപ്പോൾ അകലാൻ വിശേഷിച്ചു യാതൊരു കാരണവു മുണ്ടായില്ല എന്നും വരാം. വെറും ഈഗോ ക്ലാഷ്കൊണ്ടോ, ഓരോ ആളുടേയും വ്യക്തിത്വവുമായി ബന്ധപ്പെട്ട വിശദീകരിക്കാൻ കഴിയാത്ത കാരണങ്ങൾകൊണ്ടോ ആകാം. ദമ്പതിമാർ തമ്മിലുള്ള അകൽച്ചയുടെ ന്യായാന്യായം എന്ത് തന്നെയായാലും അകന്നു പോയ ദമ്പതികൾക്ക് അടുക്കാൻ കഴിയുന്നില്ലെങ്കിൽ അതൊരു പരാജയപെട്ട ദാമ്പത്യം തന്നെയാ ണ്. ഇങ്ങനെ മാനസികമായി അകന്ന ദാമ്പത്യം ഒരു നരകകുണ്ഡാ ക്കി മാറിയാലും വിവാഹ മോചനം സാദ്ധ്യമല്ല എന്ന അവസ്ഥ നീതി യാണോ?

ഇതിനൊരു പരിഹാരമായാ ണ് 1976ൽ ഹിന്ദു മാര്യേജ് ആക്റ്റിന് ഭേദഗതി വരുത്തിക്കൊണ്ട് Mutual Consent Divorce നിലവിൽ വന്നത്. 6 മാസത്തെ ജുഡീഷ്യൽ സപ്പറേഷ ന് ശേഷം ദമ്പതികൾക്ക് ഒരു വർഷത്തിനുള്ളിൽ വിവാഹ മോച നം കോടതി മുഖേന ഈ നിയമ പ്രകാരം ലഭ്യമാണ്. ഉഭയ സമ്മതം ഇക്കാര്യത്തിൽ ആവശ്യമാണ്. പലപ്പോഴും ഒരു കക്ഷി വാശി കാരണം അപര കക്ഷിയെ ബുദ്ധി മുട്ടിക്കാനായി സമ്മതം നൽകിയി ല്ലെങ്കിൽ ഉഭയ സമ്മതമാകില്ല. ഈയൊരു സാഹചര്യത്തിലാണ് പരാജയപ്പെട്ട ഹിന്ദു ദാമ്പത്യങ്ങൾ ക്ക് ആശ്വാസം നൽകാനായി കോൺഗ്രസ്സ് നേതൃത്വത്തിലുള്ള കഴിഞ്ഞ യു പി ഐ സർക്കാർ Irretrievable Breakdown of Marriage (സമ്പൂർണ്ണമായും പുനസ്ഥാ പിക്കാൻ കഴിയാത്ത വിധം പരാജ യപ്പെട്ട വിവാഹ ബന്ധം) എന്ന ഉപാധിയിൽ ഏകപക്ഷീയമായ അപേക്ഷയിൽ വിവാഹ മോചനം അനുവദിക്കണമെന്ന് നിയമം കൊണ്ടുവന്നത്. യുപിഐ ഗവൺ മെന്റിൽ 2013ൽ അന്നത്തെ നിയമ മന്ത്രി കബിൽ സിബൽ ആയിരുന്നു കരടു ബില്ല് കൊണ്ടുവന്നത്. അത് രാജ്യസഭയിൽ പാസ്സാക്കിയിരുന്നു. അതോടനുബന്ധിച്ച് 1955 ലെ ഹിന്ദുമാര്യേജ് ആക്റ്റും 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റും പാർലമെന്റിൽ ചർച്ചെടുക്കെടുത്ത് ഭേദഗതി ചെയ്ത് പാസ്സാക്കി ഈ വകുപ്പുകൂടി അതിൽ ഉൾപ്പെടുത്തി. പക്ഷേ നിയമം ഭേദഗതി ചെയ്യാൻ കഴിഞ്ഞില്ല. പരാജിതമായ ദാമ്പത്യം എന്ന നിലക്ക് വിവാഹ മോചന ത്തിന് ഒരു കക്ഷിയെ (ഭാര്യയേയോ ഭർത്താവിനേയോ) അനുവദിക്കുന്ന തായിരുന്നു ആ നിയമം. അത് കൂടുതൽ സ്ത്രീപക്ഷ പരവുമായി രുന്നു. യു പി ഐ സർക്കാറിന്റെ കാലത്ത് അത് നടന്നില്ല. ഇക്കാര്യ ത്തിൽ യാഥാസ്ഥിതിക നിലപാട് പുലർത്തുന്ന ബിജെപി നേതൃത്വ ത്തിലുള്ള എൻഡിഎ സർക്കാർ ആ ബില്ല് ഇപ്പോൾ ഉപേക്ഷിച്ചിരിക്കുക യാണ്. അത് പാസ്സാകുകയാണെ ങ്കിൽ ഹിന്ദു സമൂഹത്തിൽ വിവാഹ മോചനം അധികരിക്കുമെന്ന അഭിപ്രായമാണ് ബിജെപിക്കിടയിൽ നിന്ന് ഉയർന്ന് വന്നത്. മാത്രമല്ല ഈ നിയമത്തിന്റെ സാന്നിദ്ധ്യം നിയമ വിരുദ്ധമായ ബന്ധങ്ങൾക്ക് കാരണ മാകുമെന്നും അതുകൊണ്ട് ആ ബില്ല് ഇപ്പോൾ സഭയിൽ അവതരി പ്പിക്കാൻ യാതൊരു ഉദ്ദേശ്യവുമില്ലെ ന്നും കഴിഞ്ഞ 2016 മാർച്ച് മാസത്തിൽ നിയമ മന്ത്രി ഡി വി സദാനന്ദ ഗൗഡ രാജ്യസഭയിൽ വിശദീകരണം നൽകുകയുണ്ടായി. പരാജയമടഞ്ഞ ഹിന്ദുദാമ്പത്യ പങ്കാളികൾക്ക് വിവാഹ മോചനം എളുപ്പമാക്കാവുന്ന ആ ബില്ല് അങ്ങനെ വെളിച്ചം കാണാതെ പോയി. വിവാഹ മോചനം എന്ന സങ്കൽപ്പത്തിന് സമൂഹത്തിന്റെ മതപരവും സാംസ്കാരികവുമായ മനോഘടനക്കുള്ള സ്വാധീനവും വിവാഹ മോചനം എന്ന ഇസ്ലാ മികവും പുരോഗമനപരവുമായ ആശയത്തോട് കാട്ടുന്ന വിപ്രതിപ ത്തിയും തുറന്നുകാട്ടാനാണ് സ്ത്രീ കൾക്ക് ആശ്വാസകരമാവുന്ന ഒരു നിയമനിർമ്മാണം സഫലമാവാതെ പോയ കഥ ഞാൻ വിവരിച്ചത്.

## വിവാഹ മോചനം പാശ്ചാത്യ നാടുകളിൽ

വിവാഹ മോചനം പലപ്പോ ഴും സങ്കീർണമായ മാനുഷിക നിയമ പ്രശ്നങ്ങളായി തീരുന്നു. ഭാര്യക്കും ഭർത്താവിനുമുള്ള സ്വത്തിന്റെ വിഭജനം, ജീവനാംശം, കുട്ടികളെ വളർത്താനുള്ള അവകാ ശം, കുട്ടികൾക്കുള്ള ചെലവു തുക, സ്വത്തിന്റെ വിഭജനം എന്നിവയെ ല്ലാം നീളുന്ന നിയമ പ്രശ്നങ്ങളാ ണ്. കുത്തഴിഞ്ഞതും അച്ചടക്ക മില്ലാത്തുമായ സ്വകാര്യ ജീവിതം നയിക്കുന്ന പാശ്ചാത്യ ലോകത്ത് ദാമ്പത്യ സ്ഥിരത ഗുരുതരമായ ഒരു നിയമ പ്രശ്നമാണ്. അതോടൊപ്പം വിവാഹ മോചനത്തിന് ക്രിസ്തു മതത്തിലുള്ളത് പോലെ മതപരമായ കാർക്കശ്യവും വിലക്കും കൂടിയാ വുമ്പോൾ പ്രായോഗിക ജീവിതം മറ്റൊരു വഴിക്ക് നീങ്ങും. 1960 വരെ അമേരിക്കയിൽ ന്യൂയോർക്ക് സ്റ്റേറ്റിൽ വ്യഭിചാര കുറ്റം ചെയ്താ ലല്ലാതെ വിവാഹമോചനം അനുവ ദിച്ചിരുന്നില്ല. 1995ലാണ് കത്തോലി ക്കർക്ക് പ്രാമുഖ്യമുള്ള അയർല ന്റിൽ വിവാഹ മോചനം നിലവിൽ വന്നത്. അതേ സമയം വിവാഹ മോചന നിരക്ക് എറ്റവും കൂടുതലു ള്ളത് പാശ്ചാത്യ സമൂഹത്തിലാണ്. അമേരിക്കൻ വിവാഹ മോചന

നിരക്ക് നമ്മെ ഞെട്ടിക്കും. അവിടെ നടക്കുന്ന വിവാഹത്തിന്റെ 40 മുതൽ 50 ശതമാനം വരെയാണ് മോചന നിരക്ക്. കണിശമായും ക്രിസ്തീയ കാനോനിക മത നിയമങ്ങൾ പാലിക്കുന്ന പാശ്ചാത്യ നാടുകളിൽ വിവാഹ മോചനം ഇപ്പോഴും ഒരു കീറാമുട്ടിയാണ്. അതുകൊണ്ട് വിവാഹത്തിന്റെ നിയമപരമായ ഉത്തരവാദിത്വങ്ങളൊന്നുമില്ലാതെ അനുഭൂതികളുടെയും ആനന്ദത്തിന്റെയും ലോകത്ത് സഹജീവനം (കോഹെ ബിറ്റേഷൻ) നടത്താനാണ് അവിടുത്തെ യുവാക്കളായ സ്ത്രീ പുരുഷന്മാർ ഇഷ്ടപ്പെടുന്നത്. അബദ്ധത്തിൽ കുട്ടികളുണ്ടായാൽ മാത്രം വിവാഹം കഴിച്ച് രജിസ്റ്റർ ചെയ്യും.

അപ്പോൾ വിവാഹ മോചന സ്വാതന്ത്ര്യം എന്നത് പുരോഗമിക്കുന്ന ലോകത്തിന്റെ അടിയന്തിരാവശ്യമാണ്. അത് ആവശ്യമായി വരുന്നത് മുസ്‌ലിംകളേക്കാൾ സമകാലീന ലോകത്ത് ജീവിക്കുന്ന ആധുനിക കുടുംബങ്ങൾക്കാണ്. ഞാൻ നേരത്തെ പറഞ്ഞ ആധുനിക ജൂഡീഷ്യൽ സമ്പ്രദായത്തിൽ കോടതികളും കുടുംബ കോടതികളും വിവാഹമോചനത്തിന് അനുവർത്തിക്കുന്ന പല നിബന്ധനകളും വിവാഹ നിയമ പരിഷ്ക്കാരങ്ങളും ഇസ്‌ലാമിക നിയമങ്ങളിൽ ഉള്ളടങ്ങിയിട്ടുണ്ട്. നിസ്സംശയം യഥാർഥ ഇസ്‌ലാമിക വിവാഹ നിയമങ്ങളും ഇസ്‌ലാമികാദ്ധ്യാപനങ്ങളും എല്ലാ നിയമങ്ങളെക്കാളും പുരോഗമന പരമാണ് പരിഷ്കൃതമാണ് മാനവീയമാണ് ഒരു പരിധിവരെ വിവാഹ മോചനത്തെ സ്വഭാവിക രീതിയിൽ ഇല്ലായ്മചെയ്യുന്നതുമാണ്.

## മുത്ത്വലാഖ്

ഇന്ന് ഏറ്റവും വിമർശനത്തിന് വിഷയമായ മുത്ത്വലാഖിലേക്ക് വരാം. എന്താണ് മുത്ത്വലാഖ്? പല മുത്ത്വലാഖ് വിമർശകർക്കും അതിന്റെ പശ്ചാത്തലം എന്താണെന്ന് പിടികിട്ടിയിട്ടില്ല. മുത്ത്വലാഖ് എന്നതിന്റെ നേരിട്ടുള്ള അർഥം മൂന്ന് ത്വലാഖ് എന്നാണ്. 'ഞാൻ എന്റെ ഭാര്യയെ ത്വലാഖ് ചെയ്തിരിക്കുന്നു' എന്ന് മൂന്ന് വട്ടം പറയലാണ് മുത്ത്വലാഖ്. ത്വലാഖിന് മുമ്പായി കലഹങ്ങളും അസ്വാരസ്യങ്ങളും ഉടലെടുക്കുന്നതു മുതൽ ഭാര്യാ ഭർത്താക്കന്മാർ പാലിക്കേണ്ട നിരവധി പെരുമാറ്റസമീപനങ്ങളും വിട്ടുവീഴ്ച്ചകളും ക്രമീകരണങ്ങളും ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലും നിയമത്തിലും പറയുന്നു. ആ വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. എന്നിട്ടും ദമ്പതിമാർ തമ്മിലുള്ള ബന്ധം സാധാരണ നിലയിലാവുന്നില്ലെങ്കിൽ ബന്ധുക്കളുടെ മദ്ധ്യസ്ഥ ശ്രമവും ഇടപെടലും വേണം. അതിന് ശേഷമാണ് ത്വലാഖ്. ത്വലാഖിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒന്ന് മടക്കിയെടുക്കാവുന്ന വിവാഹ മോചനം (Revocable Talaq ത്വലാഖു റജ്ഈ) രണ്ട് മടക്കി എടുക്കാൻ പറ്റാത്ത ത്വലാഖ് (Irrevocable Talaq ത്വലാഖു ബായീൻ) സമയക്കുറവ് കാരണം ഞാനതിന്റെ ഖുർആൻ വചനങ്ങളുപയോഗിച്ചുള്ള വിശദീകരണത്തിലേക്ക് പോകുന്നില്ല.

ത്വലാഖ് ചൊല്ലിയതിന് ശേഷം മൂന്ന് മാസം ഇദ്ദ കാലമാണ്. ഇദ്ദ: എന്നത് കാത്തിരിപ്പ് കാലം എന്നർഥം. വിവാഹമുക്ത ഗർഭിണിയാണോ എന്ന് പരിശോധിക്കാനുള്ള ഒരു ഉപാധി മാത്രമല്ല ഇദ്ദ കാലം. വിച്ഛേദിക്കപ്പെട്ട വിവാഹ ബന്ധം പുനസ്ഥാപിക്കാനുള്ള ഏറ്റവും ഫലപ്രഥമായ കാല പരിധി കൂടിയാണ്. ഖുർആനിക നിയമത്തിൽ ത്വലാഖ് ചെയ്യപ്പെട്ട ഉടൻ വിവാഹ ബന്ധം വിച്ഛേദിക്കപ്പെടുന്നില്ല. ഇദ്ദ: കാലത്ത് ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീ ഭർത്താവിന്റെ വീട്ടിൽ തന്നെ താമസിക്കണമെന്നാണ് ഖുർആന്റെ വ്യക്തമായ കൽപ്പന. ഇദ്ദ കാലത്ത് പുരുഷന് സ്ത്രീ അന്യയാകുന്നില്ല. അതേ സമയം ഭാര്യയുമല്ല. ഇദ്ദ: കാലത്ത് സ്ത്രീയെ വീണ്ടും ഭാര്യാപദവിയിലേക്ക് നിരുപാധികം ഭർത്താവിന് തിരിച്ചെടുക്കാം. വാസ്തവത്തിൽ ഒരു വീട്ടിൽ താമസിക്കുമ്പോൾ വീണ്ടും അവർ അടുക്കാനും രഞ്ജിപ്പുണ്ടാക്കാനുമാണ് ഇസ്‌ലാം അങ്ങനെ നിഷ്ക്കർശിച്ചത്. ഇങ്ങനെ ത്വലാഖ് ചൊല്ലിയതിന് ശേഷവും വെറും ഒരു പ്രഖ്യാപനം വഴി അവളെ ഭാര്യാപദത്തിലേക്ക് തിരിച്ചെടുക്കാം. വീണ്ടും നിക്കാഹ് കഴിക്കേണ്ട ആവശ്യമില്ല. ഈ ത്വലാഖിനെയാണ് ത്വലാഖ് റജ്ഈ മൊഴി ചൊല്ലിയ ഭാര്യയെ മൊഴി റദ്ദാക്കി തിരിച്ചെടുക്കാൻ പറ്റുന്ന ത്വലാഖ് എന്നു പറയുന്നത്. ഇദ്ദ സമയം കഴിഞ്ഞതിന് ശേഷ മാണെങ്കിൽ വീണ്ടും നിക്കാഹ് കഴിക്കണം ഇതാണ് ത്വലാഖു ബായീൻ. ഇപ്രകാരം രണ്ട് തവണ ഇസ്‌ലാമിൽ അനുവദനീയമാണ്. അതായത് മൊഴിചൊല്ലി വീണ്ടും അവർ ഒന്നിച്ചു ദാമ്പത്യത്തിലേക്ക് പ്രവേശിച്ചു. വീണ്ടും കലഹം വന്നു മൊഴി ചൊല്ലി വീണ്ടും ഒന്നിച്ചു ദാമ്പത്യത്തിലേക്ക് പ്രവേശിച്ചു. വീണ്ടും കഹമുണ്ടായി മൊഴി ചൊലിയാൽ പിന്നെ ഒന്നിച്ചു ദാമ്പത്യ ജീവിതം നയിക്കുക എന്നത് അങ്ങനെ എളുപ്പം സാദ്ധ്യമല്ല. ഇങ്ങനെ മൊഴി ചൊല്ലാനും ഒന്നാവാനുമുള്ള അവസരം രണ്ടു തവണ മാത്രമാണ്. ഖുർആൻ പറയുന്നു: (**അത്വലാഖു മർറത്താൻ**) അതായത് ത്വലാഖ് ചൊല്ലി അത് ദുർബല പ്പെടുത്തുന്ന ത്വലാഖ് രണ്ട് തവണയാണ്. മൂന്നാമത്തെ തവണയും ഇത് ആവർത്തിക്കുമ്പോൾ അത് കർശനമായ ചില നിബന്ധനകൾക്ക് വിധേയമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'പിന്നീട് (മൂന്നാം പ്രാവശ്യം) അവൻ അവളുമായുള്ള വിവാഹ ബന്ധം വേർപെടുത്തിയെങ്കിൽ അതിന് ശേഷം അവനല്ലാതെ മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യുകയും ആ ബന്ധം വേർപെടുത്തുകയും ചെയ്യുന്നത് വരെ അവൾ അവന് അനുവദനീയമാവുകയില്ല. പിന്നെ ആ***

***(രണ്ടാമത്തെ) ആൾ അവളെ വിവാഹ മോചനം ചെയ്തു കഴിഞ്ഞാൽ (വിവാഹ ബന്ധത്തിലേക്ക്) അവർ അന്യോന്യം തിരിച്ചു വരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല.' (2:231)***

പുരാതന കാലത്ത് അറബികൾ നിരവധി തവണ ഇഷ്ടമുള്ളപ്പോഴെല്ലാം ത്വലാഖ് ചൊല്ലുകയും വീണ്ടും തിരിച്ചെടുക്കുകയും ചെയ്യുമായിരുന്നു. ***' ഈലാഅ് '*** എന്നാണ് ഈ സമ്പ്രദായം അറിയപ്പെട്ടിരുന്നത്. ഹ: ആയിശ റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇങ്ങനെ നൂറു തവണ ത്വലാഖ് ചൊല്ലി തിരിച്ചെടുകയും സ്ത്രീകൾക്ക് ബന്ധം വിച്ഛേദിച്ച് മറ്റൊരു ഭർത്താവിനെ തിരഞ്ഞെടുക്കാൻ അവസരം നിഷേധിച്ച് അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്ന സംഭവം വിവരിക്കുന്നു. ഇസ്ലാം അങ്ങനെ തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടായി ചുരുക്കി. മൂന്നാമത് തിരിച്ചെടുക്കണമെങ്കിൽ ആ സ്ത്രീ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധന വെച്ചു. അവൾ മറ്റൊരാളെ വിവാഹം ചെയ്ത് സ്വാഭാവികമായ രീതിയിൽ അതും പ്രശ്നവശാൽ ത്വലാഖ് ചൊല്ലി ബന്ധവിച്ഛേദം നടത്തിയാലോ അല്ലെങ്കിൽ ഭർത്താവ് മരണപ്പെട്ടാലോ മാത്രമേ രണ്ട് തവണ ത്വലാഖ് ചൊല്ലിയ ഭർത്താവിന് വീണ്ടും അവളെ വിവാഹം ചെയ്യാൻ പാടുള്ളൂ. വിവാഹം കുട്ടിക്കളിയല്ലെന്നും അത് ഗൗരവമേറിയ ഉറച്ച ബന്ധമാണെന്നും ഇസ്ലാം ഈ ഉപാധി മുഖേന പ്രഖ്യാപിക്കുന്നു. റസൂൽ തിരുമേനി (സ) യുടെ നടപടിക്രമമനുസരിച്ച് ഒരു തവണ ത്വലാഖ് ചൊല്ലിയാൽ തന്നെ അതിന്റെ നിബന്ധനകൾ പൂർത്തിയാക്കിയാൽ ത്വലാഖ് നിലവിൽ വരും. അതിന് വിരുദ്ധമായി കോപാവേശത്താൽ വിവാഹ ബന്ധം എന്നെന്നേക്കുമായി വിച്ഛേദിക്കാൻ മൂന്ന് ത്വലാഖും ഒരുമിച്ചു ചൊല്ലി മൊഴി ചൊല്ലാറുണ്ട്. ഇത് പാടില്ലാത്തതും കുറ്റകരവുമാണെന്ന് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനങ്ങളിൽ നിന്ന് വളരെ വ്യക്തമാണ്. മൂന്നോ അതിലധികമോ ത്വലാഖ് ഒരേ ശ്വാസത്തിൽ ചൊലിയാൽ തന്നെ അവ ഒന്നായി മാത്രമേ പരിഗണിക്കു എന്നർഥം.

## ഹലാല അഥവാ ചടങ്ങിനിരിക്കൽ

കോപാവേശത്താൽ മൂന്ന് തവണ ഒറ്റടിക്ക് ചൊല്ലി തിരിച്ചെടുക്കാൻ കഴിയാത്ത രീതിയിൽ ത്വലാഖ് ചൊല്ലി (മുത്ത്വലാഖ്) പിന്നീട് വീണ്ടു വിചാരമുണ്ടായി അവളെ തന്നെ വിവാഹം കഴിക്കുന്ന സംഭവമുണ്ടാകാറുണ്ട്. വാസ്തവത്തിൽ അത് ഒരു ത്വലാഖാണ്. അങ്ങനെ വീണ്ടും അവളെ നിക്കാഹ് ചെയ്യണമെങ്കിൽ അവൾ മറ്റൊരാളെ വിവാഹം കഴിക്കണമെന്ന് നിബന്ധനയുള്ള പ്രസ്തുത ഖുർആൻ ആയത്ത് തടസ്സമായി നിൽക്കുന്നു. അപ്പോൾ നിയമ പ്രശ്നം മറികടക്കാൻ ഖുർആന്റെ ചൈതന്യത്തിന് വിരുദ്ധമായി താൽക്കാലികമായി ഒരു വിവാഹം കഴിക്കുന്നു. ഈ കടുത്ത ദുരാചാരത്തെയാണ് **'ഹലാല'** അഥവാ ചടങ്ങിനിരിക്കൽ എന്ന് പറയുന്നത്. ഇത് തികച്ചും അനിസ്ലാമികമായ ദുരാചാരമാണ്. മുത്ത്വലാഖും ഹലാലയും ദുരാചാര ത്തിന്റെ ഇരട്ട സന്താനങ്ങളാണ്. ചടങ്ങിനിരിക്കുന്നവനെയും അതിന് ശ്രമിക്കുന്നവനെയും ശപിച്ചിരിക്കുന്നു എന്ന് റസൂൽ തിരുമേനി(സ) പറഞ്ഞിട്ടുണ്ട്.

## വിവാഹ മോചനവും വിചാരണ കോടതികളും

ചുരുക്കത്തിൽ മുസ്ലിംകളൊഴികെ മറ്റു മതസ്ഥർക്ക് വിവാഹ മോചനം എന്നത് കോടതിയിൽ ബോധി പ്പിച്ച് തെളിയിക്കേണ്ട ഒരു നിയമ പ്രശ്നമാണ്. എന്നാൽ മുസ്ലിം വ്യക്തിനിയമത്തിൽ വിവാഹ മോചനത്തിനുള്ള കാരണം കോടതിയിൽ തെളിയിക്കുകയോ ബോധിപ്പിക്കുകയോ വേണ്ട. സ്ത്രീക്കും പുരുഷനും വിവാഹ ബന്ധം വേർപെടുത്താനുള്ള അനുവാദം ശരീഅത്ത് നൽകുന്നു. മാനസിക പൊരുത്തമില്ലായ്മ എന്നത് പലപ്പോഴും നിയമം പറയുന്ന കാരണങ്ങൾക്കെല്ലാം അതീതമായിക്കും. ദമ്പതിമാർ ക്കിടയിലെ സ്വകാര്യതകൾ കോടതി മുറികളിൽ വാദപ്രതിവാദം നടത്തി തെളിയിക്കുക എന്നത് ഒരു നിർഭാഗ്യകരമായ അവസ്ഥയാണ്. ഒരാളുടെ അന്തസ്സിനേയും ആഭിജാത്യത്തേയും ബാധിക്കുന്ന പ്രശ്നമാണ്. വിവാഹ മോചനം മതപരമായ ഒരു പാപ കൃത്യമായി കാണുന്ന ഹിന്ദു ക്രിസ്ത്യൻ സമൂഹങ്ങളിൽ കോടതി മുഖേന വിവാഹ മോചിതരായ വിഭാര്യന്മാർക്കും വിധവകൾക്കും പുനർവിവാഹം ഒരു പ്രശ്നമാണ്. അമുസ്ലിം സമൂഹങ്ങളുടെ വിവാഹ മോചനത്തോടുള്ള മനോഭാവം ഇങ്ങനെയായിരിക്കേ കോടതി വിവാദങ്ങളിൽ പരസ്യമാവുന്ന അവരുടെ സ്വകാര്യ ദൗർബല്യങ്ങൾ ഒരു പക്ഷേ വിവാഹ മോചിതരുടെ പുനർ വിവാഹത്തിന് കൂടുതൽ തടസ്സം നിൽക്കുന്നതായി മാറും. ചില ടി വി ചാനലുകൾ ഇത്തരം പ്രശ്ന കലുഷിതമായ ദാമ്പത്യ പ്രശ്നങ്ങൾ ഭാര്യയെയും ഭർത്താവിനേയും ഇരുത്തി പരസ്പരം പഴിപറഞ്ഞ് ചർച്ച ചെയ്ത് സംപ്രേക്ഷണം ചെയ്ത് പ്രേക്ഷകരെ രസിപ്പിക്കുന്നത് ലജ്ജാകരമല്ലേ?

ദമ്പതിമാരുടെ ജീവിത യാഥാർഥ്യങ്ങൾ കണ്ടറിഞ്ഞ ഇസ്ലാം പതിനാല് നൂറ്റാണ്ടുകളായി അനുവർത്തിച്ചു വരുന്ന വിവാഹ മോചന നിയമത്തിന്റെ ഗുണഭോക്താക്കളാണ് ആധുനിക ലോകത്തുള്ള വികസിത സിവിൽ സമൂഹങ്ങളും മറ്റു മതവിശ്വാസികളും. എന്നിട്ടും പഴി ഇസ്ലാമിനും മുസ്ലിം ശരീഅത്തിനും തന്നെ. അതിന് ഒരു പരിധി വരെ കാരണം മുസ്ലിം സമൂഹത്തിന്റെ യഥാസ്ഥിതികത്വവും ഉലമാക്കളുടെ ആധിപ

ത്യവുമാണ്. മുസ്‌ലിം വിവാഹം വേർപെടുത്താനാവാത്ത ഒരു വിശുദ്ധ ബന്ധമല്ലെന്നും അത് ബലവത്തും പാവനവുമായ ഒരു കരാർ ആണെന്നുമാണ് ഇസ്‌ലാം പറയുന്നത്. മറ്റു സിവിൽ കരാറുകൾ പോലെ ഉപാധികൾ പാലിച്ചില്ലെങ്കിൽ വിവാഹകരാറും ദുർബലമാകും എന്നാണ് ഇസ്‌ലാം പറയുന്നത്. ഇതാണ് ഇസ്‌ലാമിലെ വിവാഹ മോചനത്തിന്റെ ഏറ്റവും പുരോഗമന വശം. ഒറ്റശ്വാസത്തിൽ മൂന്ന് ത്വലാഖും ചൊല്ലി ബന്ധം വിച്ഛേദിക്കുന്ന അൽപ്പന്മാരായ ത്വലാഖ് വീരന്മാരും അതിന് ചൂട്ടുപിടിക്കുന്ന മുല്ലാ വർഗവുമാണ് ഇസ്‌ലാമിന്റെ ഈ സുന്ദരമായ സംവിധാനത്തെ വികലമാക്കുന്നത്. നിർഭാഗ്യവശാൽ ഇസ്‌ലാമിന്റെ ത്വലാഖ് നിയമങ്ങളുടെ സ്പിരിറ്റിന് യോജിക്കാത്ത ഈ നിയമം ഇന്ത്യയിലെ മുസ്‌ലിം പേഴ്സണൽ ലോയിൽ നിൽക്കുന്നു. ദുർബലമായ ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള അത്തരം മനുഷ്യത്വ വിരുദ്ധവും സ്ത്രീ വിരുദ്ധവുമായ നിയമങ്ങൾ പല മുസ്‌ലിം രാജ്യങ്ങളും ഉപേക്ഷിക്കുകയും തിരുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ മുത്വലാഖ് ഒരിക്കലും മാറ്റാൻ അനുവദിക്കില്ല എന്ന ഇന്ത്യയിലെ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിലെ പടുയാഥാസ്ഥിതികന്മാരുടെ മർക്കടമുഷ്ടിയാണ് ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ ലോകവ്യാപകമായി വിമർശനം വിളിച്ചുവരുത്തുന്നത്. മുസ്‌ലിം വ്യക്തി നിയമത്തിലെ വിവാഹമോചനത്തിനും ബഹുഭാര്യാത്വത്തിനും എതിരെ വിമർശ നം നടത്തിയാണ് ആദ്യം ബിജെപി പ്രചാരണം കൊഴുപ്പിച്ചത്. വിവാഹ മോചനം ആധുനിക സമൂഹത്തിന്റെ അനിവാര്യമായ ഒരാവശ്യമാണ് എന്ന് പതിയെ ബോധ്യപ്പെട്ട ബിജെപി മെല്ലെ ചുവടു മാറി വിമർശനം മുത്വലാഖിൽ കേന്ദ്രീകരിക്കുകയാണുണ്ടായത്.

### ബഹുഭാര്യത്വം

മറ്റു മതങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിനുള്ള പ്രത്യേകത ഇസ്‌ലാം ജീവിത വിരക്തിയെ അഥവാ പരിവ്രാജകത്വത്തെ അംഗീകരിക്കുന്നില്ല എന്നതാണ്. വിവാഹം കഴിക്കാതെ ബ്രഹ്മചര്യമാണ് ഉത്കൃഷ്ട ജീവിത മാതൃക എന്നാണ് മറ്റു മതങ്ങൾ പറയുന്നത്. എന്നാൽ വിവാഹ ജീവതമാണ് നമ്മുടെ മാർഗം ബ്രഹ്മചര്യം സ്വീകരിക്കുന്നത് നമ്മുടെ ചര്യയല്ല എന്ന് വിശുദ്ധ പ്രവാചകൻ അർഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. അതിലുപരി വിശുദ്ധ ഖുർആൻ വിവാഹം കഴിക്കാതെ ബ്രഹ്മചര്യം അനുഷ്ഠിക്കൽ ദൈവ സംപ്രാപ്തിക്കുള്ള മാർഗമല്ലെന്നും ഒരു കാലത്തും അങ്ങനെ ചെയ്യാൻ ദൈവം ആവശ്യപ്പെട്ടിട്ടില്ല എന്നും അവർ പറയുന്നത് പോലെ അവർക്ക് അത് പാലിക്കാൻ സാദ്ധ്യമല്ലെന്നും ഖുർആൻ പറയുന്നു. വിവാഹ ജീവിതം മനുഷ്യന് ആദ്ധ്യാത്മിക മാർഗമായി ശുപാർശ ചെയ്ത ഇസ്‌ലാംമതം വിവാഹ ജീവിതത്തിനുള്ള മാർഗ നിർദേശവും നൽകിയിട്ടുണ്ട്.

സാധാരണ നിയമം പറയുമ്പോൾ അതിന്റെ പൊതുനിയമമാണ് പറയുക. പൊതു നിയമം എന്ന നിലക്ക് ഏകഭാര്യയെ വേൾക്കാനാണ് ഖുർആന്റെ കൽപ്പന. മാത്രമല്ല ഏക ഭാര്യയെ മാത്രമേ വേൾക്കാൻ പാടുള്ളൂ എന്ന നിശ്ക്കർശിച്ചു പറഞ്ഞ ഏക മതഗ്രന്ഥവും ഖുർആൻ മാത്രമാണ്. ബഹുഭാര്യത്വം എന്നത് ഇസ്‌ലാമിൽ കർശനമായ ഉപാധികളോടെ ഖുർആൻ ശുപാർശ ചെയ്ത പ്രത്യേക വിവാഹമാണ് എന്ന് നാം ഓർക്കണം. അനാഥ സംരക്ഷണത്തിന്റെ ഭാഗമായും സമൂഹത്തിൽ യുദ്ധം മുഖേനയുണ്ടാകുന്ന പുരുഷന്മാർ കുറഞ്ഞ സമൂഹികാവസ്ഥ നേരിടാനുമാണ് ഖുർആൻ ബഹുഭാര്യത്വം മുഖ്യമായും അവതരിപ്പിച്ചത്.

***അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന മറ്റു സ്ത്രീകളിൽ നിന്നും ഒന്നോ രണ്ടോ മൂന്നോ നാലോ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക) (4: 3, 4)***

ഒരുവളെ വേൾക്കാനാണ് ഖുർആൻ പറയുന്നത്. ബഹുപത്നിമാരെ വേൾക്കണമെങ്കിൽ നീതി പാലനം എന്ന കർശനമായ ഉപാധിയാണ് ഖുർആൻ മുന്നോട്ട് വെക്കുന്നത്. നീതിപാലനത്തെ പറ്റി അതേ അദ്ധ്യായത്തിൽ ഖുർആൻ തുടർന്ന് പറയുന്ന മറ്റൊരു വചനം നോക്കൂ. ***'നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പുലർത്താനാകില്ല'*** (4:30)

ഏക ഭാര്യയെ മാത്രമേ വേൾക്കാൻ പാടുള്ളൂ എന്ന നിശ്ക്കർശിച്ചു പറഞ്ഞ ഏക മതഗ്രന്ഥവും ഖുർആൻ മാത്രമാണ്. ബഹുഭാര്യത്വം എന്നത് ഇസ്‌ലാമിൽ കർശനമായ ഉപാധികളോടെ ഖുർആൻ ശുപാർശ ചെയ്ത പ്രത്യേക വിവാഹമാണ് എന്ന് നാം ഓർക്കണം. അനാഥ സംരക്ഷണത്തിന്റെ ഭാഗമായും സമൂഹത്തിൽ യുദ്ധം മുഖേനയുണ്ടാകുന്ന പുരുഷന്മാർ കുറഞ്ഞ സമൂഹികാവസ്ഥ നേരിടാനുമാണ് ഖുർആൻ ബഹുഭാര്യത്വം മുഖ്യമായും അവതരിപ്പിച്ചത്.

ധനികരും നീതിപാലിക്കാൻ കഴിവുമുള്ള മനുഷ്യ സ്നേഹി കളും അവരുടെ ഭാര്യമാരുടെ സമ്മതത്തോടെ അനാഥകളെയും വിധവ കളെയും വിവാഹം ചെയ്ത് അവരെ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തുന്ന പുണ്യകർമമാണ് ഇത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്. അതിന് ആദ്യഭാര്യയുടെ സഹി ഷ്ണുതയും മനുഷ്യസ്നേഹവുമാ ണ് പ്രധാനം. അതൊരിക്കലും ആദ്യഭാര്യയുടെ നീതി നിഷേധ ത്തിൽ കലാശിക്കരുത്. ഇത്തരം ഉത്തമ മാതൃകകൾ സ്ത്രീകൾ കാഴ്ച്ച വെക്കുകയാണെങ്കിൽ അത്തരം വിവാഹങ്ങൾ തന്നെ ബഹുഭാര്യാത്വത്തെകുറിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടിയാകു മായിരുന്നു. അതിന് പകരം ദുർബലമായ ഇന്ത്യൻ ശരീഅത്ത് നിയമത്തിന്റെ മറവിൽ ദുസ്വഭാവി കളും ധനമോഹികളും ഒരു ഭാര്യയെ തന്നെ പോറ്റി വളർത്താൻ കഴിയാത്ത ദരിദ്രരുമായ ആളുകളാ ണ് ബഹുപത്നിമാരെ വിവാഹം കഴിച്ച് ഈ മഹത്തായ സംവിധാന ത്തെ അപകീർത്തി പ്പെടുത്തുന്നത്. അത്പോലെ ബഹുഭാര്യാത്വവും ബി ജെ പിക്ക് അത്ര സുഖമുള്ള മുസ്‌ലിം വിമർശന വിഷയമല്ല. കാരണം പുരാണേതിഹാസങ്ങളി ലെ അധിക മതപുരുഷന്മാരും കഥാനായകന്മാരും ബഹു പത്നി മാരുള്ളവരാണ്. നാം ജീവിക്കുന്ന സമകാലീന ലോകത്ത് ബിജെപി എംപിയായ ഹേമമാലിനിയുടെ ഭർത്താവും സിനിമാ നടനുമായ ധർമേന്ദ്ര രണ്ട് ഭാര്യമാരുള്ളയാളാ ണ്. കേന്ദ്രമന്ത്രി രാം വിലാസ് പാസ്വാനും ഉണ്ട് രണ്ട് കളത്രങ്ങൾ. യുപി മുൻ മുഖ്യമന്ത്രി ശ്രീ മുലായം സിംങ്ങ് യാദവ്, തമിഴ് നാട്ടിലെ ശ്രീ കരുണാനിധി എന്നിവർ രണ്ട് കെട്ടിയ ഇന്ത്യയിലെ ആദരണീയരായ ബഹുജന നേതാ ക്കന്മാരാണ്. ഈ ജീവിച്ചിരിക്കുന്ന ബഹുപത്നീ കേസരികൾ ഉണ്ടാ യിരിക്കെ ഇസ്‌ലാംമതത്തെ ബഹു ഭാര്യാത്വത്തിന്റെ പേരിൽ കുറ്റപ്പെടു ത്തുന്നത് അത്ര പന്തിയല്ല എന്ന് കണ്ടപ്പോഴായിരിക്കാം ബിജെപി മുത്ത്വലാഖിൽ കയറിപിടിച്ചത്. മാത്രമല്ല ബഹു ഭാര്യാത്വത്തെ പറ്റിയുള്ള സർവേ അവസാനമായി നടന്നത് 1960ലാണ്. ആ സർവേ യിൽ മുസ്‌ലിംകളേക്കാൾ (5.78%) അൽപ്പം കൂടുതൽ ബഹുഭാര്യത്വം ആചരിക്കുന്നത് ഹിന്ദുക്കളാണ് (5.80%) ഹിന്ദുക്കളിൽ ആദിവാസി കളിൽ 15-25 ശതമാനമാണ് ബഹുഭാര്യാത്വ നിരക്ക്. (End polygamy, Muslim woman pleads with SC. The Times Of India. 2001-05-12). അതിനാൽ ബഹു ഭാര്യാത്വത്തിന്റെ കണക്കുകൾ ഉദ്ധരിച്ച് ഏകീകൃത സിവിൽ കോഡിന് വേണ്ടി പ്രചാരണം നടത്താൻ സാദ്ധ്യമല്ല. അപ്പോൾ പ്രചാരണത്തിന്ന് നല്ലത് മുത്ത്വലാഖ് തന്നെ എന്ന് തീരുമാനിച്ചതായിരി ക്കാം ഇപ്പോഴത്തെ മുത്ത്വലാഖ് വിവാദത്തിന് ആധാരം. മുത്ത്വലാ ഖ് തീർച്ചായും മാറ്റേണ്ട ഒരു ദുരാചാരമാണ്. പക്ഷേ മുസ്‌ലിം വ്യക്തി നിയമത്തിൽ യാതൊന്നും തൊടാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് ലോ കമ്മീഷനെ ബഹിഷ് ക്കരിക്കാൻ ആഹ്വാനം ചെയ്യുന്ന മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ആണ് ആദ്യം പിരിച്ചു വിടേണ്ടത്.

## വരാനിരിക്കുന്ന വിചിത്ര സിവിൽ നിയമങ്ങൾ

ഏകീകൃത സിവിൽ കോഡാ ണല്ലോ നമ്മുടെ വിഷയം. എന്നാൽ ത്വലാഖും മുത്തലാഖും മൊഴി ചൊല്ലിയവൾക്ക് ചെലവിന് നൽകു ന്ന കേസും പഴങ്കഥയായി മാറു വാൻ പോകുകയാണ്. മതങ്ങളെ യും പാരമ്പര്യ മൂല്യങ്ങളെയും അവഗണിക്കുന്ന പരിഷ്കൃത ലോകത്തിന്റെ അത്യാധുനികവും വിചിത്രവുമായ ജീവിത പ്രശ്നങ്ങ ൾക്കുള്ള സിവിൽ കോഡുകൾ നമ്മുടെ രാജ്യത്തേക്ക് കടന്നു വന്നുകൊണ്ടിരിക്കുന്നു. ചിലത് കടന്ന് വരാനായി ക്യൂ നിൽക്കുക യും ചെയ്യുന്നു എന്ന കാര്യം എന്റെ യുക്തിവാദി സുഹൃത്തുക്കൾ തിരിച്ചറിയണം. അതിൽപ്പെട്ടതാണ് സറഗസി എന്ന് വിളിക്കപ്പെടുന്ന വാടക പ്രസവം. മറ്റൊന്ന് സ്വവർഗ വിവാഹമാണ് Same sex marriage (Gay marriage).

സ്വവർഗ രതി (Homosexuality) ഇന്ത്യൻ ശിക്ഷാനിയമത്തിലെ IPC-377ാം വകുപ്പ് പ്രകാരം കുറ്റകരമായ പ്രവർത്തിയാണ്. ഈ വകുപ്പ് വ്യക്തി സ്വാതന്ത്ര്യത്തിന് എതിരും ഭരണഘടനാ വിരുദ്ധവു മാണെന്നും പറഞ്ഞ് സ്വവർഗാനു രാഗികൾക്ക് അനുകൂലമായി 2009 ജൂലൈയിൽ ഡൽഹി ഹൈക്കോട തി ഒരു വിധി പുറപ്പെടുവിച്ചിരുന്നു. ഇന്ത്യയിൽ അങ്ങോളമിങ്ങോളം കോളിളക്കം സൃഷ്ടിച്ചതായിരുന്നു ആ വിധി. ബ്രിട്ടീഷ് വൈസ്റോയി മെക്കാളേ പ്രഭുവാണ് 377-ാം വകുപ്പ് പ്രകാരം സ്വവർഗ രതി കുറ്റകരമാണെന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിൽ കൂട്ടിചേർത്തത്. ഈ വകുപ്പ് പ്രകാരം ***'പ്രകൃതിയുടെ സ്വാഭാവിക മാർഗത്തിന് വിരുദ്ധ മായി ഒരു പുരുഷനുമായോ സ്ത്രീ യുമായോ മൃഗവുമായോ ലൈംഗിക ബന്ധം പുലർത്തുന്നത് ജീവപര്യ ന്തമോ പത്ത് വർഷം വരെ തടവോ പിഴയോ ഈടാക്കാവുന്ന കുറ്റമാണ്.'*** ഈ വകുപ്പ് വ്യക്തി സ്വാതന്ത്ര്യത്തിനും ഭരണഘടന ക്കും വിരുദ്ധമാണെങ്കിൽ പ്രസ്തു ത നിയമത്തിൽ പ്രതിപാദിച്ച മൃഗവുമായുള്ള മനുഷ്യ ലൈംഗിക വേഴ്ച്ചയും നിയമ വിധേയമാണെ ന്ന് പറയേണ്ടി വരും. ഏതായാലും സ്വവർഗ രതി നിയവിധേയമാണെ ന്ന് വിധിച്ച ഡൽഹി ഹൈക്കോടതി വിധിയെ റദ്ദ് ചെയ്ത് ബഹുമാന പ്പെട്ട സുപ്രിം കോടതി 2013 ഡിസംബർ 11 ന് മറ്റൊരു വിധി യിലൂടെ പഴയ സ്ഥിതി നിലനിർത്തു കയുണ്ടായി. ഇനി പാർലമെന്റ് നിയമം പാസ്സാക്കാതെ സ്വവർഗ രതി നിയമാനുസൃതമാക്കി ക്കൊണ്ട് ഇന്ത്യയിൽ നിയമമുണ്ടാവില്ല.

പ്രശ്നങ്ങൾ അവിടെ ഒതു ങ്ങുന്നില്ല. സ്വവർഗ വിവാഹത്തിന്റെ പ്രശ്നം LGBT സമൂഹം ഇന്ത്യയിലും

ഉയർത്തി ക്കൊണ്ടിരിക്കുക യാണ്. ആരാണ് ഈ LGBT സമൂഹം. Lesbians (സ്ത്രീ സ്വവർഗാനുരാഗികൾ) Gay (പുരുഷ സ്വവർഗാനുരാഗികൾ) Bisexual (ദ്വിലിംഗ പ്രണയികൾ) Transgender (ലിംഗ മാറ്റം നടത്തിയവർ) എന്നിവരുടെ കൂട്ടായ്മയാണ് LGBT സമൂഹം. ഇതൊരു ജനിതക വൈദ്യശാസ്ത്ര പ്രശ്നം എന്ന രീതിയിൽ ഭരണ കൂടങ്ങളും നീതി പീഢങ്ങളും കാരുണ്യപൂർണ്ണമാണ് സമീപനമാണ് അവരോട് സ്വീകരിക്കേണ്ടത് എന്ന കാര്യത്തിൽ തർക്കമില്ല.

യൂറോപ്പിൽ Same sex marriage, സ്വവർഗ വിവാഹം അംഗീകൃത നിയമമായിക്കഴിഞ്ഞു. അർജന്റീന, അമേരിക്ക, ബ്രസീൽ, കാനഡ, കൊളംബിയ, ഡെന്മാർക്ക്, ഫ്രാൻസ്, ഇംഗ്ലണ്ട്, സ്പെയിൻ തുടങ്ങി 21 യൂറോപ്യൻ രാജ്യങ്ങളാണ് സ്വവർഗ വിവാഹം നിയമപ്രകാരം അംഗീകരിച്ചിരിക്കുന്നത്. 2001-ൽ നെതർലാന്റിൽ ആണ് പുരുഷനും പുരുഷനും തമ്മിലുള്ള വിവാഹത്തിന് ആദ്യമായി നിയമ പ്രാബല്യം നൽകിയത്. സ്വവർഗ പ്രേമികൾക്ക് സാധാരണ ദമ്പതിമാരെപോലെയുള്ള പിൻന്തുടർച്ചാവകാശം, നികുതി നിയമങ്ങൾ, വിവാഹ-വിവാഹ മോചന നിയമങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ, ദത്തെടുക്കാനുള്ള അവകാശം മുതലായ എല്ലാ നിയമ പരിരക്ഷകളും ആനുകൂല്യങ്ങളും ഇവിടങ്ങളിലെ പല രാജ്യങ്ങളിലും ലഭിക്കുന്നു. യൂറോപ്പിലെ മിക്ക സ്വവർഗ രതിക്കാർക്കും യുഗ്മജീവിതവും (Union) പങ്കാളിത്ത ജീവിതവും (Partnership) നിയമപരമായി അനുവദിക്കപ്പെട്ടിട്ടുണ്ട്. കുട്ടികളെ ദത്തെടുത്തോ സ്വന്തം ഭ്രൂണമോ ബീജമോ ഉപയോഗിച്ച് വാടക പ്രസവത്തിലൂടെ ശിശുവി നെ സമ്പാദിച്ച് കുടുബമായി ജീവിക്കാനും ചില രാജ്യങ്ങൾ അവരെ അനുവദിക്കുന്നു. അങ്ങനെ വരുമ്പോൾ സ്വവർഗ്ഗ ദമ്പതികളുടെ ശിശുവിന് മാതാവിനേയോ പിതാവിനേയോ ലഭിക്കാനുള്ള അവകാശമല്ലേ ഇവിടെ നിഷേധിക്കപ്പെടുന്നത്. ഇങ്ങനെ യുക്തിപരവും നൈതികവുമായ നിരവധി പ്രശ്നങ്ങൾ ഇത്തരം ആധുനിക നിയമ നിർമാണങ്ങൾ ഉയർത്തുന്നു. ഇന്ത്യയിലേക്കും ഈ നിയമം സിവിൽ നിയമമായി കടന്നു വരാൻ പടിവാതിക്കൽ നിൽക്കുകയാണ്.

ആധുനിക പരിഷ്കൃതിയുടെ മറ്റൊരു പരീക്ഷണമാണ് സറഗസി (Surrogacy) എന്ന് വിളിക്കുന്ന വാടക പ്രസവം. ശാരീരിക വൈകല്യങ്ങൾ കൊണ്ടോ ഗർഭിണിയാകാനുള്ള മനസ്സില്ലായ്മ കൊണ്ടോ നൽക്കുന്ന സ്ത്രീകൾ ഗർഭം ചുമക്കാനായി അന്യസ്ത്രീകളുടെ ഗർഭപാത്രം തുക നിശ്ചയിച്ചോ അല്ലാതെയോ വാടകക്കെടുക്കുന്ന ആധുനിക മെഡിക്കൽ സമ്പ്രദായമാണ് സറഗസി (Surrogacy) അഥവാ വാടക പ്രസവം. ഭാര്യയുടെ അണ്ഡവും ഭർത്താവിന്റെ ബീജവും എടുത്ത് ലാബിൽ ബീജസങ്കലനം നടത്തി ആരോഗ്യവതിയായ മറ്റൊരു സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ച് ശിശുവിനെ ഉദ്പാദിപ്പിക്കുന്ന പ്രക്രിയയാണ് സറഗസി. അണ്ഡ ദാതാക്കളായ ദമ്പതികളെ ബയോളജിക്കൽ പാരന്റ്സ് എന്നാണ് വിളിക്കുക. ഗർഭം ചുമക്കുന്ന സ്ത്രീയെ സറഗേറ്റഡ് മദർ എന്നും.

മനുഷ്യ ശിശുവിനെ വെറുമൊരു ചരക്കും ഗർഭം ചുമക്കുന്ന സ്ത്രീയെ ഒരു നിർമാണോപകരണവുമാക്കിത്തീർക്കുന്ന ഈ ശിശു നിർമാണ വ്യവസായം (സറഗസി) ഇന്ത്യയിൽ ഫെർട്ടിലിറ്റി ക്ലിനിക്കുകളിലൂടെ ലക്കും ലഗാനുമില്ലാതെ വളരുകയായിരുന്നു. 2012 ൽ ഐക്യരാഷ്ട്ര സഭയുടെ ഒരു ഏജൻസിയുടെ സഹായത്തോടെ നടത്തിയ പഠനത്തിൽ ഇന്ത്യയിൽ 3000 ക്ലിനിക്കുകളിൽ 400 ദശലക്ഷം ഡോളറിന്റെ വൻ വ്യവസായമായി വാടക പ്രസവ വ്യവസായം മാറിയിരിക്കുന്നു. വാടകപ്രസവത്തിന്റെ അമ്പരപ്പിക്കുന്ന വർധനവും ദുരുപയോഗവും കണ്ട് ലോ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ആരോഗ്യ മന്ത്രി ജെ. പി. നദ്ദ ഇന്ത്യൻ പാർലമെന്റിൽ Surrogacy (Regulation) Bill, 2016 നവംബറിൽ കൊണ്ടുവന്നത്. Assisted Reproductive Technologies (ART) സഹായാധിഷ്ഠിത പ്രത്യുൽപാദന ടെക്നോളജി എന്നാണ് അതിന്റെ സാങ്കേതിക നാമം. നോട്ട് നിരോധനത്തിന്റെ ബഹളത്തിനിടയിൽ അവതരിപ്പിച്ചതിനാൽ ഈ ബില്ല് അത്ര ശ്രദ്ധ പിടിച്ചു പറ്റിയിട്ടില്ല. ബില്ലിൽ സാമ്പത്തിക പ്രതിഫലം പറ്റികൊണ്ട് വാടക പ്രസവത്തിന്റെ വാണിജ്യവത്ക്കരണം തടഞ്ഞിരിക്കയാണ്. കുട്ടികളുണ്ടാകാൻ തടസ്സങ്ങളുള്ളവരും നിയമപരമായി വിവാഹം ചെയ്ത ദമ്പതിമാർക്കും മാത്രമാണ് വാടകക്കാരിയായ ഗർഭം ചുമക്കുന്നവളുടെ അഥവാ അപര മാതാവിന്റെ (Surcagate Mother) സേവനം ലഭ്യമാക്കാൻ പാടുള്ളൂ. ദമ്പതിമാർക്ക് നിലവിൽ കുട്ടികളോ ദത്തെടുത്ത കുട്ടികളോ ഉണ്ടാവാൻ പാടില്ല. സറഗേറ്റ് മദർ അടുത്ത ബന്ധുവും അവർക്ക് ഒരു കുട്ടിയെങ്കിലും ഉണ്ടായിരിക്കണം, ഏക വ്യക്തിക്ക് ഈ സേവനം ലഭ്യമല്ല ഇങ്ങനെ പല നിബന്ധനകളും ആ നിയമത്തിലുണ്ട്.

2017 ജനുവരി മാസത്തെ Political and Economic Weekly യിൽ Suragacy and Law of Maternity Benefit എന്ന തലക്കെട്ടിൽ അലോക് പ്രസന്ന എഴുതിയ ലേഖനത്തിൽ ചെന്നൈ, കേരള, ഡൽഹി, മുംബൈ, ഛത്തീസ്ഖഢ് ഹൈക്കോടതികൾ സറഗേറ്റ് മാതാവിന് (വാടക ഗർഭം ചുമക്കുന്ന മാതാക്കൾക്ക്) തന്റെ കുഞ്ഞിനെ ഗർഭം ചുമക്കാനേൽപ്പിച്ച ഉദ്യോഗ സ്ഥകൾക്ക് മെറ്റേർണിറ്റി ആനുകൂല്യങ്ങൾ നിഷേധിച്ചപ്പോൾ ഫയൽ ചെയ്ത കേസുകളുടെ വിധികൾ പഠിച്ചുകൊണ്ടെഴുതിയ ഒരു ലേഖനമുണ്ട്. എല്ലാ കേസുകളിലും

ബയോളജിക്കൽ മാതാക്കൾക്ക് ആനുകൂല്യം അനുവദിച്ചുകൊണ്ടാ യിരുന്നു വിധി വന്നെതെങ്കിലും മാതൃത്വത്തെ സംബന്ധിച്ചും ഉദ്യോഗസ്ഥകളുടെ പ്രസവിക്കാനു ള്ള വിമുഖതയെക്കുറിച്ചും പ്രസവാ വധിയുടെ ആനുകൂല്യങ്ങളുടെ യുക്തിയെ സംബന്ധിച്ചും ബഹു മാനപ്പെട്ട ജഡ്ജിമാർ നടത്തിയ വിശദവും വ്യത്യസ്തവുമായ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.

9 മാസം ഗർഭം ചുമക്കുന്ന ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ബോളിവുഡിലെ സിനിമാതാര ങ്ങളിൽ പലരും സറഗസിയെയാണ് ആശ്രയിക്കുന്നത്. ഷാറൂക്ക് ഖാൻ ഗൗരി ദമ്പതികൾക്ക് ഒരു കുഞ്ഞ് സറഗേറ്റഡ് ആണ് എന്നാണ് മാധ്യമ ങ്ങളിലൂടെ അദ്ദേഹം തന്നെ അറിയി ച്ചത്. പാർലമെന്റിൽ നിയമമാകാനി രിക്കുന്ന ബില്ല് ഒരു മുന്നറിയിപ്പാണ്. യഥാർഥ ആവശ്യക്കാർക്ക് മാത്രമേ സറഗസി പാടുള്ളൂ എന്നും കൊമേഴ്സിയൽ സറഗസി പാടില്ല എന്നും ബില്ലിൽ പറയുന്നുണ്ടെ ങ്കിലും സ്വകാര്യ മേഖലയിലെ പ്രൈവറ്റ് ക്ലിനിക്കുകളാണ് ഇതെ ല്ലാം നടത്തുന്നത്. വൻ ലാഭസാദ്ധ്യ തയുള്ള ഈ വ്യവസായം സ്വകാര്യ മേഖലയിൽ എത്രത്തോളം സുരക്ഷി തമാണ് എന്ന് ഊഹിച്ചാൽ മതി.

ഈ പരിഷ്കൃത ലോകത്ത് ഗർഭധാരണം എന്നത് ഒരു രോഗാവസ്ഥ പോലെ ആശുപത്രി യുമായി ബന്ധപ്പെട്ട ഒരു ചികിത്സാ പരിപാടിയാണ്. അത് ആധുനിക വനിതകൾക്ക് വളരെ ഭാരിച്ചതും ആനന്ദകരമായ അവരുടെ ഫാഷൻ ജീവിതത്തിന് തടസ്സവുമാണ്. അതേ സമയം അവർക്ക് കുട്ടികളെ കിട്ടുകയും വേണം. പണമുള്ളവർ ഗർഭം ചുമക്കാൻ കൂലിക്കാരിയെ ഏൽപ്പിക്കുന്ന കാലം വിദൂരമല്ല. ഗർഭധാരണവും ഗർഭം ചുമക്കുന്ന മാതാവ് തന്റെ കുഞ്ഞിനെക്കുറിച്ച് കാണുന്ന സ്വപ്നങ്ങളും വേദനാ നിർഭരമായ ത്യാഗങ്ങളുമാണ് മാതൃ ത്വത്തെ സ്വാർഥകവും വൈകാരിക വുമായ ഒരു ജൈവികാനുഭവ മാക്കി മാറ്റുന്നത്. ഗർഭധാരണവും പ്രസവവും മാതൃത്വത്തിന്റെ അവി ഭാജ്യമായ ഘടകമാണെന്ന് ആയിര ത്തിനാനൂറുവർഷങ്ങൾക്ക് മുമ്പ് ഖുർആൻ പറഞ്ഞ ഒരു വാക്യം യുക്തിവാദി സുഹൃത്തുക്കളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഖുർആൻ പറയു ന്നു. ***'അവരെ പ്രസവിച്ച സ്ത്രീകൾ തന്നെയാണ് അവരുടെ മാതാക്കൾ.' (58:3)*** ഗർഭധാരണവും പ്രസവവും മാതൃത്വത്തിൽ നിന്നു വേർപെടു ത്തുന്ന ഇത്തരം നിയമങ്ങളോട് യുക്തിവാദി സഹോദരന്മാരുടെ നിലപാട് അറിയാൻ ആഗ്രഹമുണ്ട്. പ്രകൃതിയിലേക്ക് മടങ്ങുക അഥവാ അടിസ്ഥനങ്ങളിലേക്ക് മടങ്ങുക (*Back to basic*) എന്ന മുദ്രാവാക്യം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് മാത്രം മതിയോ? മനുഷ്യന്റെ പ്രത്യുൽപ്പാദന വ്യവസ്ഥ യന്ത്ര വൽക്കരിക്കപ്പെടുകയും വാണിജ്യ വത്ക്കരിക്കപ്പെടുകയും ചെയ്യുന്ന തിൽ നമുക്ക് യാതൊരു എതിർപ്പു മില്ലേ?

കടങ്കഥപോലെ വിചിത്രമായ ജനിറ്റിക്കൽ റിപ്രോഡക്റ്റീവ് ബയോളജിയുടെ മറ്റൊരു വിചിത്ര പ്രത്യുൽപാദന സമ്പ്രദായം ഗ്രേറ്റ് ബ്രിട്ടനിൽ നിയമമായിരിക്കുന്നു. മേൽ പ്രസ്താവിച്ച പ്രത്യുൽപാദന ങ്ങളെല്ലാം ഒരു സ്ത്രീയുടെ അണ്ഡ വും പുരുഷന്റെ ബീജവും തമ്മിൽ സങ്കലനം നടത്തി ശിശുവിനെ ഉദ്പാദിപ്പിക്കലാണല്ലോ. എന്നാൽ രണ്ട് മാതാക്കളുടെ അണ്ഡ കോശങ്ങളിലെ ജനിതക വസ്തുക്ക ളും ഒരു പുരുഷന്റെ ബീജവും എടുത്ത് കൊണ്ട് കൃത്രിമ ബീജ സങ്കലനം നടത്തി ഉൽപാദിപ്പി ക്കുന്ന ഒരു വിദ്യ ആവിഷ്കൃതമാ യിരിക്കുന്നു. Cytoplasmic Transfer എന്നാണ് ഈ പ്രക്രിയ അറിയ പ്പെടുന്നത്. അതായത് സ്ത്രീയുടെ അണ്ഡത്തിന്റെ പ്രധാന ഭാഗം അതിന്റെ കേന്ദ്ര ഭാഗത്തുള്ള ന്യൂക്ലി യസ്സാണ്. മനുഷ്യന്റെ പാരമ്പര്യ ഘടകങ്ങളുടെ അടിസ്ഥാനമായ ജീനുകളുള്ള ക്രോമോസോം അതിനകത്താണ്. അതുകൂടാതെ മൈറ്റോ കോൺഡ്രിയ, ലൈസോ സോം തുടങ്ങി 14 ഓളം ഘടകങ്ങൾ അണ്ഡകോശത്തിലുണ്ട്. അണ്ഡ ത്തിലെ മൈറ്റോ കോൺഡ്രിയക്ക് തകരാർ ഉണ്ടായാൽ ജനിതക വൈകല്യങ്ങളുള്ള ശിശു ജനിക്കും. തകരാറുള്ള മൈറ്റോകോൺഡ്രിയ ഉള്ള അണ്ഡത്തിൽ നിന്ന് ന്യൂക്ലി യസ്സ് മാത്രം എടുത്ത് മറ്റൊരു സ്ത്രീ യുടെ ആരോഗ്യമുള്ള അണ്ഡത്തി ലെ ന്യൂക്ലിയസ് നീക്കി പകരം ഈ ന്യൂക്ലിയസ്സ് നിക്ഷേപിക്കുന്നു. എന്നിട്ട് പുരുഷന്റെ ബീജവുമായി സങ്കലനം നടത്തി ശിശുവിനെ ഉദ്പാദിപ്പിക്കുന്നു. ഫലത്തിൽ ശിശു വിന് രണ്ട് ജനിതക മാതാക്കളും ഒരു പിതാവും അങ്ങനെ മൂന്ന് ജനിതക രക്ഷിതാക്കളുള്ള ശിശുക്കളാണ് ബ്രിട്ടനിൽ ജനിച്ചു കൊണ്ടി രിക്കുന്നത്.

കോടാനുകോടി വർഷങ്ങളാ യി പ്രകൃതിയുടെ ഈ സ്വച്ഛ വിശുദ്ധമായ പ്രജനന രീതി ജനിറ്റി ക്ക് എഞ്ചീനിയറിങ്ങിലൂടെ ആധുനി ക മനുഷ്യൻ മാറ്റിമറിക്കാൻ ശ്രമിക്കുകയാണ്. മനുഷ്യന് സുഖ വും പ്രയോജനവും നൽകുന്ന തെല്ലാം നീതീകരിക്കപ്പെടേണ്ടതാണ് എന്നതാണ് പ്രയോജനവാദം (Pragmatism). ഈ പ്രയോജനവാദ ത്തിന്റെ നൈതിക ബോധം വെച്ചു പുലർത്തുന്ന നിയമജ്ഞരും ആധു നിക ഭൗതിക സമൂഹവും ഭരണാ ധികാരികളും മെഡിക്കൽ സയൻ സുമെല്ലാം ഒരു കാര്യം ഓർക്കണം. മതങ്ങൾ വാശിയോടെ കാത്തു സൂക്ഷിക്കുന്ന സനാതന നൈതിക മൂല്യങ്ങളെ ഒറ്റയടിക്ക് നിഷേധി ക്കരുത്. ദൈവം നമുക്ക് നൽകിയ യുക്തി ഉപയോഗിച്ച് നാം കാര്യങ്ങൾ തിരുത്തുക. പക്ഷേ കാലം ശരി യാണെന്ന് തെളിയിക്കേണ്ട പല മൂല്യങ്ങളും എല്ലാ മതങ്ങളിലുമു ണ്ടെന്ന് യുക്തിവാദികളടക്കം നാം എല്ലാവരും വിനയത്തോടെ തിരിച്ചറി യേണ്ടതുണ്ട് എന്നഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പി ക്കുന്നു. (അവസാനിച്ചു)

# ഇബ്നുബത്തൂത്ത : മഹാനായ സഞ്ചാരി

ജ്ഞാനമന്വേഷിച്ച് ദേശങ്ങൾ താണ്ടിയ ഇബ്നുബത്തൂത്ത യുടെ സഞ്ചാരക്കുറിപ്പുകൾ മദ്ധ്യകാലഘട്ടത്തിലെ ചരിത്ര രേഖകൾ കൂടിയാണ്.

**ആരിഫ് മുനവ്വർ**

***'ജ്ഞാനസമ്പാദനത്തിനുള്ള വഴി ആരാണോ തിരഞ്ഞെടുക്കുന്നത് അവന്റെ സ്വർഗ്ഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കിക്കൊടുക്കും.... അറിവാളിയായ ഒരാൾ ആരാധിക്കുന്നവനേക്കാൾ മീതെയാണ്. മറ്റു ഗ്രഹങ്ങളേക്കാൾ ചന്ദ്രൻ ഉയർന്നു നില്ക്കുന്നത്പോലെ. ജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാരാകട്ടെ ഒരു ദിർഹമോ ദീനാറോ അനന്തരാവകാശസ്വത്തായി അവശേഷിപ്പിച്ചുപോകാറില്ല. ജ്ഞാനം മാത്രമാണ് അവരുടെ ശേഷിപ്പ്. ആരാണോ ആ സമ്പത്ത് സ്വായത്തമാക്കുന്നത് അവൻ വലിയ സ്വത്ത് കരസ്ഥമാക്കി!'***

പ്രവാചകന്റെ ഇത്തരം അനുജ്ഞകൾ മൂലം മുസ്‌ലിംകൾ ചരിത്രത്തിലുടനീളം അജ്ഞാതമായ അതിർത്തികൾ ഭേദിച്ച് അപരിചിതമായ സംസ്കാരങ്ങളെ തേടിയും പ്രഗല്ഭമതികളായ ജ്ഞാനികളെ അന്വേഷിച്ചും ദീർഘദൂരങ്ങൾ സഞ്ചരിച്ചു. ഇങ്ങനെ ജ്ഞാനാന്വേഷികളായ സഞ്ചാരികളിൽ മുസ്‌ലിം ലോ കത്ത് എക്കാലത്തേയും ഏറ്റവും വലിയ സഞ്ചാരിയാണ് ഇബ്നുബത്തൂത്ത. മുപ്പത് വർഷക്കാലം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സഞ്ചാരപഥം 75,000 മൈലുകളാണ് (1,24000 കി.മീ) പിന്നിട്ടത്. ഈ ദൂരം പതിമൂന്നാം നൂറ്റാണ്ടിൽ വെനീസിൽ നിന്നും ചൈനയിലേക്ക് മാർക്കോപോള സഞ്ചരിച്ചതിന്റെ ഏകദേശം മൂന്നിരട്ടിയാണ്. പാശ്ചാത്യദേശങ്ങളിൽ ഇബ്നുബത്തൂത്ത കൂടുതൽ അറിയപ്പെട്ടിരുന്നില്ല. അതിന് പ്രധാന കാരണം അദ്ദേഹം ഒരു മുസ്‌ലിമായിരുന്നു എന്നതാണ്. മാത്രമല്ല അദ്ദേഹം സഞ്ചരിച്ചിരുന്നത് മിക്കവാറും മുസ്‌ലിം ദേശങ്ങളിലൂടെയായിരുന്നു. ജ്ഞാനാന്വേഷണം മാത്രമായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരത്തിനു പ്രചോദനം. ഈ യാത്രയിൽ അദ്ദേഹം മൊറൊക്കോ, ഈജിപ്ത്, സിറിയ, ഇന്ത്യ, സോമാലിയ, താൻസാനിയ, ചൈന, തുർക്കി, ഉക്രെയിൻ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക സൗദി അറേബ്യ മുതലായ 44 രാജ്യങ്ങളിലൂടെ സൂഫികൾ, നിയമജ്ഞന്മാർ, നിഗൂഢസിദ്ധന്മാർ, മാന്ത്രികന്മാർ, മുതലായ നിരവധി വ്യക്തിത്വങ്ങളെ കണ്ടുമുട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകൾ ഇസ്‌ലാമിക ചരിത്രത്തെപറ്റിയുള്ള ജ്ഞാനം മാത്രമല്ല അവാച്യമായ സാഹിത്യലാവണ്യത്തിന്റെ അനുഭൂതികൂടി നൽകുന്നു.

ആരാണ് ഇബ്നുബത്തൂത്ത? അദ്ദേഹത്തിന്റെ തന്നെ സഞ്ചാരക്കുറിപ്പുകൾ നോക്കിയാൽ അദ്ദേഹത്തെക്കുറിച്ച് കുറഞ്ഞ അറിവ് മാത്രമേ നമുക്ക് ലഭിക്കൂ. അദ്ദേഹം മോറോക്കോയിലെ താൻജീറിൽ ക്രി. വ. 1304 ഫെബ്രുവരി 24നാണ് ജനിച്ചത്. മരിച്ചത് ക്രി. വ. 1369ലും. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ക്രി. വ. 1326 ജൂൺ 15നാണ് അദ്ദേഹം താൻജീർ വിടുന്നത്. ഒടുവിൽ ആ യാത്ര മൊറോക്കോയിലാണ് അവസാനിക്കുന്നത്. ഇബ്നു ജുസെയ്യാ എന്ന് പേരുള്ള ഒരു പണ്ഡിതന് തന്റെ യാത്രാസംഭവങ്ങൾ അദ്ദേഹം പറഞ്ഞുകൊടുത്തെഴുതിക്കുകയുണ്ടായി. ഈ യാത്രാകുറിപ്പുകൾ 'ഇബ്നുബത്തൂത്തയുടെ സഞ്ചാരങ്ങൾ' (റിഹ്‌ലതു ഇബ്നുബത്തൂത്വഃ) എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പതിനാലാം നൂറ്റാണ്ടിൽ 'റിഹ്‌ല' (സഞ്ചാരം) കുറിപ്പുകൾ എഴുതുക എന്നത് ഇസ്‌ലാമിക ലോകത്തെ പൊതുസാഹിത്യപ്രവണതയായിരുന്നു. മുസ്‌ലിം സഞ്ചാരികളും പണ്ഡിതന്മാരും മക്കയിലേക്കും മറ്റിടങ്ങളിലേക്കുമുള്ള ഇത്തരം നിരവധി സഞ്ചാരക്കുറിപ്പുകളെഴുതിയിട്ടുണ്ട്. ഇബ്നുബത്തൂത്ത പദയാത്രികനായും കഴുതപുറത്തും ഒട്ടകപുറത്തുമായാണ് ആയിരക്കണക്കിന് കി.മീ. ദൂരം താണ്ടിയത്. കഠിനച്ചൂടി

നാൽ തപിക്കുന്ന മരുഭൂമിയിലൂടേയും, മരം കോച്ചുന്ന തണുപ്പുള്ള പർവതങ്ങളിലൂടേയും ആർത്തലക്കുന്ന മഹാസാഗരങ്ങളിലൂടേയും അദ്ദേഹം സഞ്ചരിച്ചു. കൊള്ളക്കാരുടേയും കടൽകൊള്ളക്കാരുടേയും നിരന്തരഭീഷണിയിലായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം. ജ്ഞാനം അന്വേഷിച്ചുള്ള സമുജ്വലമായ ഈ സഞ്ചാരഗതിയിൽ അദ്ദേഹം അതൊന്നും ഗൗനിച്ചില്ല. അദ്ദേഹത്തിന്റേത് വെറുമൊരു സാഹസിക യാത്ര മാത്രമായിരുന്നില്ല. അറിവ് നേടാനും അനുഭവങ്ങൾ ആർജിച്ച് പ്രപഞ്ചസ്രഷ്ടാവിന്റെ അനന്തമായ സൃഷ്ടിരാശികൾക്ക് സാക്ഷ്യം വഹിക്കാനുമായിരുന്നു ആ സഞ്ചാരങ്ങൾ. റസൂൽ തിരുമേനി(സ)യുടെ ഒരു മഹത്തായ വചനത്തിന്റെ ജീവൽ പ്രതീകമായിരുന്നു അദ്ദേഹം.

***'ചൈനയിൽ പോയെങ്കിലും അറിവ് കരസ്ഥമാക്കുക. അറിവിന്റെ ആർജനം ഓരോ മുസ്ലിമിന്റേയും ബാദ്ധ്യതയാണ്.' എന്നതായി രുന്നു റസൂൽ തിരുമേനി(സ) യുടെ ഉപദേശം.***

## ഇബ്നു ബത്തൂത്തയുടെ യാത്രാപഥം

മംഗോളികൾ ആക്രമണത്തിനു ശേഷം ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ബത്തൂത്ത ലോക സഞ്ചാരം ആരംഭിക്കുന്നത്. ബത്തൂത്ത ദരിദ്രനായിരുന്നെങ്കിലും അദ്ദേഹത്തിന് ആഹാരം ലഭിച്ചു. വിനോദങ്ങളിലേർപ്പെട്ടു. കച്ചവടക്കാരനും മംഗോളർ രാജാക്കന്മാരും അദ്ദേഹത്തെ രാജോചിതമായി പരിചരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ രാജാക്കന്മാർ സൂഫികൾ എന്നിവരുമായുള്ള അഭിമുഖങ്ങളും മറ്റു നിരവധി വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എത്രത്തോളമെന്നാൽ ആധുനിക ഭൂമിശാസ്ത്രന്മാർക്ക് ആവശ്യമായ വിവിധ പരിസ്ഥിതി പ്രദേശങ്ങളുടെ വിവരണം, വിദൂരദിക്കുകളിൽ നിന്നുള്ള ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന വൻനഗരങ്ങൾ, തുറമുഖങ്ങൾ, കടൽ എന്നിവയുടെ വിശദ വിവരങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിൽ കാണാം. ഇതെല്ലാം അദ്ദേഹത്തിന്റെ സഞ്ചാര കഥകളെ വളരെ രസകരമാക്കിത്തീർക്കുന്നു.

## ക്രി.വ. 1325-1327 വരെയുള്ള കാലം മൊറോക്കോയിൽ നിന്നും മക്കയിലേക്കുള്ള യാത്ര

ആദ്യത്തെ അദ്ദേഹത്തിന്റെ യാത്ര മക്കയിലേക്കായിരുന്നു. ആധുനികലോകത്തെ അൾജീറിയ, ടുണീസ്, ലിബിയ, ഈജിപ്ത്, ജെറുസലേം, സിറിയ, സൗദ്യഅറേബ്യ എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ചാണ് അദ്ദേഹം മക്കയിലെത്തുന്നത്.

വടക്കെ ആഫ്രിക്ക, മദ്ധ്യപൗരസ്ത്യദേശം എന്നിവിടങ്ങളെ പറ്റി തന്റെ സ്വന്തം നിരീക്ഷണങ്ങൾ ധാരാളമായി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് താഴെ കാണുന്നത് ദമാസ്കസിലെ സാമൂഹ്യസുരക്ഷാസംവിധാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒരു നിരീക്ഷണമാണ്.

*'ദമാസ്കസിലെ മതധർമസ്ഥാപനങ്ങളുടെ വൈവിധ്യങ്ങളും അവയുടെ ചിലവുകളും എണ്ണികണക്കാക്കാൻ കഴിയില്ല. നിർധനരായ യുവതികളുടെ വിവാഹം, ജയിൽ ശിക്ഷയനുഭവിക്കുന്നവരുടെ മോചനം, മുതലായവയുടെ ചിലവുകൾക്ക് വേണ്ടിയുള്ള ധർമസ്ഥാപനങ്ങളുണ്ട്. സഞ്ചാരികൾക്കുള്ള ധർമസ്ഥാപനങ്ങൾ, സഞ്ചാരികൾക്ക് ഭക്ഷണവും, വസ്ത്രങ്ങളും, യാത്രാചിലവും നൽകുന്നു; തെരുവുകളുടെ പുനർനിർമാണത്തിനും നടപ്പാതകൾ നിർമിക്കുന്നതിനും ധർമസ്ഥാപനങ്ങളുണ്ട്. ഇക്കാരണത്താൽ ദമാസ്ക്കസിലെ എല്ലാ തെരുവുകളും ഇരുവശങ്ങളിലും നടപ്പാത ഉള്ളതാണ്. പദയാത്രകൾ നടപ്പാതയിലൂടെയും വാഹനങ്ങൾ (മൃഗങ്ങൾ വലിക്കുന്നവ) മദ്ധ്യത്തിലുള്ള തെരുവിലൂടേയും സഞ്ചരിക്കണം (1)*

അദ്ദേഹം നൈൽനദി അലക്സാണ്ട്രിയ, കൈറോ എന്നിവയുടെ വാങ്മയ ചിത്രം വരക്കുന്നത് കാണുക:

*നൈലിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് കൈയിൽ യാതൊന്നും കരുതേണ്ടതില്ല. വുളു ചെയ്യാനോ, നമസ്കരിക്കാനോ സാധനങ്ങൾ വാങ്ങാനോ നദീതീരത്ത് ഇറങ്ങണമെന്ന് തോന്നിയാൽ അയാൾക്ക് ജലയാനത്തിൽ നിന്നും തീരത്തിറങ്ങാം. അലക്സാണ്ട്രിയയിൽ നിന്നും കൈറോ വരെ നൈൽ തീരത്ത് ബസാറുകളുടെ ഒരു ശൃംഖല തന്നെ കാണാം* (2)

## ക്രി. വ. 1327-1330 കിഴക്കനാഫ്രിക്കയിലേക്കും അവിടെ നിന്നും തിരിച്ച് അറേബ്യയിലേക്കുമുള്ള യാത്ര

ഹജ്ജ് നിർവഹിച്ചതിനുശഷം

നൈലിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് കൈയിൽ യാതൊന്നും കരുതേണ്ടതില്ല. വുളു ചെയ്യാനോ, നമസ്കരിക്കാനോ സാധനങ്ങൾ വാങ്ങാനോ നദീതീരത്ത് ഇറങ്ങണമെന്ന് തോന്നിയാൽ അയാൾക്ക് ജലയാനത്തിൽ നിന്നും തീരത്തിറങ്ങാം. അലക്സാണ്ട്രിയയിൽ നിന്നും കൈറോ വരെ നൈൽ തീരത്ത് ബസാറുകളുടെ ഒരു ശൃംഖല തന്നെ കാണാം

ഇറാനും ഇറാഖും സന്ദർശിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇവിടെ നിന്നാണ് വാസ്തവത്തിൽ അദ്ദേഹത്തിന്റെ ലോകസഞ്ചാരം ആരംഭിക്കുന്നത്.(3) എന്തായിരുന്നാലും ഓരോ യാത്രക്കുശേഷം മക്കയിൽ തിരിച്ചെത്തുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. 7 തവണ അദ്ദേഹം ഹജ്ജ് നിർവഹിച്ചു.

ഇറാഖിലെ ബസറയിൽ അദ്ദേഹം താമസിച്ചു. ഇസ്ലാമിക ലോകത്ത് മഹാന്മാരായ തത്ത്വജ്ഞാനികൾ, മനശാസ്ത്രികൾ, ശാസ്ത്രവിശാരദന്മാർ, കവികൾ, ചരിത്രകാരന്മാർ മുതലായ പ്രതിഭാശാലികളെ ലോകത്തിന് ദാനം ചെയ്ത നാടായിരുന്നു ഇറാഖ്. ഇറാഖിലെത്തിയപ്പോൾ അദ്ദേഹം ബാഗ്ദാദ് സന്ദർശിച്ചു. മംഗോൾ ആക്രമണത്തിൽ നിലം പരിശായി നല്ലെട്ട് തകർന്നുകിടക്കുന്ന ബാഗ്ദാദിനെയാണ് അദ്ദേഹം കണ്ടത്. അബ്ബാസിയാ ഖിലാഫത്തിന്റെ ആസ്ഥാനമായ ബാഗ്ദാദിന്റെ എല്ലാ ധൈഷണിക പ്രഭാവവും അപ്പോഴേക്കും വിനഷ്ടമായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അബ്ബാസിയാ ഖലീഫമാരുടെ സ്വാധീനം കുറഞ്ഞുപോകുകയു ണ്ടായി.

ക്രി.വ. 751ൽ ഉമയ്യാദുകളെ പരാജയപ്പെടുത്തിയാണ് അബ്ബാസികൾ ഖിലാഫത്ത് പദത്തിൽ അവരോധിതരായത്. ക്രി. വ. 1258ലാണ് ഇറാഖിലൂടെ മംഗോളുകളുടെ പടയോട്ടമുണ്ടായത്. അവർ ബാഗ്ദാദിലെ മഹത്തായ ഗ്രന്ഥാലയം നശിപ്പിച്ചു. വൈദ്യശാസ്ത്രം മുതൽ ഗോളശാസ്ത്രം വരെ നിരവധി ഗ്രന്ഥങ്ങളും ആയിരക്കണക്കിന് ചരിത്രരേഖകളും മംഗോളുകൾ നശിപ്പിച്ചു. അവർ ലക്ഷക്കണക്കിന് മുസ്ലിംകളെയാണ് കൂട്ടക്കൊല ചെയ്തത്. ഇബ്നു ബത്തൂത്തയുടെ ഇറാഖ് സന്ദർശനാവസരത്തിൽ ക്രി. വ. 1320ൽ മംഗോൾ ആക്രമണത്തിന്റെ അവശിഷ്ടങ്ങൾ കാണാമായിരുന്നു. അങ്ങേയറ്റം ദുഃഖിതനായ ബത്തൂത്ത ഇറാഖിന്റെ അവസ്ഥയെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നു.

*അവളുടെ മുഖഛായ തന്നെ മാറിപ്പോയിരിക്കുന്നു. നാമമല്ലാതെ അവളുടേതായി യാതൊന്നും അവശേഷിച്ചിരുന്നില്ല. ദ്രഷ്ടാവിന്റെ ദൃഷ്ടിയെ ഹരിച്ചിരുന്ന അവളുടെ മാദകസൗന്ദര്യം വിനഷ്ടമായി. അവളുടെ തിരക്കേറിയ തെരുവുകളും വാണിജ്യങ്ങളുമെല്ലാം വിസ്മൃതമായി. (5)*

ഇറാനും ഇറാഖും സന്ദർശിച്ച ശേഷം ബത്തൂത്ത മക്കയിലേക്ക് മടങ്ങി. അവിടെനിന്നും അദ്ദഹം ചെങ്കടലിലൂടെയും അറബിക്കടലിലൂടേയും ആഫ്രിക്കയുടെ കിഴക്കൻ ഭാഗങ്ങളിലേക്ക് നീങ്ങി. ഇന്നത്തെ ടാൻസാനിയയും, സോമാലിയയും അദ്ദേഹം സന്ദർശിച്ചു. അവിടെ നിന്ന് ഒമാനിലേക്ക് മടങ്ങി. പിന്നീട് കരമാർഗം ഒരു കച്ചവടസംഘത്തോടൊപ്പം അറേബ്യയിലേക്ക് വീണ്ടും വന്നു. തുടർന്ന് മക്കയിലേക്ക് ചെന്നു. സോമാലിയയിലെ മൊഗാദിശുവിൽ അദ്ദേഹത്തിന് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. ജനങ്ങൾ അദ്ദേഹത്തെ ഹാർദമായി വരവേറ്റു. പതിനാലാം നൂറ്റാണ്ടിലെ കിഴക്കനാഫ്രിക്കയിലെ ഇസ്ലാമിക ലോകത്തിന് പേർഷ്യൻ ജനതയുടെ യാതൊരു സാംസ്കാരിക സമാനതയുമുണ്ടായിരുന്നില്ല. ഭരണാധികാരികളും പണ്ഡിതന്മാരും ഉദ്യോഗസ്ഥരും കച്ചവടക്കാരും തുറമുഖത്തൊഴിലാളികളും കൃഷിക്കാരും കൈവേലിക്കാരും അടിമകളുമെല്ലാം കറുത്ത തൊലിക്കാരായിരുന്നു. ആഫ്രിക്കൻ ഭാഷയാണ് അവർ നിത്യജീവിതത്തിൽ ഉപയോഗിച്ചുവന്നത്. അറബികൾക്കും പേർഷ്യക്കാർക്കും ഫലഭൂയിഷ്ടവും, ജലസമൃദ്ധവുമായ കിഴക്കനാഫ്രിക്ക സാമ്പത്തിക ഭാഗ്യാന്വേഷണത്തിന്റെ നാടായിരുന്നു. പട്ടിണി, വരൾച്ച, ജനപ്പെരുപ്പം, ആഭ്യന്തര യുദ്ധം എന്നിവയിൽ നിന്നെല്ലാം വിമുക്തവുമായിരുന്നു.

## ക്രി. വ. 1330–1341. അനത്തോലിയ ഏഷ്യ വഴി ഇന്ത്യയിലേക്ക്:

ഇബ്നു ബത്തൂത്ത ഈ കാലമാവുമ്പോഴേക്കും വിദഗ്ദനായ ഒരു സഞ്ചാരിയായി മാറിയിരുന്നു. എന്നിരുന്നാലും സഞ്ചാരത്തിന് പണം ആവശ്യമായിരുന്നു. ഇന്ത്യയിലെ ഡൽഹി സുൽത്താന് ഇസ്ലാമിക നിയമങ്ങൾ വ്യാഖ്യാനിക്കാൻ ഒരു ഖാളിയെ വേണമെന്ന വാർത്ത അദ്ദേഹം അറിയാനിടയായി. അങ്ങനെ ക്രി.വ. 1330ൽ ബത്തൂത്ത ഇന്ത്യയിലേക്ക് തിരിച്ചു. ഏഷ്യാമൈനറിലൂടെ (ഇന്നത്തെ തുർക്കി) മദ്ധ്യേഷ്യയും അഫ്ഗാനിസ്ഥാനും പിന്നിട്ടാണ് ഇന്ത്യയിലേക്ക് യാത്ര ചെയ്തത്. തുർക്കിയിലെ പ്രഗല്ഭരായ നിയമവിശാരദന്മാരെ പറ്റി ബത്തൂത്ത തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ക്രി. വ. 1333ൽ പേർഷ്യയേയും സിന്ധിനേയും വേർതിരിക്കുന്ന ഹിന്ദുക്കുഷ് പർവ്വതപംക്തികൾ അദ്ദേഹം താണ്ടി. അവസാനം അദ്ദേഹം ഇന്ത്യയിലെത്തി. അവിടെ വെച്ച് അദ്ദേഹം ഡൽഹി സുൽത്താനായിരുന്ന മുഹമ്മദ് തുഗ്ളക്കിന്റെ കൊട്ടാരത്തിലെത്തി. അവിടെ അദ്ദേഹം ഖാസിയായി നിയമിക്കപ്പെട്ടു. ഏഴ് വർഷം അവിടെ അദ്ദേഹം രാജാവിനെ സേവിച്ചു. ഇബ്നുബത്തൂത്ത തന്നെ 'റിഹ്ലയിൽ' തുഗ്ളക്കിനെ പറ്റി പണ്ഡിതനായ രാജാവ് എന്നാണ് വിശേഷിപ്പിക്കുന്നത്.

ഇന്ത്യയിലെ രാജാവ് വിദേശീയരെ ബഹുമാനിക്കുന്ന സ്വഭാവക്കാരനും അവരോട് സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാര സേവകരിലധികവും. ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും വിവാഹബന്ധത്തിലൂടെ ഉള്ള ബന്ധുക്കളുമെല്ലാം വിദേശീയരായിരുന്നു. വിദേശീയരെ അദ്ദേഹം അസീസ് (ബഹുമാനിതർ) എന്ന പേരിലാണ് വിളിച്ചിരുന്നത്. (6)

## ക്രി. വ. 1341–1349. ഇന്ത്യയിൽ നിന്നും ചൈനയിലേക്ക്

ക്രി. വ. 1340ൽ ഡൽഹി സുൽത്താൻ ഇബ്നു ബത്തൂത്തയെ ചൈനയിലേക്കുള്ള ഒരു ദൗത്യസംഘത്തിന്റെ തലവനായി

നിയമിച്ചു. ദക്ഷിണേന്ത്യയിൽ പോയതിന് ശേഷമാണ് അദ്ദേഹം ചൈനയിലേക്ക് തിരിച്ചത്. സിലോൺ, മാലിദ്വീപ്, ബംഗാൾ, ബർമ, സുമാത്ര എന്നിവിടങ്ങൾ ആ യാത്രയിൽ ബത്തൂത്ത സന്ദർശിച്ചു. ചൈനയെ പറ്റി അദ്ദേഹമെഴുതിയത് *'ഒരു സഞ്ചാരിയെ സംബന്ധിച്ചേടത്തോളം ലോകത്തിലെ ഏറ്റവും സുരക്ഷിതവും സൗഹൃദപരവുമായ രാജ്യമാണ് ചൈന.(7)* പക്ഷേ ചൈനയിലെ പ്രാകൃതമതം അദ്ദേഹത്തെ ഒട്ടും ആകർഷിച്ചിട്ടില്ല.

*'ചൈന അതിമനോഹരമാണ്. പക്ഷേ എനിക്ക് അത് സന്തോഷം പകർന്നില്ല. മറിച്ച് ആ രാജ്യത്ത് പ്രമുഖമായ പ്രാകൃത മതസമ്പ്രദായം തന്നെ അതീവദുഃഖിതനാക്കി. എന്റെ താമസസ്ഥലത്ത് വെച്ച് വളരെ അപലപനീയമായ കാര്യങ്ങൾ ഞാൻ കാണുകയുണ്ടായി. അത് എന്നെ അസ്വസ്ഥനാക്കി. ഞാൻ മിക്കസമയത്തും താമസസ്ഥലത്ത് വീടിനകത്ത് തന്നെയായിരുന്നു കഴിഞ്ഞുകൂടിയത്. ആവശ്യത്തിന് വേണ്ടി മാത്രമേ പുറത്ത് പോയുള്ളൂ. ചൈനയിലെ വാസകാലത്ത് ഞാൻ ഏതൊരു മുസ്‌ലിമിനെ കണ്ടുമുട്ടിയാലും എനിക്ക് ഈ ഇതേ വികാരം തന്നെയായിരുന്നു ഉണ്ടായിരുന്നത്.(8)*

## ക്രി. വ. 1349–1354. തിരിച്ച് സ്വദേശത്തേക്ക് (മോറോക്കോ)

ഇബ്നുബത്തൂത്ത മക്കയിലേക്ക് വീണ്ടും തിരിച്ചെത്തി. മക്കയിലുള്ള കർമങ്ങളെല്ലാം നിർവഹിച്ചതിനുശേഷം അദ്ദേഹം സ്വദേശമായ മൊറോക്കോയിലുള്ള ഫെസ്റ്റിലേക്ക് യാത്ര തിരിച്ചു. ക്രി. വ. 1349 ലാണ് അദ്ദേഹം ഫെസ്റ്റിൽ എത്തിയത്. പക്ഷേ സഞ്ചാരത്തിനുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഏ.ഡി. 1350ൽ അദ്ദേഹം വീണ്ടും സഞ്ചാരം ആരംഭിച്ചു. ഐബീരിയൻ പെനിസുലയിലെ (സ്പെയിൻ) ഗ്രനഡയായിരുന്നു ഇത്തവണത്തെ ലക്ഷ്യം. എന്നിട്ടും ദാറുൽ ഇസ്‌ലാമിൽ (ഇസ്‌ലാമിക ലോകം) പൂർണമായും സഞ്ചരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്ന വ്യഥയിലായിരുന്നു ഈ ലോകസഞ്ചാരി. അദ്ദേഹം ഒരു യാത്രസംഘത്തോടൊപ്പം സഹാറ മരുഭൂമി മുറിച്ചു കടന്ന് മാലിയിലേക്ക് യാത്രപോയി. 30 വർഷത്തെ സുദീർഘമായ വിശ്വപര്യടനത്തിനു ശേഷം ക്രി. വ. 1355ന് അദ്ദേഹം സ്വദേശത്ത് തിരിച്ചെത്തി.

## റിഹാല: ഒരു ചരിത്രരേഖ

ഇബ്നു ബത്തൂത്തയുടെ സഞ്ചാരകുറിപ്പുകൾ 14–ാം നൂറ്റാണ്ടിലെ ഇസ്‌ലാമിക ലോകത്തെക്കുറിച്ചുള്ള ചരിത്രം നമുക്ക് നൽകുന്നു. മുസ്‌ലിം ലോകത്തെ ആതിഥ്യമര്യാദ, ആചാരങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ഭൂമിശാസ്ത്രം എന്നീ നിരവധി വിവരങ്ങൾ അദ്ദേഹത്തിന്റെ കുറിപ്പുകളിൽ നിന്നും മനസ്സിലാക്കാം.

*ജെയിംസ് പ്രിസ്റ്റൺ എന്ന ഭൂമിശാസ്ത്ര പണ്ഡിതൻ അറബിയിലെഴുതപ്പെട്ട ഇബ്നുബത്തൂത്തയുടെ ഗ്രന്ഥത്തെപറ്റി 25 വർഷം മുമ്പ് എഴുതിയ പുസ്തകത്തിൽ പറയുന്നു: 'ക്രിസ്തീയ ലോകത്ത് ഈ പുസ്തകം കുറച്ച് സ്വാധീനമേ ഉണ്ടാക്കിയുള്ളൂ. പക്ഷേ ഇക്കാലത്ത് പോലും നമ്മുടെ ചില സ്കൂളുകളിൽ ചില മേഖലയിലെ ചൂടിനെപ്പറ്റി വിവരിക്കാൻ ഇബ്നുബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകളെയാണ് ആശ്രയിക്കുന്നത്. ആറ് നൂറ്റാണ്ടു മുമ്പ് ജീവിച്ച ഇബ്നുബത്തൂത്തയാണ് വടക്കനാഫ്രിക്കയിലെ മിതശീതോഷ്ണ മേഖലയിലെ ഉഷ്ണത്തേക്കാൾ കുറഞ്ഞത് ഭൂമദ്ധ്യരേഖാ പ്രദേശത്തെ ഉഷ്ണം മാത്രമാണെന്ന് ചൂണ്ടിക്കാട്ടിയത്.9* ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും ഇബ്നുബത്തൂത്തയുടെ പങ്ക് പിൽക്കാലത്താണ് തിരിച്ചറിയപ്പെട്ടത്. ഉദാഹരണത്തിന് യാലീ യൂണിവേഴ്സിറ്റിയും ന്യൂഹെവൻ പബ്ലിക് സ്കൂളിന്റേയും പങ്കാളിത്തത്തോടെ നടത്തുന്ന യാലീ-ന്യൂഹെവൻ ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ പൗളാ റാൻഷിയാറ്റോ ഇബ്നുബത്തൂത്തയുടെ റിഹാലയുടെ ചരിത്രമൂല്യത്തെക്കുറിച്ചെഴുതുന്നു.

സോഷ്യൽ സ്റ്റഡീസ് ക്ലാസിലെ നമ്മുടെ വിദ്യാർഥികളുടെ കഴിവുകൾ പരിശോധിക്കാനും ജനങ്ങളുടെ സ്വപ്നങ്ങളും അവരുടെ അനുഭവങ്ങളും സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ പഠിക്കാനും ഈ വിവരണങ്ങൾക്കുള്ള പങ്ക് അനന്യമാണ്.10

ജോവാൻ ആർനോ & ഹെലൻ എന്നീ പ്രശസ്തരായ അദ്ധ്യാപകർ പതിനാലാം നൂറ്റാണ്ടിലെ ജനങ്ങളുടെ ചരിത്രത്തെപ്പറ്റി പഠിക്കാനുള്ള ഒരു വിദ്യ ഇബ്നുബത്തൂത്തയുടെ സാഹസിക സഞ്ചാരകഥകളിൽ നിന്ന് ലഭിക്കുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പതിനാലാം നൂറ്റാണ്ടിലെ മുസ്‌ലിം ലോക ചരിത്രം വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ബത്തൂത്ത രചിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അതുല്യമായ വാങ്മയം വസ്തുതാപരമായും വിവരണപരമായും വിപുലമായ അറിവുകളാണ് നല്കുന്നത്. സൂഫികളുമായുള്ള അദ്ദേഹത്തിന്റെ സംഭാഷണങ്ങളും നിയമ പണ്ഡിതന്മാരിൽ നിന്നുള്ള വിശദീകരണങ്ങളും പ്രാദേശിക സംസ്കാരങ്ങളെയും ആചാരങ്ങളേയുംകുറിച്ചുള്ള അഗാധവും സൂക്ഷ്മവുമായ വിവരണങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിലുണ്ട്. ഇബ്നുബത്തൂത്തയുടെ ചില വ്യക്തിപരമായ അനുഭവങ്ങളുടെ വിവരണങ്ങളിൽ അതിശയോക്തിപരമായ അംശങ്ങൾ ഉള്ളതുകൊണ്ട് അതൊന്നും വിശ്വാസയോഗ്യമല്ല എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവരണങ്ങളിൽ പിഴവുകളും അതിവർണ്ണനകളും വ്യക്തിപരവുമായ പക്ഷപാതിത്വങ്ങളും ഉണ്ടായിരിക്കാം. അതുകൊണ്ടു തന്നെ ഏറ്റവും ആധികാരികമായ ഒരു ചരിത്ര രേഖയാക്കണമെന്നുമില്ല. പക്ഷേ, ഇത്തരം വ്യക്തിപരമായ വിവരണങ്ങൾ അക്കാലത്തെ ജനങ്ങളുടെ ജീവിതത്തെ നോക്കി

ക്കാണാൻ നമുക്ക് ഒരു ഉൾക്കാഴ്ച നല്കു ന്നു എന്ന കാര്യം അനിഷേധ്യമാണ്.

പോൾകൊഗൻ തന്റെ 'ഇബ്നു ബത്ത്വൂത്തയുടെ ഏഷ്യയിലേയും ആഫ്രിക്കയിലേയുമുള്ള യാത്രകൾ – ക്രി. വ. 1325–1354 (Ibnu Battuta's Travels in Asia and Africa) AD 1325-1354 എന്ന പുസ്തകത്തിൽ ഇബ്നുബത്ത്വൂത്തയുടെ സഞ്ചാര ക്കുറിപ്പുകൾ ഇസ്ലാമിക ലോകത്തെ മനസ്സിലാക്കാൻ എങ്ങനെ ഉപകരിക്കാൻ സാധി ക്കുന്നു എന്നതിനെപ്പറ്റി വിവരിക്കുന്നു.

'അവിടത്തെ (മുസ്ലിം ലോകം) സ്മാരകങ്ങൾ സന്ദർശിക്കുകയാണെങ്കിൽ അത് ഒരു സൗഭാഗ്യം തന്നെയാണ്. പക്ഷേ, അവിടുത്തെ ജനങ്ങളേയും അവരുടെ ജീവിതരീതികളേയും പറ്റി നാം അജ്ഞരാണ്. അല്ലെങ്കിൽ അറേബ്യൻ രാവുകളിലെ സാങ്കല്പിക ലോക ത്തെ അവ്യക്തമായ അനുമാനങ്ങൾ മാത്രമാണ് നമുക്കവയെക്കുറിച്ചുള്ളത്. വിദഗ്ദന്മാർക്ക് പോലും അവരുടെ ജീവിതത്തെ വസ്തുനിഷ്ഠമായ പുനർനിർമ്മിക്കാനും അക്കാലത്തെ അവരുടെ ജീവിതത്തെപ്പറ്റി നിർജീവമായ ഒരു കാഴ്ചപ്പാടാണ് നല്കുന്നത്. ചരിത്രവും ജീവചരിത്രങ്ങളും ഒരു പാടുണ്ട്. പക്ഷേ, വായനക്കാർ ജീവസ്സുറ്റ രീതിയിൽ അവരുടെ ഹൃദയതന്ത്രിങ്ങളെ തൊട്ടുണർത്തിയ കാതലായ ചരിത്ര വസ്തുതകൾ വർണശബളമായി അവതരിപ്പിക്കുന്ന ചരിത്രകാരന്മാർ അപൂർവമാണ്. ഇക്കാര്യത്തിൽ ഇബ്നുബത്ത്വൂത്തയുടെ രചനകൾ എല്ലാറ്റിനേയും മികച്ചു നില്ക്കുന്ന വിസ്മയങ്ങളാണ്. 11

**ഉപസംഹാരം**

ഇബ്നുബത്ത്വൂത്ത നടത്തിയ 30 വർഷത്തെ സഞ്ചാരത്തിന്റെ മൂല്യം വേണ്ടവിധത്തിൽ വിലയിരുത്തപ്പെട്ടിട്ടില്ല. ഇക്കാലത്ത് വിജ്ഞാനം എന്നത് പണമുണ്ടാക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാണ്. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ ജ്ഞാനത്തിന് വേണ്ടി മാത്രമായിരുന്നു ജ്ഞാനസമ്പാദനം. ലോകജനങ്ങളുടെ സാംസ്കാരിക വൈവിദ്ധ്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരകുറിപ്പികൾ യുവജനങ്ങൾക്ക് പ്രചോദനമായിത്തീരും. അവരുടെ ജ്ഞാനചക്രവാളം വികസിപ്പിക്കാനും അത് ഉതകും. ഒരാൾ സഞ്ചരിച്ചുകൊണ്ട് സമ്പാദിക്കുന്ന ജ്ഞാനം പുസ്തകങ്ങളിൽ നിന്നും മാസ്മീഡിയയിൽ കൂടി യും ലഭിക്കുന്ന അറിവിനേക്കാൾ വിശ്വസനീയവും അനുഭവസമ്പന്നവുമാണ്. സംസ്കാരങ്ങൾ തമ്മിലുള്ള സങ്കീർണതകൾ ഇത്തരം യാത്രകൾ ലഘൂകരിക്കും. ഇബ്നു ബത്ത്വൂത്തക്ക് പാസ്പോർട്ടിനെക്കുറിച്ചും കസ്റ്റംസിനെക്കുറിച്ചും ചിന്തിക്കേണ്ടതില്ലായിരുന്നു. പക്ഷേ, നാം ഒരു കാര്യം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ യാത്രാപഥം എളുപ്പമായിരുന്നില്ല. കഴുതപ്പുറത്തും കുതിരപ്പുറത്തും ഒട്ടകപ്പുറത്തും കപ്പലുകളിലും അദ്ദേഹം സഞ്ചരിച്ചു. കൊടുങ്കാറ്റിന്റേയും രോഗങ്ങളുടെയും കടൽകൊള്ളക്കാരുടെയും കവർച്ചക്കാരുടെയും നിരന്തര ഭീഷണിയെ തൃണവൽഗണിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സഞ്ചാര പഥത്തിലൂടെ ദൃഢനിശ്ചയത്തോടെ മുന്നേറിയത്. ഇബ്നു ബത്ത്വൂത്തയുടെ ധീരതയും നിഷ്കളങ്കമായ വിജ്ഞാന പ്രതിബദ്ധതയും വിജ്ഞാനം പാനം ചെയ്യാൻ ജ്ഞാന സമുദ്രമന്വേഷിച്ചുള്ള പ്രയാണവും എല്ലാവർക്കും പ്രചോദനമാണ്.


*Ref:*

*1. http//www.famous muslims. com.*

*2. Dunn Ross 'the Mamluks, the Adventures of Ibn Bathuta, University of California Press - 1986 p. 45.*

*3. Ibid. P. 79*

*4. Ibid P. 97*

*5. Ibid P. 124*

*6. Ibid P.179*

*7. Ibid P. 259*

*8. http/www ucalgary.com*

*9. James e preston Martin J. Geoffiery Geography in the middle ages. 2nd Edn P.52.*

*10. http//nchs.ucla-edu/uniti*

*11. http//www.famousmuslims. com.*


# വിധിക്കരുത്

**– ഹദ്റത്ത് യേശു മിശിഹാ**

വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്. നിങ്ങൾ നൽകുന്ന വിധികൊണ്ട് തന്നെ നിങ്ങളേയും വിധിക്കും. നിങ്ങൾ അളന്ന് കൊടുക്കുന്ന അതെ അളവിൽ തന്നെ നിങ്ങൾക്കും അളന്ന് കിട്ടും. സഹോദരന്റെ കണ്ണിലെ കരടു കാണുകയും സ്വന്തം കണ്ണിലെ കോൽ കാണാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്.? സ്വന്തം കണ്ണിൽ കോലിരിക്കുകയും നീ സഹോദരനോട് നിന്റെ കണ്ണിലെ കരട് ഞാൻ എടുത്തു തരാം എന്ന് എങ്ങനെ പറയും? ഹേ കപട നാട്യക്കാരാ, നീ ആദ്യം സ്വന്തം കണ്ണിലെ കോൽ എടുത്തുമാറ്റുക. അപ്പോൾ നിനക്ക് സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയാൻ തക്കവിധം വ്യക്തമായ കാഴ്ച്ച ലഭിക്കും. (ബൈബിൾ, മത്തായി. 7:1–6)

# ഹിമാലയ സാനുക്കളിലെ യേശുമിശിഹഃ
## ഹിന്ദു പുരാണങ്ങളിലെ സാക്ഷ്യം

കുരിശ് പീഢനത്തിൽ നിന്ന് മോചിതനായ യേശു തന്റെ ദൈവിക ദൗത്യത്തിന്റെ ഭാഗമായി കാണാതെപോയ ഇസ്രായേൽ ദശഗോത്രങ്ങളെ തേടി കിഴക്കൻ ദിക്കിലേക്ക് യാത്രതിരിച്ചു. അവസാനം കശ്മീരിൽ എത്തുകയുണ്ടായി. ഇത് സംബന്ധിച്ച് മതസാഹിത്യങ്ങളിലും പുരാരേഖകളിലും നിരവധി തെളിവുകളുണ്ട്. ഈ യാഥാർഥ്യത്തിലേക്ക് ഹിന്ദു പുരാണങ്ങളിലൊന്നായ ഭവിഷ്യപുരാണവും തെളിവ് നൽകുന്നു.

എ. എം. മുഹമ്മദ് സലിം

ഹിന്ദുമതത്തിൽ പുരാണങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. പുരാണം എന്നതിന് പ്രശസ്ത ഭാരതീയ പണ്ഡിതനായ രംഗാചാര്യൻ പുരാനവം എന്നാണ് ശബ്ദവ്യുത്പത്തി പറഞ്ഞിട്ടുള്ളത്. അതായത് പുരാതന കാലത്ത് നവമായി തോന്നിയ കഥകൾ ആണ് പുരാണം. ഹിന്ദുമത സാഹിത്യം; ശ്രുതികൾ (കേൾക്കപ്പെട്ടത്, വെളിപാട്) സ്മൃതികൾ (ഓർമിക്കപ്പെടുന്നത്) എന്ന് രണ്ടായി തിരിക്കാം. അതിൽ സ്മൃതികളിൽ പെടുന്നതാണ് പുരാണങ്ങൾ. ഋക്, യജുർ, അഥർവം, സാമം, എന്നീ നാലു വേദങ്ങളും ശ്രുതികൾ എന്നാണറിയപ്പെടുന്നത്. അതിനെ സംഹിത, ബ്രാഹ്മണ്യം, ആരണ്യകം, ഉപനിഷത്തുകൾ എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ശ്രുതികളല്ലാത്ത ഹിന്ദുമത സാഹിത്യങ്ങളാണ് സ്മൃതികൾ. ഇതിഹാസങ്ങളായ മഹാഭാരതം രാമായണം, പുരാണങ്ങൾ, ദേവീ മഹാത്മ്യം, തന്ത്രം, യോഗസൂത്രം, ശിവസൂത്രം, മനുസ്മൃതി മുതലായവയെല്ലാം സ്മൃതികളാണ്. ഹിന്ദു മതത്തിലെ ഏറ്റവും ആദരണീയ ഗ്രന്ഥമായ ഭഗവത് ഗീത മഹാഭാരതത്തിലെ ഒരു അദ്ധ്യായമാണ്. വിശിഷ്ടമായ ഈ മഹത്ഗ്രന്ഥത്തിന് ഗീതോപനിഷത്ത് എന്ന വിശേഷണത്തിലൂടെ ഉപനിഷത്തിന്റെ സ്ഥാനം നൽകി ആദരിക്കുന്നു. വേദങ്ങളിൽ നിന്നും വ്യത്യസ്തമായി പുരാണങ്ങൾ വളരെ ലളിതമായ സംസ്കൃത ഭാഷയിലാണ് രചിക്ക പ്പെട്ടിരിക്കുന്നത്. അത് പോലെ വേദ പാരായണം നിഷിദ്ധമായ സ്ത്രീകളും ശുദ്രരും ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങളും പുരാണങ്ങൾ പഠിക്കുന്നത് അനുവദനീയമായിരുന്നു. ഹിന്ദുമത സാഹിത്യത്തിൽ പുരാണങ്ങളുടെ സ്ഥാനം സൂചിപ്പിക്കുന്നതിനാണ് ഇത്രയും വിവരിച്ചത്.

മഹാഭാരതവും രാമായണവും ഐതിഹാസിക സംഭവങ്ങളെ ആസ്പദമാക്കി രചിക്കപ്പെട്ട ബൃഹദ് കഥകളാണല്ലോ. എന്നാൽ പുരാണങ്ങളുടെ പ്രമേയം മുഖ്യമായും ഹിന്ദു ദൈവങ്ങളെപറ്റിയുള്ള വിവരണം, അവരെ ഭജിക്കേണ്ട രീതി, ഭജിച്ചാലുണ്ടാവുന്ന ഫലം, വർണാശ്രമ ധർമങ്ങളെ അടിസ്ഥാനമാക്കി വ്യക്തികളുടെ കർമങ്ങൾ, രാജാക്കന്മാരുടെയും രാജർഷിമാരുടേയും ഋഷിപുംഗവന്മാരുടെയും കഥകൾ, അവരുടെ വംശാവലി, അഭിമുഖങ്ങൾ, എന്നിങ്ങനെ നിരവധി വിഷയങ്ങൾ അതിശയോക്തി കലർത്തിയും സ്ഥൂല വർണനകളിലൂടെയും വിവരിക്കുന്നതാണ്. അവയിൽ പലതും ചില ആശയങ്ങൾ ആവിഷ്കരിക്കാനുള്ള ഭാവനാ കൽപനകളും അയുക്തികങ്ങളുമായ കഥാകഥനങ്ങളാണെങ്കിൽ തന്നെയും അമൂല്യമായ ചരിത്രാംശങ്ങൾ അവ ഉൾക്കൊള്ളുന്നു. പുരാണാവലംബിത കഥകളിലെയും ഇതിഹാസകൽപനകളിലെയും ചരിത്രാംശം സ്ഫുടം ചെയ്തെടുക്കൽ പ്രയാസകരമാണെങ്കിലും ചരിത്രവിവരണത്തോടടുത്ത് നിൽക്കുന്ന പല വസ്തുതാ കഥനങ്ങളും പുരാണത്തിൽ ധാരാളം കാണാം. വ്യക്തമായ ചരിത്രരേഖകളോ രേഖപ്പെടുത്തിയ ചരിത്രമോ ഇല്ലാത്ത സന്ദിഗ്ദതകൾ നിറഞ്ഞ ഭാരതത്തിന്റെ പുരാതന ചരിത്രപഠന ത്തിൽ ഒരു ചരിത്ര സാമഗ്രി എന്ന നിലക്ക് പുരാണങ്ങൾക്കുള്ള സ്ഥാനം അമൂല്യമാണ്. വജ്രം പോലെ തിളക്കമാർന്ന ആയിരമായിരം അമൂല്യ വിവരങ്ങൾ പുരാണങ്ങളാവുന്ന അക്ഷയ ഖനിയിൽ നിന്ന് ചരിത്രകാരന്മാർക്ക് സംസ്കരിച്ചെടുക്കാനാവും.

പുരാണങ്ങൾ മുഖ്യമായും 18 എണ്ണമാണ്. 1.വിഷ്ണു പുരാണം. 2.സ്കന്ദ പുരാണം. 3.പത്മ പുരാണം 4.ഭാഗവത പുരാണം. 5.ബ്രഹ്മ പുരാണം. 6.ഗരുഢ പുരാണം. 7.മത്സ്യ പുരാണം. 8.കൂർമ പുരാണം. 9.നരസിംഹ പുരാണം. 10.വാമന

പുരാണം. 11.ശിവ പുരാണം. 12.വായു പുരാണം. 13.മാർക്ക ണ്ഡേയ പുരാണം 14.വരാഹ പുരാണം 15.അഗ്നി പുരാണം. 16.ലിംഗ പുരാണം. 17.ബ്രഹ്മാണ്ഡ പുരാണം. 18.ഭവിഷ്യപുരാണം. ഇവ യാണവ.

ബ്രഹ്മവിഷ്ണു മഹേശ്വര ന്മാരെ സ്തുതിക്കുന്ന പുരാണങ്ങൾ ഇതിഹാസകാരനായ വേദവ്യാസൻ തന്നെ രചിച്ചതാണെന്നാണ് മത്സ്യ പുരാണം പറയുന്നത്. ***അഷ്ടാദശ പുരാണാനി കൃത്വാ സത്യവതി സുതഃ*** അതായത് സത്യവതി യുടെ പുത്രനായ വ്യാസൻ പതി നെട്ടു പുരാണങ്ങളും രചിച്ചു എന്നാണ്. ഏറ്റവും പഴക്കമുള്ള വിഷ്ണു പുരാണം വ്യാസന്റെ പിതാവായ പരാശര മഹർഷി രചി ച്ചതാണെന്നും അതേ മത്സ്യ പുരാണം തന്നെ പറയുന്നു. അപ്പോൾ 17 എണ്ണമെങ്കിലും വ്യാസൻ രചിച്ചതായിരിക്കണം. പുരാണകർത്താവായ വ്യാസൻ ഒരാളല്ല. പല കാലങ്ങളിൽ പല രച യിതാക്കളും പുരാണങ്ങൾ രചിച്ചിട്ടു ണ്ടെന്നും അവർക്കെല്ലാം പറയുന്ന പേരാണ് വ്യാസൻ എന്നും വിഷ്ണുപുരാണത്തിൽ പറയുന്നു.

## ഭവിഷ്യ പുരാണവും ശാലിവാഹന രാജാവും

വിക്രമാദിത്യന്റെ പൗത്രനായ ശാലി വാഹനൻ **'മസീഹാ'** എന്ന അഭിധാനമുള്ള കന്യകയുടെ പുത്രനും (കുമാരി ഗർഭം) വെളുത്ത നിറത്തോടുകൂടിയ ധവള വസ്ത്ര ധാരിയുമായ (ഗൗരാംഗ ശ്വേത വസ്ത്രകം) ഒരു വിദേശി (മ്ലേച്ഛ ദേശ) യെ ഹിമാലയത്തിൽ വെച്ച് കണ്ടുമുട്ടുന്ന രംഗവും അവർ തമ്മി ലുള്ള സംഭാഷണവുമാണ് ഭവിഷ്യ പുരാണത്തിൽ വിവരിച്ചിട്ടുള്ളത്.

ഭവിഷ്യപുരാണത്തിലെ ഈ വിവരണത്തിലടങ്ങിയ അനി ഷേധ്യമായ ചരിത്രമൂല്യം വളരെ പ്രകടമാണ്. ഹിമവൽ സാനുക്ക ളിൽ ആഗതനായ ആ തേജസ്വിയായ മതപുരുഷൻ യേശുവാണെന്ന് ഉറ പ്പിച്ചു പറയാൻ സാധിക്കുന്ന തെളി വുകളാണ് താഴെ കാണുന്ന ശ്ലോക ങ്ങൾ നൽകുന്നത്. ഇതിൽ വിവരി ക്കപ്പെട്ട ശാലി വാഹനൻ എന്ന ചരി ത്രപുരുഷൻ ആരാണ്? ക്രി.വ. 39 മുതൽ 50 വരെ കശ്മീർ ഭരിച്ചിരുന്ന ഒരു ബ്രാഹ്മണ രാജാവാണ് ശാലി വാഹനൻ. എ.ഡി. 48 മുതൽ രണ്ട് നൂറ്റാണ്ടുകൾ ഉത്തര ഭാരതത്തിൽ ശക്തമായ ആധിപത്യം പുലർത്തി യത് കുശാൻ രാജാക്കന്മാരായിരു ന്നു. മത്സ്യ പുരാണത്തിലും ബ്രഹ്മ പുരാണത്തിലും വായു പുരാണ ത്തിലും ഇവരെപറ്റി പരാമർശമുണ്ട്. ആദ്യത്തെ കുശാന രാജാക്കന്മാ രായ കഡ്ഫിസസ് ഒന്നാമനും രണ്ടാമനും ശേഷം ഭരണമേറ്റെടുത്ത കനിഷ്കൻ ചരിത്രപ്രസിദ്ധനാണ്. കുശാൻ രാജാവായ കനിഷ്ക്കൻ കശ്മീർ കീഴടക്കുന്നതിന് തൊട്ടുമു മ്പാണ് ശാലി വാഹനൻ എന്ന ബ്രാഹ്മണ രാജാവ് കശ്മീർ ഭരിച്ചി രുന്നത്. അതായത് എ.ഡി. 39 മുതൽ 50 വരെയുള്ള കാലത്താണ് ശാലി വാഹനൻ കശ്മീർ ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭരണകാലത്ത് ചൈനക്കാർ, പാർഥിയന്മാർ, ബാക്ട്രിയന്മാർ, മുതലായ വിദേശീ യരായ (മ്ലേച്ഛന്മാർ) അനാര്യന്മാർ തന്റെ രാജ്യത്തെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്ത പ്പോൾ ശത്രുരാജ്യവും തന്റെ രാജ്യവും തമ്മിലുള്ള അതിർത്തി പുനർ നിർണയം ചെയ്യാനായി ഹിമാലയത്തിന്റെ പർവത പ്രദേശ ങ്ങളിൽ സഞ്ചരിക്കുമ്പോഴാണ് ശാലിവാഹനൻ യേശുവുമായി കണ്ടുമുട്ടുന്നത്. സിതിയന്മാരേയും മറ്റു അനാര്യ ഗോത്രങ്ങളെയും പരാ ജയപ്പെടുത്തിയതിന്റെ വിജയസ്മര ണക്കായിട്ടാണ് പിന്നീട് ശാലിവാഹ ന- ശകവർഷം ആരംഭിച്ചതെന്ന് പ്രശസ്ത കശ്മീരി പണ്ഡിതനായ ഫിദാ ഹസനൈൻ തന്റെ Fifth Gospel എന്ന ഗ്രന്ഥത്തിൽ പറയുന്നു. എ.ഡി. 78 ലാണ് ശാലി വാഹന വർഷം അഥവാ ശകവർഷം ആരം ഭിച്ചത്. ഇത് കലിവർഷം 3179 ലെ വൈശാഖ മാസം ഒന്നാം തീയതിയാ ണ്. അത് ക്രിസ്തുവർഷം 78 മാർച്ച് 14-ാം തീയതിയാണ്. അതായത് യേശുവിന്റെ പേരിൽ അറിയപ്പെടുന്ന ക്രിസ്തുവർ ഷവുമായി 78 വർഷത്തെവ്യത്യാസമാണുള്ളത്. മറ്റൊരു പ്രധാനകാര്യം ശാലിവാ ഹന വർഷം ഇന്ത്യയുടെ ദേശീയ സിവിൽ കലണ്ടറാണ് എന്ന് കൂടി ഓർക്കണം. ശാലി വാഹന വർഷം ആരംഭിച്ചത് കുശാന രാജാവായ കനിഷ്ക്കനാണെന്നും ചിലർക്ക് അ ഭിപ്രായമുണ്ട്.

## ഭവിഷ്യ പുരാണവും വ്യാസനും

യേശുവിന്റെ ഭാരതയാത്രാ പ്രതി പാദനമുള്ള ഭവിഷ്യപുരാണം വ്യാസൻ രചിച്ചതാണെന്ന് അതിന്റെ തലവാചകത്തിൽ തന്നെ കാണു ന്നു. ***'ശ്രീ ഭവിഷ്യപുരാണം വേദ വ്യാസ പ്രണീതം'*** എന്നാണ് ഈ ഗ്രന്ഥത്തിന്റെ പേര്. ഭവിഷ്യപു രാണം എന്നാണ് പേരെങ്കിലും ഭാവി കാര്യങ്ങളെപറ്റിയുള്ള കാര്യങ്ങൾ മാത്രമല്ല, സൃഷ്ടി, കാലമാപനം, ലൈംഗിക ശാസ്ത്രം, ഗർഭാധാനം, ഗോധാനം, ആശ്രമ ധർമങ്ങൾ, ആയുർവേദം, വിഷചികിത്സ, രാജാക്കന്മാരുമായുള്ള അഭിമുഖം മുതലായ വിഷയങ്ങൾ ഭവിഷ്യ പുരാണത്തിൽ വിവരിക്കുന്നു. ഭവിഷ്യ പുരാണത്തിലെ പ്രതിസർഗ പർവം, തൃതീയ ഖണ്ഡം രണ്ടാം അദ്ധ്യായത്തിൽ 17 മുതൽ 33 വരെ യുള്ള ശ്ലോകങ്ങളിലാണ് യേശുക്രി സ്തുവും ശാലിവാഹന രാജാവുമാ യുള്ള അഭിമുഖവും സംഭാഷ ണവും രേഖപ്പെടുത്തിയിട്ടുള്ളത്.

യേശുക്രിസ്തുവിനെ സംബന്ധിച്ച ഭവിഷ്യ പുരാണത്തിലെ പ്രതിസർഗ പർവം തൃതീയ ഖണ്ഡം രണ്ടാം അദ്ധ്യായത്തിലെ 17 മുതൽ 32 വരെ യുള്ള ശ്ലോകങ്ങൾ ഇപ്രകാരമാണ്.

**ഏതസ്മിന്നന്തരേ തത്ര**
**ശാലിവാഹന ഭൂപതി**
**വിക്രമാദിത്യ പൗത്രശ്ച**
**പിതൃരാജ്യം ഗൃഹീതവാൻ (17)**

വിക്രമാദിത്യന്റെ പൗത്ര നായ ശാലി വാഹന രാജാവ് തന്റെ

പിതാവിനുശേഷം രാജ്യ ഭരണം ആരംഭിച്ചു.

.......................

**സ്ഥാപിതോ തേന മര്യാദാ**
**മ്ലേച്ഛാര്യാണാം പൃഥക് പൃഥക്**
**സിന്ധുസ്ഥാന മിതി ജ്ഞേയം**
**രാഷ്ട്രമാര്യസ്യ ച ഉത്തമം (20)**

അതിനുശേഷം ശാലി വാഹന രാജാവ് മ്ലേച്ഛന്മാർക്കും ആര്യന്മാർക്കും പ്രത്യേകം പ്രത്യേകം അതിർത്തിയും നിയമങ്ങളും സ്ഥാപിച്ചു. ആര്യന്മാരുടെ ഉത്തമമായ രാജ്യം സിന്ധുസ്ഥാനം എന്നറിയപ്പെടുന്നു.

......................................

**മ്ലേച്ഛ സ്ഥാനം പരം സിന്ധോ**
**കൃതം തേന മഹാത്മനാ (21)**

സിന്ധു നദിക്ക് അപ്പുറത്തുള്ള ദേശം മ്ലേച്ഛദേശം എന്നും പ്രഖ്യാപിച്ചു.

**ഏക ദാതൂ ശകാധീശോ**
**ഹിമതുംഗേ സമാഗതഃ**
**ഹൂണ ദേശസ്യ മധ്യേ വേ**
**ഗിരിസ്ഥം പുരുഷം ശുഭം**
**ദദർശ ബലവാൻ രാജാ**
**ഗൗരാംഗശ്വേത വസ്ത്രകം (22)**

ഒരിക്കൽ ശകരാജാവ് ഹിമാലയത്തിന്റെ ഒരു കൊടുമുടിയിൽ ചെന്നു. അവിടെ ഹൂണദേശ മധ്യത്തിലുള്ള പർവതത്തിൽ തേജസ്വിയും ബലവാനും വെളുത്ത നിറമുള്ളവനും (ഗൗരാംഗ) വെള്ള വസ്ത്രധാരിയുമായ(ശ്വേത വസ്ത്രകം) ഒരു പുരുഷൻ നിൽക്കുന്നത് കണ്ടു.

കുറിപ്പ്: എസ്സീൻ സമൂഹത്തിൽപ്പെട്ട യേശു വെള്ള വസ്ത്രമായിരുന്നു ധരിച്ചത്. യേശുവിനെ സഹായിച്ചവരും എസ്സീനികളാണ്. എസ്സീനികളെപ്പറ്റി ബൈബിളിൽ പരാമർശമില്ല. എന്നാൽ വിശുദ്ധ ഖുർആൻ സൂറ: അസ്സഫ്ഫിൽ 15-ാം വചനത്തിൽ ക്രിസ്തു ശിഷ്യരെപറ്റി പറഞ്ഞ ഹവാരിയ്യീൻ എന്ന വിശേഷണത്തിന്റെ ഒരർഥം വെള്ള വസ്ത്രം ധരിക്കുന്നവർ, വസ്ത്രം വെളുപ്പിക്കുന്നവർ എന്നൊക്കെയാണ്.

**കോ ഭവാനിതി തംപ്രാഹ**
**സഹോവാച മുദാന്വിതഃ**
**ഈശ പുത്രം ചമാം വിദ്ധി**
**കുമാരി ഗർഭ സംഭവം (23)**

അങ്ങ് ആരാണ്? എന്ന് ശക രാജാവ് ആ മാന്യനോട് സന്തോഷത്തോടെ ചോദിച്ചു. ഞാൻ ദൈവപുത്രനും ഭൂമിയിൽ കന്യകക്ക് ജനിച്ചവനുമാകുന്നു എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

*കുറിപ്പ്: യേശു, ബൈബിളിൽ തന്നെപറ്റി ദൈവപുത്രൻ എന്നും ദൈവത്തെ സ്വർഗസ്ഥനായ പിതാവ് എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഇത് ആലങ്കാരികാർഥത്തിലാണ്. അക്ഷരാർഥത്തിലോ ജൈവികാർഥത്തിലോ അല്ല. ബൈബിളിൽ സാത്വികരായ മറ്റുള്ളവരെയും ദൈവപുത്രന്മാർ എന്ന് വിശേഷിപ്പിച്ചതായി കാണാം. 'നിങ്ങൾ ദേവന്മാർ തന്നെ നിങ്ങളെല്ലാം അത്യുന്നതന്റെ പുത്രന്മാർ' (സങ്കീർത്തനം 82:6) കർത്താവ് ഇങ്ങനെ അരുൾ ചെയ്യുന്നു. 'ഇസ്രായേൽ എന്റെ ആദ്യജാതൻ അത്രെ. എന്നെ ശുശ്രൂഷിക്കാൻ എന്റെ പുത്രനെ അയക്കൂ.' (പുറപ്പാട് 4:22) 'അയാളെ (ദാവീദിനെ) ഞാൻ ആദ്യ ജാതനാക്കും' (സങ്കീർത്തനം 89:22) 'അയാൾ (ശലമോൻ) എന്റെ പുത്രനായിരിക്കും ഞാൻ അയാളുടെ പിതാവുമായിരിക്കും.' (ദിനവൃത്താന്തം 22:10)*

**മ്ലേച്ഛധർമ്മസ്യ വക്താരം**
**സത്യവ്രത പരായണം**
**ഇതിശ്രുത്വാ നൃപഃ പ്രാഹ**
**ധർമ്മ കോ ഭവതോമതഃ(24)**

അത് മാത്രമല്ല ഞാൻ മ്ലേച്ഛ ധർമത്തിന്റെ ഉപദേഷ്ടാവും, സത്യമാർഗ്ഗത്തിൽ അടിയുറച്ചവനുമാണ്. ഇത് കേട്ടപ്പോൾ രാജാവ് ചോദിച്ചു അങ്ങ് പറഞ്ഞ മതം ഏതാണ്?

*കുറിപ്പ്: മ്ലേച്ഛ എന്ന പദത്തിന് ഹീനം എന്നല്ല ഇവിടെ അർഥം. വിദേശി, അനാര്യൻ എന്നൊക്കെയാണ് അർഥം.*

**ശ്രുത്വോ വാച മഹാരാജ**
**പ്രാപ്തേ സത്യ സംക്ഷയേ**
**നിർമ്മര്യാദേ മ്ലേച്ഛ ദേശേ**
**മസീഹോ ഹം സമാഗത(25)**

മഹാരാജാവിന്റെ ഈ വചനം കേട്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു. മ്ലേച്ഛ ദേശത്ത് സത്യം ക്ഷയിക്കുകയും, ധാർമിക മര്യാദകൾ ഇല്ലാതാവുകയും ചെയ്തപ്പോൾ മസീഹ് ആയ ഞാൻ വന്നു.

**ഈശാമസീ ച ദസ്യൂനാം**
**പ്രാദുർഭൂതാ ഭയങ്കരീ**
**താമഹം മ്ലേച്ഛത പ്രാപ്ത**
**മസീഹത്വ മുപാഗത (26)**

ശത്രുക്കൾ ഭയങ്കരമായി വന്നപ്പോൾ മ്ലേച്ഛ ദേശത്ത് ഈസാ മസീഹ് (ഈശാ മസി) ആയ ഞാൻ മസീഹ് എന്ന പദവിയിലെത്തി.

**മ്ലേച്ഛേഷു സ്ഥാപിതോ ധർമ്മോ**
**മയാതത്ശ്രൃണു ഭൂപതേ**
**മാനസം നിർമ്മലം കൃത്വാ**
**മലം ദേഹേ ശുഭാ ശുഭം.(27)**

അല്ലയോ ഭൂപതേ, ഞാൻ മ്ലേച്ഛ ദേശത്ത് സ്ഥാപിച്ച ധർമത്തെ കേട്ടാലും. മനസ്സ് നിർമലമായിരിക്കണം. ബാഹ്യമായി ചെയ്യുന്ന കർമങ്ങൾക്ക് അനുസൃതമായി ശുഭമോ അശുഭമോ സംഭവിക്കുന്നു.

കുറിപ്പ്: മാനസം നിർമലം കൃത്വാ... എന്ന വചനം യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ ഹൃദയശുദ്ധിയുള്ളവൻ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. (മത്തായി 5:8) എന്ന വചനം ഓർക്കുക.

**നൈഗമം ജപമാസ്ഥായ**
**ജപതേ നിർമ്മലപരം**
**ന്യായേന സത്യവചസാ**
**മനസൈക്യേന മാനവഃ (28)**

വെളിപ്പെട്ട വേദം മുറപ്രകാരം ശരിയായ രീതിയിൽ ഓതിക്കൊണ്ട് നീതിയും, സത്യവചനവും, മാനസികേകാഗ്രതയും പാലിക്കുന്ന മനുഷ്യൻ പരിശുദ്ധി പ്രാപിക്കുന്നു.

**ധ്യായതേ പൂജയേദീശം**
**സൂര്യമണ്ഢല സംസ്ഥിതം**
**അചലോയം പ്രഭുഃ സാക്ഷാ-**
**ത്തഥാ സൂര്യോ ചലഃ സദാ (29)**

ദൈവത്തെ ധ്യാനപൂർവം ആരാധിക്കണം. സൂര്യനേപോലെ അചലനായ ദൈവം ചലിക്കുന്ന എല്ലാത്തിനേയും അവസാനം അവനിൽ ഏകോപിപ്പിക്കുന്നു.

**ഈശമൂർത്തി ഹൃദിപ്രാപ്താ**
**നിത്യ ശുദ്ധാ ശിവകരീ**
**ഈശാമസീഹ ഇതിച**
**മമ നാമ പ്രതിഷ്ഠിതം(30)**

പരിശുദ്ധനും മംഗളദായകനുമായ ഈശ്വരനെ ഹൃദയത്തിലേറ്റിയതിനാൽ എന്റെ നാമം ഇശാമസീഹ (ഈസാ മസീഹ് ) എന്ന് പ്രസിദ്ധമായി.

**ഇതിശ്രുത്വാ സ ഭൂപാലോ**
**നത്വാ തം മ്ലേച്ഛ പൂജകം**
**സ്ഥാപയാമാസ തം തത്ര**
**മ്ലേച്ഛസ്ഥാനേ ഹി ദാരുണേ (32)**

ഇത് കേട്ട രാജാവ് വിദേശിയനായ അദ്ദേഹത്തെ നമസ്കരിച്ചു. വിദേശിയർ വസിച്ച ആ കഷ്ടം നിറഞ്ഞ ആ നാട്ടിൽ അധിപനായി വാഴിച്ചു.

*കുറിപ്പ്: ഫലസ്തീനിൽ പീഢനത്തിന് വിധേയനായ യേശു കശ്മീരിൽ രാജോചിതം സ്വീകരിക്കപ്പെട്ടു എന്ന് ഈ ശ്ലോകം പറയുന്നു. ബൈബിൾ വചനം നോക്കൂ: സത്യമായും ഞാൻ നി ങ്ങളോട് പറയുന്നു. ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സമ്മതനല്ല.*
*(ലൂ ക്കോസ് 4:24)*

## മുല്ലാ നാദിരി

കശ്മീരിന്റെ പുരാതന ചരിത്രമെഴുതിയ കശ്മീരിയായ ആദ്യത്തെ മുസ്‌ലിം പണ്ഡിതനാണ് മുല്ലാ നാദിരി. സുൽത്താൻ സിക്കന്തറിന്റെ ഭരണ കാലത്ത് (ക്രി.വ. 1378–1416) അദ്ദഹമെഴുതിയ താരീഖെ കശ്മീർ എന്ന പുസ്തകത്തിൽ യേശു ഇന്ത്യയിൽ വന്നതായും ആ വിവരം രേഖപ്പെടുത്തിയ ഹിന്ദുക്കളുടെ പുരാണങ്ങൾ അദ്ദേഹം വായിച്ചതായും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:

ഈ സമയത്താണ് പ്രവാചകനായ യൂസ് ആസഫ് (യേശു ക്രിസ്തു) ബൈത്തുൽ മുഖദ്ദസിൽ നിന്നും വിശുദ്ധ താഴ്‌വരയിലേക്ക് വന്നത്. അദ്ദേഹം രാവും പകലും ആരാധനയിൽ മുഴുകി. അങ്ങനെ ആത്മീയമായി അത്യുന്നത നിലപ്രാപിച്ച അദ്ദേഹം കശ്മീരികൾക്ക് താൻ പ്രവാചകനാണെന്ന് വാദിച്ചു. ഞാൻ ഹിന്ദുക്കളുടെ ഒരു ഗ്രന്ഥത്തിൽ ഈ പ്രവാചകൻ *ദൈവത്തിന്റെ ചൈതന്യമായ* യഥാർഥ ഈസാ നബി തന്നെയാണെന്ന് വായിച്ചിട്ടുണ്ട്. അദ്ദേഹം കശ്മീരിൽ യൂസ് ആസഫ് എന്ന നാമം സ്വീകരിച്ചുകൊണ്ട് തന്റെ ശിഷ്ടജീവിതകാലം ഈ താഴ്‌വരയിൽ കഴിച്ചുകൂട്ടി. അദ്ദേഹം ദിവംഗതനായതിന് ശേഷം ശ്രീനഗറിലെ അൻസ്മാറിൽ അടക്കം ചെയ്തു. ഈ പ്രവാചകനെ അടക്കം ചെയ്ത കബറിൽ നിന്നും പ്രവാചകത്വത്തിന്റെ ദിവ്യദീപ്തി പ്രസരിക്കുന്നതായി പറയപ്പെടുന്നു. (Mulla Nadri-Tarikh-e- Kashmir. p.69)

## അനിഷേധ്യമായ ചരിത്ര സത്യം

യേശു ഒരു സെമിറ്റിക്ക് പ്രവാചകനാണ്. പുരാണങ്ങളിലെ യേശുവിനെ സംബന്ധിച്ച ഈ പരാമർശം അദ്ദേഹത്തെ ദൈവപുത്രനായി കരുതുന്ന ക്രിസ്ത്യാനികളോ ദൈവ പ്രവാചകനായി അംഗീകരിക്കുന്ന് മുസ്‌ലിംകളോ കൂട്ടി ചേർത്തതാകാൻ ഒരിക്കലും സാദ്ധ്യതയില്ല. ക്രിസ്ത്യാനികൽ യേശു കുരിശിൽ വെച്ച് മരിച്ചതിന് ശേഷം പിന്നീട് ആകാശത്തേക്ക് ആരോഹണം ചെയ്തു എന്ന് വിശ്വസിക്കുന്നു. മുസ്‌ലിം കളാകട്ടെ അദ്ദേഹത്തെ കുരിശ് പീഢനമേൽപ്പിക്കാതെ അല്ലാഹു മാലാഖമാരെ അയച്ച് ആകാശത്തേക്ക് ഉയർത്തികൊണ്ടു പോയി എന്ന് വിശ്വസിക്കുന്നവരുമാണ്. ഹിന്ദുക്കളാകട്ടെ യേശുവിന്റെ കാര്യത്തിൽ പ്രത്യേകിച്ച് ഒരു താൽപര്യവും ഇല്ലാത്തവരും പ്രസ്തുത വിശ്വാസത്തെ ഖണ്ഡിക്കുന്ന വാദമുഖങ്ങൾ ഉയർത്താത്തവരുമാണ്. അപ്പോൾ ഹിമാലയ ദേശത്തെ യേശുവിന്റെ സന്ദർശനവും ശാലിവാഹന രാജാവുമായുള്ള അഭിമുഖവും വിവരിച്ച പുരാണ ഭാഗങ്ങൾ സത്യസന്ധമായ ഒരു ചരിത്ര വിവരണമാണെന്ന് നമുക്ക് ഉറപ്പിച്ചു പറയാൻ ന്യായമായും സാധിക്കും.

യേശുവിനും അദ്ദേഹത്തിന്റെ മാതാവിനും ദൈവം കശ്മീരിൽ അഭയം നൽകുകയും വിജയശ്രീലാളിതനായി അദ്ദേഹം അവിടെ ദിവംഗതനാവുകയും ചെയ്തു. ഈ ചരിത്ര സംഭവത്തിന്റെ അനിഷേധ്യസത്യം എന്ന നിലക്ക് അദ്ദേഹത്തിന്റെ കബർ ഇന്നും കശ്മീരിലുണ്ട്. ഹിമാലയത്തിൽ സ്ഥിതി ചെയ്യുന്ന കശ്മീരിന്റെ ഭൂപ്രകൃതി വിവരിച്ചുകൊണ്ട് ഈ ഉജ്ജ്വല ചരിത്രസത്യം താഴെ പറയുന്ന വചനത്തിൽ വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുന്ന വസ്തുതയും നാം ഓർക്കുക. .

**നാം ഇബ്നു മർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി. (വിശുദ്ധ ഖുർആൻ 23:51)**

### *Reference*


1. വിശുദ്ധ ഖുർആൻ
2. ഭവിഷ്യപുരാണവും
3. Fifth Gospel - Fida Hasanain & Daha Levi
4. Jesus Lived in India - Holgrer Kersten
5 Saving The Saviour - Abubacker Bin Ismail Salahuddin

ചില സാങ്കേതിക പിഴവ് കാരണം 'ബിലാൽ പറഞ്ഞ കഥ' യുടെ മാർച്ചിൽ ചേർക്കേണ്ട 5ാം ഭാഗത്തിനു പകരം ഏപ്രീൽ മാസത്തെ 6ാം ഭാഗമാണ് ചേർത്തുപോയത്. അതുപോലെ ഏപ്രീൽ മാസത്തെ 6ാം ഭാഗത്തിനു പകരം മാർച്ച് മാസത്തെ 5ാം ഭാഗമാണ് ചേർക്കുന്നത്. മാന്യവായനക്കാർ പരസ്പരം മാറ്റി വായിക്കുവാൻ അപേക്ഷ. പിശക് പറ്റിയതിൽ ഖേദിക്കുന്നു. എഡിറ്റർ

ഭാഗം – 5

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

## ഇബ്നു വഫ കോഴിക്കോട്

മക്കക്കാരുടെ പീഡനങ്ങൾക്കും യാതനകൾക്കും ഇരയായിട്ടും ഞാൻ മുമ്പ് പറഞ്ഞതു പോലെ ഒരാൾ പോലും ഇസ്ലാം മതം ഉപേക്ഷിച്ചില്ല. മക്കയിലെ ഖുറൈശികൾക്കിടയിൽ പേരും പെരുമയും ഉണ്ടായിരുന്ന ഹദ്റത്ത് അബൂബക്കർ മാത്രമാണ് നമുക്കിടയിലുണ്ടായിരുന്ന ഏകമുസ്ലിം. മറ്റെല്ലാവരും എന്നെ പോലെ പാവങ്ങളും അടിമകളുമായിരുന്നു. ഇപ്പോൾ മക്കയിലെ അറിയപ്പെടുന്ന പ്രതാപശാലികളും ധീരരും സാമ്പത്തികമായി കഴിവുള്ളവരുമായ രണ്ട് പേർ ഇസ്ലാം മതം സ്വീകരിച്ചിരിക്കുന്നു. ഈ കാര്യം ഖുറൈശികളെ വല്ലാതെ ചിന്താകുലരാക്കി.

മുസ്ലിമീങ്ങൾ തങ്ങളുടെ മതപ്രചരണത്തിൽ നിന്ന് വിട്ട് നിൽക്കാൻ എന്ത് ചെയ്യണം എന്നവർ തലപുകഞ്ഞാലോചിക്കാൻ തുടങ്ങി. മതപ്രചരണം നടക്കുന്നത് കൊണ്ടാണല്ലോ ജനങ്ങൾ ഇതിൽ ചേരുന്നത്. അപ്പോൾ പ്രചരണം നിർത്തിയാൽ ഇതിൽ ചേരുന്നത് ഇല്ലാതാകും എന്നാണു അവരുടെ ധാരണ. അതിനുവേണ്ടി ഖുറൈശികളുടെ നേതാക്കളും പ്രമാണികളുമായ വലീദ് ബിൻ മുഗീറ, ആസ് ബിൻ വായിൽ, എന്റെ മുൻ യജമാനനായ ഉമയ്യത്തിബ്നു ഖലഫ് എന്നീ മൂന്ന് പേർ റസൂലുല്ലാഹ് (സ) യുടെ അടുക്കൽ വന്നു. എന്നിട്ടവർ പറഞ്ഞു, ''മുഹമ്മദ് നമ്മുടെ ഇടയിലുള്ള ഭിന്നത വർധിച്ച് വരികയാണ്.നാം നാട്ടുക്കാരും ബന്ധുക്കളും സഹോദരങ്ങളുമാണ്. ഈ ഭിന്നിപ്പും ശത്രുതയും ഇല്ലാതാക്കണം.'' അല്ലാഹുവിന്റെ റസൂൽ ചോദിച്ചു, ''പറയൂ നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്?'' അവർ പറഞ്ഞു, ''നമുക്ക് നമ്മുടെ ആരാധനകൾ ഒരുമിച്ചാക്കാം. നിങ്ങൾ നമസ്കരിക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം ചേരാം. ഞങ്ങൾ ഞങ്ങളുടെ ബിംബങ്ങളെ പൂജിക്കുമ്പോൾ നിങ്ങളും ഞങ്ങളോടൊപ്പം ചേരണം. ഇത്തരത്തിൽ നമ്മിൽ ആരാണോ സത്യമതത്തിൽ നില കൊള്ളുന്നത് അതിന്റെ ഗുണം മറ്റുള്ളവർക്കും ലഭിക്കും.'' ഈ വിഡ്ഢിത്തരം കേട്ട് അല്ലാഹുവിന്റെ റസൂൽ പുഞ്ചിരിച്ചു. എന്നിട്ട് പറഞ്ഞു, ''ഇതൊരിക്കലും സാദ്ധ്യമല്ല. കാരണം നിങ്ങൾ പൂജിക്കുന്ന ബിംബങ്ങൾ ജീവനില്ലാത്തവയാണെന്നും അവ മനുഷ്യന് യാതൊരു ഗുണവും ചെയ്യാൻ കഴിവില്ലാത്തവയാണെന്നും ഞങ്ങൾ അടിയുറച്ച് വിശ്വസിക്കുന്നു. അവയുടെ മുന്നിൽ തല കുനിക്കുക എന്നത് അസംബന്ധമാണ്. മാത്രവുമല്ല അത് അല്ലാഹുവിന്റെ കോപത്തിന് കാരണമാക്കും. അല്ലാഹു വിരോധിച്ച കാര്യം ഞാൻ ചെയ്യുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾ പൂജിക്കുന്നത് ബിംബങ്ങളെയാണ്. ആ നിലക്ക് ഏകനായ ദൈവത്തെ നിങ്ങൾ എങ്ങനെ ആരാധിക്കാനാണ്?'' റസൂലുല്ലാഹ്‌യുടെ വാക്കുകൾ കേട്ട് അവർ നിരാശരായി മടങ്ങി. ആ ദിനങ്ങളിലായിരുന്നു അല്ലാഹുവിന്റെ റസൂലിന് സൂറത്ത് കാഫിറൂൻ അല്ലാഹുവിൽ നിന്ന് ഇറങ്ങിയത്.

### ഖുറൈശികളുടെ പരാജയങ്ങൾ

ഖുറൈശികൾക്ക് ഒന്നിനു പിറകെ മറ്റൊന്നായി പരാജയം ഏറ്റുവാങ്ങേണ്ടി വന്നതു കാരണം അവർ അങ്ങേയറ്റം പ്രകോപിതരും രോഷാകുലരുമായി. അവർ ദേഷ്യം കൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ വിറ കൊണ്ടു. ആദ്യം അവർ അബൂത്വാലിബിന്റെ അടുക്കൽ പോയി ഭീഷണിപ്പെടുത്തിയെങ്കിലും അത് വിലപ്പോയില്ല. ബനൂഹാശിം ഗോത്രത്തെ മുസ്ലിമീങ്ങളിൽ നിന്നും അകറ്റാൻ ശ്രമിച്ചു പരാജയമടഞ്ഞു. ഇസ്ലാം മതം സ്വീകരിച്ചവരെ കൊടിയ യാതനകൾക്ക് വിധേയരാക്കിയിട്ടും ഒരാൾ പോലും ഇസ്ലാം മതം ഉപേക്ഷിച്ചുകൊണ്ട് ബിംബാരാധനയിലേക്ക് മടങ്ങിയി ല്ല. മാത്രവുമല്ല ആദ്യകാലങ്ങളിൽ ഇസ്ലാമിന്റെ ബദ്ധവൈരികളായിരുന്ന ഉമറും ഹംസയും ഇസ്ലാം മതം സ്വീകരിച്ചു. അതിലൂടെ മുസ്ലിമീങ്ങൾ മുമ്പത്തേക്കാൾ മാനസികമായി ശക്തി ആർജിച്ചു. ഹബ്ശാ രാജാവായ നജ്ജാശിയുടെ രാജസദസ്സിൽ നിന്ന് മക്കക്കാരുടെ നേതാക്കൾക്ക് ഇളിഭ്യരായി മടങ്ങേണ്ടി വന്നു. ഇപ്പോൾ ഇതാ അല്ലാഹുവിന്റെ റസൂലിന്റെ മുമ്പിൽ അവർ മുന്നോട്ട് വെച്ച നിർദേശങ്ങളും തിരസ്കരിക്കപ്പെട്ടിരിക്കുന്നു. ഇതൊക്കെ കാരണം മക്കക്കാരുടെ ഹൃദയത്തിൽ ആരോ തീ കോരിയിട്ടതുപോലെയായി.

### ദാറുന്നദ്‌വാ എന്ന സാംസ്കാരിക കേന്ദ്രം

മക്കക്കാർക്ക് അവരുടേതായ ഒരു സാംസ്കാരിക കേന്ദ്രമുണ്ട്. അതിന്റെ പേരാണ് ദാറുന്നദ്‌വ. ഗോത്രനേതാക്കളും അനുയായികളും ഒത്തുചേർന്ന്കൊണ്ട് പൊതുജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ

സാമൂഹികവും ദേശപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതും ആലോചിച്ച് തീരുമാനങ്ങൾ കൈകൊള്ളുന്നതും അവിടെ വെച്ചാണ്.

## ശക്തമായ ഉപരോധവും പന്തിവിരോധവും

ദാറുന്നദ്‌വയിൽ വെച്ച് അവർ എല്ലാവരും ചേർന്ന് കൂടിയാലോചിച്ചു. ഇനി എന്ത് ചെയ്യും. കൂടിയാലോചനക്കായി മുഴുവൻ ഗോത്ര നേതാക്കളും സന്നിഹിതരായിരുന്നു. അങ്ങനെ മുസ്‌ലിമീങ്ങളേയും അവരെ സഹായിക്കുന്നവരേയും പരിപൂർണമായും ഒറ്റപ്പെടുത്തികൊണ്ട് ഒരുസ്ഥലത്ത് ഉപരോധിക്കാനും ശക്തമായ പന്തിവിരോധത്തിനും തീരുമാനമായി. മുസ്‌ലി മീങ്ങളോട് ഒന്നും തന്നെ വാങ്ങരുത്. അവർക്ക് ഒന്നും തന്നെ കൊടുക്കരുത്. ഒരു വസ്തുവും അവർക്ക് വിൽക്കരുത്. അവരുമായി വിവാഹബന്ധം പാടില്ല. ഉടമ്പടി തയ്യാറായി. അതിൽ എല്ലാ ഗോത്ര നേതാക്കളും ഒപ്പു വെച്ചു. ഇത്തരം അവസരങ്ങളിൽ മക്കക്കാർ സാധാരണ ചെയ്യാറുള്ളതു പോലെ ഉടമ്പടി കഅബയിൽ കൊണ്ടുപോയി തൂക്കിയിടുകയും ചെയ്തു.

ഇതു കാരണം ഞങ്ങൾക്കെല്ലാവർക്കും ബനൂഹാശിം ഗോത്രക്കാർക്കും അബൂത്വാലിബിന്റെ ഉടമസ്ഥതയിലുള്ള മലയുടെ താഴ്‌വാരത്ത് സ്ഥിതിചെയ്യുന്ന ഒരു മലയിടുക്കിലേക്ക് പോകേണ്ടി വന്നു. ആ സ്ഥലം ''ശഅബ് അബീത്വാലിബ്''എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. അവിടെ ഞങ്ങൾ അനുഭവിച്ച കഷ്ടതകൾ പറഞ്ഞറിയിക്കാൻ പ്രയാസമാണ്. വാക്കുകൾ കൊണ്ട് ഞങ്ങളുടെ അവിടുത്തെ അവസ്ഥ വിവരിക്കാനാവുകയില്ല. ഭക്ഷണമില്ല, വെള്ളമില്ല അവിടെ നിന്ന് പുറത്തേക്ക് പോകാനും അനുവാദമില്ല. ഞങ്ങൾ വിശപ്പ് സഹിക്കാനാവാതെ മൃഗങ്ങളെ പോലെ പുല്ലും മരത്തിന്റെ ഇലയും തിന്നിട്ടുണ്ട്. ഞങ്ങൾ ദിവസങ്ങളോളം പട്ടിണി കിടന്നിട്ടുണ്ട്. വിശപ്പും ദാഹവും കാരണം ഞങ്ങൾ എല്ലാവരും വളരെയധികം ബലഹീനരും രോഗികളുമായി. കീറിപ്പറിഞ്ഞ ഞങ്ങളുടെ വസ്ത്രങ്ങൾക്ക് പകരം മാറാൻ മറ്റൊന്നില്ല. രാത്രികാലങ്ങളിൽ ചിലപ്പോൾ ഞങ്ങൾ ഒളിച്ചും പാത്തും ഇവിടെ നിന്ന് പുറത്ത് കടന്ന് കുറച്ച് ഭക്ഷണം കൊണ്ടുവന്ന് എല്ലാവർക്കും കൊടുക്കാറുണ്ട്. ഞങ്ങളോടൊപ്പമുണ്ടായിരുന്ന പിഞ്ചുകുഞ്ഞുങ്ങൾ വിശപ്പ് കൊണ്ട് കരയുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. രാത്രികാലങ്ങളിൽ കുഞ്ഞുങ്ങളുടെ നിലവിളികൾ കേൾക്കുമ്പോൾ ക്രൂരന്മാരായ ഖുറൈശികൾ ആഹ്ളാദവും സന്തോഷവും പ്രകടിപ്പിക്കാറുണ്ട്.

ഞങ്ങളിൽ ഒരാളായ സഅദ് ബിൻ അബീ വക്കാസ് പറയുകയാണ്, ഒരിക്കൽ രാത്രിയിൽ വിശപ്പ് സഹിക്കാനാവാതെ തപ്പിത്തടഞ്ഞ് നടക്കുന്ന അവസരത്തിൽ മൃദുവായതും അൽപം നനവുള്ളതുമായ എന്തോ ഒരു വസ്തു അദ്ദേഹത്തിന്റെ കാലിൽ തട്ടി. അദ്ദേഹം മറ്റൊന്നും ചിന്തിച്ചില്ല. അതെടുത്ത് അപ്പോൾ തന്നെ വായിലിട്ട് വിഴുങ്ങി. അതെന്തായിരുന്നുവെന്ന് ഇന്ന് വരെ അദ്ദേഹത്തിനറിയില്ല. മറ്റൊരവസരത്തിൽ അദ്ദേഹത്തിന് നിലത്ത് നിന്ന് തോലിന്റെ ഒരു കഷ്ണം കിട്ടി. അത് അദ്ദേഹം കഴുകി വൃത്തിയാക്കിയ ശേഷം ചുട്ടു തിന്നു. അപ്പോഴത്തെ ഞങ്ങളുടെ പൊതുവായ അവസ്ഥ നിങ്ങൾ മനസ്സിലാക്കാനാണ് ഞാനിതൊക്കെ നിങ്ങൾക്ക് പറഞ്ഞ് തരുന്നത്. എന്നാൽ ഇത്രമാത്രം കഷ്ടപ്പാടും യാതനകളും ഉണ്ടായിട്ടും ഞങ്ങളിൽ ഒരാൾ പോലും ഇസ്‌ലാമിൽ നിന്ന് പിന്തിരിഞ്ഞില്ല. ഒരിക്കലും നിരാശരായിട്ടില്ല. എല്ലാവരും പർവതം പോലെ ഉറച്ചു നിന്നു. കാരണം ഇതൊക്കെ താൽക്കാലിക പരീക്ഷണമാണെന്നും വിജയം ഞങ്ങൾക്ക് തന്നെ ആയിരിക്കുമെന്നും എല്ലാവരും ഉറച്ച് വിശ്വസിച്ചിരുന്നു.

മൂന്ന് വർഷമാണ് ഞങ്ങൾ ഉപരോധിക്കപ്പെട്ടത്. അല്ലെങ്കിൽ തടവിലാക്കപ്പെട്ടത്. മൂന്ന് വർഷം കഴിഞ്ഞപ്പോൾ ഒരു ദിവസം അബൂത്വാലിബിനോട് അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, എളാപ്പാ, മക്കക്കാർ ഞങ്ങളെ ദ്രോഹിക്കാൻ വേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടി പത്രം ചിതലരിച്ചു തിന്നിരിക്കുന്നതായും അതിൽ അല്ലാഹുവിന്റെ നാമമെഴുതിയ ഭാഗമല്ലാതെ മറ്റൊന്നും ബാക്കിയില്ലാ എന്നും എന്നെ അല്ലാഹു അറിയിച്ചിരിക്കുന്നു. അബൂത്വാലിബ് ഉടനെ തന്നെ എഴുന്നേറ്റ് റസൂലുല്ലാഹ്(സ) പറഞ്ഞത് ശരിയാണോ എന്നറിയാൻ കഅബയുടെ അടുക്കൽ ചെന്നു. നോക്കിയപ്പോൾ അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് തികച്ചും ശരിയാണെന്ന് മനസ്സിലാവുകയും, അപ്പോൾ അവിടെ ഉണ്ടായിരുന്ന ഏതാനും ചില നേതാക്കളെ കാര്യം അറിയിക്കുകയും അവരെ ഈ ഉടമ്പടി ബാക്കി ഇല്ലാത്ത വിധം ചിതലരിച്ച് തിന്നിരിക്കുന്നത് കാണിച്ച് കൊടുക്കുകയും ചെയ്തു. എന്നിട്ട് അബൂത്വാലിബ് പറഞ്ഞു, ഇനിയും ഈ ക്രൂരത തുടരാൻ പാടില്ല. ഇതിവിടെ അവസാനിക്കണം. അവിടെ കൂടിയിരുന്നവരിൽ മനുഷ്യഗുണമുള്ളവരും അനുകമ്പയുള്ളവരും ഉണ്ടായിരുന്നു. അവരിൽ മിക്കവരും ഈ അഭിപ്രായത്തെ അനുകൂലിച്ച് കൊണ്ട് സംസാരിച്ചു. അതിന് ശേഷം അവരുടെ കൂട്ടായ്മയായ ദാറുന്നദ്‌വയിലും ചെന്ന് ഇതിനെതിരിൽ വാദിച്ചു. അവിടെ അബൂജഹൽ ഉണ്ടായിരുന്നു. മുസ്‌ലിമീങ്ങളുടെ ഏറ്റവും വലിയ ശത്രുവായ അയാൾ അതിനെ അനുകൂലിച്ച് കൊണ്ട് സംസാരിക്കുകയും ഇതൊരു കാരണവശാലും അവസാനിപ്പിക്കാൻ പറ്റുകയില്ലെന്നും വാദിക്കുകയുണ്ടായി. ഈ വാഗ്വാദം നടക്കുന്നതിനിടയിൽ മുത്യിം ബിൻ അദി എന്ന് പേരുള്ള മക്കക്കാരുടെ നേതാക്കളിൽപ്പെട്ട

ഒരാൾ ചിതലരിച്ച് ബാക്കിയുണ്ടായിരുന്ന ഉടമ്പടി പത്രം എല്ലാവരുടേയും മുന്നിൽ വെച്ച് വലിച്ച് കീറി. അദ്ദേഹവും മറ്റ് ചിലരും ചേർന്ന് ശഅബ് അബീത്വാലിബിന്റെ കവാടത്തിൽ വന്ന് ഞങ്ങളെ എല്ലാവരേയും പുറത്തേക്ക് കൊണ്ടുവന്നു. ഇത് പ്രവാചകത്വവാദത്തിന്റെ പത്താം വർഷമായിരുന്നു.

## ആമുൽ ഹുസ്ൻ അഥവാ ദു:ഖ വർഷം

ശഅബ് അബീ ത്വാലിബിൽ നിന്ന് പുറത്ത് കടന്ന ശേഷം അല്ലാഹുവിന്റെ റസൂലിന് അതികഠിനമായ രണ്ട് ദു:ഖങ്ങൾ നേരിടേണ്ടി വന്നു. എല്ലാ സഹായവും പിന്തുണയും നൽകികൊണ്ടിരിക്കുന്ന എളാപ്പ എൺപത് വയസ്സുള്ള അബൂത്വാലിബ് ദിവംഗതനായി. അതിന് ഏതാനും ദിവസങ്ങൾ കഴിയുമ്പോഴേക്കും തന്റെ എല്ലാമെല്ലാമായ പ്രിയ പത്നി ഹദ്റത്ത് ഖദീജ(റ)യും ഇഹലോകവാസം വെടിഞ്ഞു. ശഅബ് അബീ ത്വാലിബിലെ മൂന്ന് വർഷത്തെ നിർബന്ധിത താമസം പ്രായമേറിയ ഈ രണ്ട് പേരേയും വല്ലാതെ ക്ഷീണിതരാക്കി. വിശ്രമവും സ്വാന്തനവും ആവശ്യമായിരുന്ന അവസരത്തിൽ കഷ്ടപ്പാടും പട്ടിണിയും അവർക്ക് നേരിടേണ്ടി വന്നു. അവരുടെ ആരോഗ്യം പാടെ ക്ഷയിച്ചു. അല്ലാഹുവിന്റെ റസൂലിന് അബൂത്വാലിബ് സ്വന്തം പിതാവിനെ പോലെയായിരുന്നു. അദ്ദേഹം റസൂൽ തിരുമേനിയെ സ്വന്തം മകനെ പോലെ സ്നേഹിക്കുകയും എല്ലാ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ മരണത്തോടെ അല്ലാഹുവിന്റെ റസൂലിനും മുസ്ലിമീങ്ങൾക്കുമുണ്ടായിരുന്ന താങ്ങും തണലും ഇല്ലാതായി. റസൂൽ തിരുമേനിയും തന്റെ എളാപ്പയെ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അബൂത്വാലിബ് മരണശയ്യയിലായിരുന്നപ്പോൾ റസൂൽ തിരുമേനി നിത്യവും അദ്ദേഹത്തെ സന്ദർശിക്കുമായിരുന്നു. ഒരിക്കൽ മരണം ആസന്നമായിരിക്കുന്നു എന്ന് മനസ്സിലാക്കിയ അവസരത്തിൽ തിരുമേനി പറഞ്ഞു, “എന്റെ പ്രിയപ്പെട്ട എളാപ്പാ, അങ്ങ് ഒരു പ്രാവശ്യം ശഹാദത്ത് കലിമ ചൊല്ലിയാലും; ഞാൻ ഖിയാമത്ത് നാളിൽ അങ്ങേക്ക് വേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ മോക്ഷത്തിന്നായി അപേക്ഷിക്കുന്നതാണ്”. മക്കയിലെ ഖുറൈശി നേതാക്കളിൽ പലരും അപ്പോൾ അവിടെ സന്നിഹിതരായിരുന്നു. അബൂജഹലും ഇരിപ്പുണ്ട്. അയാൾ ഉടനെ തന്നെ അബൂത്വാലിബിനോട് പറഞ്ഞു, പാടില്ല, പാടില്ല. താങ്കൾ താങ്കളുടെ പിതാവ് അബ്ദുൽമുത്തലിബിന്റെ മതം ഉപേക്ഷിക്കുകയോ? അരുത്. അതിന് ശേഷം അബൂത്വാലിബിന്റെ മനസ്സ് മാറാതിരിക്കാനായി അയാൾ പലതും പറഞ്ഞുകൊണ്ടിരുന്നു. അതിന്റെ ഫലമെന്നോണം അബൂത്വാലിബ് മരിക്കുന്ന അവസരത്തിൽ “ഞാൻ എന്റെ പിതാവ് അബ്ദുൽ മുത്തലിബിന്റെ ദീനിൽ മരിക്കുന്നു'' എന്നാണ് പറഞ്ഞത്. അത് കേട്ട റസൂൽ തിരുമേനി(സ)യുടെ മനസ്സ് വല്ലാതെ വേദനിച്ചു. തിരുമേനി കടുത്ത ഹൃദയവേദനയോടെ, സാരമില്ല എളാപ്പ, ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ അങ്ങേക്ക് വേണ്ടി പൊറുക്കലിനെ തേടികൊണ്ടിരിക്കുന്നതായിരിക്കും എന്ന് പറയുകയുണ്ടായി. എന്നാൽ അൽപം കഴിയുന്നതിന് മുമ്പ് തന്നെ ബിംബാരാധനയിലും ദൈവനിഷേധത്തിലും മരിച്ചവർക്ക് വേണ്ടി പൊറുക്കലിനെ തേടരുതെന്ന ദൈവകൽപന വന്നപ്പോൾ അല്ലാഹുവിന്റെ റസൂലിന് ഇത് ഉപേക്ഷിക്കേണ്ടി വന്നു. അബൂത്വാലിബ് മരിക്കുന്നതിന് മുമ്പ് ഖുറൈശികളോടായി പറഞ്ഞു, “മുഹമ്മദിന്റെ കാര്യത്തിൽ ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, നിങ്ങൾ അവനോട് മാന്യമായ രീതിയിൽ പെരുമാറണം. അവനെ ദ്രോഹിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നതിന് പകരം അവനെ സഹായിക്കുന്നതായിരിക്കും നിങ്ങൾക്കുത്തമം. അവൻ കൊണ്ടുവന്ന സന്ദേശം നാവ് കൊണ്ട് നിഷേധിച്ചെങ്കിലും ഹൃദയം അതംഗീകരിക്കുന്നുണ്ട്.'' അബൂത്വാലിബ് തിരുമേനിക്കും മുസ്ലിമീങ്ങൾക്കും ചെയ്ത സഹായസഹകരണങ്ങൾ കാരണം അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുമെന്ന് തന്നയാണ് എന്റെ അഭിപ്രായവും ആഗ്രഹവും.

ഹദ്റത്ത് ഖദീജ (റ) ഞങ്ങൾക്ക് ഉമ്മയായിരുന്നു. അവർ ഞങ്ങൾക്ക് തണലായിരുന്നു. അല്ലാഹുവിന്റെ റസൂലുമായുള്ള അവരുടെ വിവാഹത്തിന് മുമ്പ് അവർ വളരെ സമ്പന്നയായിരുന്നു. വളരെ സുഖത്തിലും ക്ഷേമത്തിലുമായിരുന്നു അവർ ജീവിതം കഴിച്ചിരുന്നത്. വിവാഹശേഷം അവരുടെ മുഴുവൻ സമ്പത്തും തിരുമേനിക്ക് മുന്നിൽ സമർപ്പിച്ചു. സ്ത്രീകളിൽ അവരാണ് ആദ്യം റസൂലുല്ലാഹ്(സ)നെ സ്വീകരിച്ചത്. ഇസ്ലാം സ്വീകരിച്ച ശേഷം മറ്റുള്ളവരോടൊപ്പം അവർക്കും യാതനകളും കഷ്ടപ്പാടുകളും സഹിക്കേണ്ടി വന്നെങ്കിലും അവർ ഒരിക്കൽ പോലും പരാതി പറഞ്ഞില്ല. അവരുടെ വിയോഗം ഞങ്ങളെ വല്ലാതെ വേദനിപ്പിച്ചു. ഞങ്ങളുടെ കാര്യം ഇങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ റസൂലിന്റെ കാര്യം പറയേണ്ടതില്ലല്ലോ. തന്റെ പ്രിയ പത്നിയുടെ വേർപാടിന് ശേഷം അവരുമായി ബന്ധപ്പെട്ട ഏത് കാര്യം തിരുമേനിയുടെ മുന്നിൽ വന്നാലും ഖദീജയെ ഓർത്ത് കണ്ണീർ പൊഴിക്കാത്ത അവസരമുണ്ടായിട്ടില്ല. അബൂത്വാലിബിന്റേയും ഹദ്റത്ത് ഖദീജ (റ) യുടേയും വേർപാടുകൾ ഞങ്ങൾക്കെല്ലാവർക്കും ഉണ്ടാക്കിയ കഠിന ദു:ഖം കാരണം ആ വർഷത്തെ ആമുൽ ഹുസ്ൻ അഥവാ ദു:ഖവർഷം എന്ന് ഞങ്ങൾ വിളിച്ചു.

## ത്വായിഫിൽ തബ്ലീഗ്

ഞങ്ങൾക്ക് ശഅബ് അബീ ത്വാലിബിൽ നിന്ന് മോചനം

ലഭിച്ചുവെങ്കിലും ഖുറൈശികളുടെ ശത്രുതയും എതിർപ്പും തുടർന്ന് കൊണ്ടേയിരുന്നു. ഞാൻ ആദ്യം നിങ്ങളോട് പറഞ്ഞതുപോലെ ഹജ്ജ് മാസത്തിൽ മക്കയിൽ എല്ലാതരത്തിലും സമാധാനമായിരിക്കും. ആരും ആരേയും ദ്രോഹിക്കുകയില്ല. അല്ലാഹുവിന്റെ റസൂൽ ആ അവസരം ഉപയോഗപ്പെടുത്തികൊണ്ട് ഹജ്ജിന് വരുന്ന ഗോത്ര സംഘങ്ങളെ സന്ദർശിച്ച് അവർക്ക് തബ്‌ലീഗ് ചെയ്യാറുണ്ടായിരുന്നു. എന്നിരുന്നാലും തിരുമേനിയുടെ പ്രധാന ലക്ഷ്യം ഖുറൈശികൾ തന്നേയായിരുന്നു. ശഅബ് അബീത്വാലിബിലെ മൂന്ന് വർഷം ഹജ്ജിന് വരുന്നവരെ കാണാനും തബ്‌ലീഗ് ചെയ്യാനും ഖുറൈശികൾ ഞങ്ങളെ തീരെ സമ്മതിക്കാതിരുന്നതു കൊണ്ട് അവരുമായുള്ള ബന്ധം തികച്ചും വിഛേദിക്കപ്പെട്ടു. റസൂലുല്ലാഹ്(സ) മറ്റ് അറബ് ഗോത്രങ്ങളെ സമീപിച്ച് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. പക്ഷേ മക്കക്കാരുടെ എതിർപ്പ് കാരണം ഒരു ഫലവും കണ്ടില്ല. ഒരാളും ഇസ്‌ലാമിന്റെ സന്ദേശത്തിന് ചെവി കൊടുത്തില്ല.

അതുകാരണം മക്കക്ക് പുറത്ത് തബ്‌ലീഗ് ചെയ്താൽ ഒരു പക്ഷേ ഫലം ഉണ്ടാകുമെന്ന നിലക്ക് അല്ലാഹുവിന്റെ റസൂൽ ത്വായിഫിൽ പോയി തബ്‌ലീഗ് ചെയ്യാൻ തീരുമാനിച്ചു. ത്വായിഫ് മക്കയിൽ നിന്നും നാൽപത് മൈൽ അകലെ തെക്ക്കിഴക്ക് സ്ഥിതി ചെയ്യുന്ന ഒരു പട്ടണമാണ്. മക്കയിൽ കഅബ ഉണ്ട്. ത്വായിഫിൽ അതില്ല. എന്നിരുന്നാലും അറബികൾക്കിടയിൽ മക്കപോലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു പട്ടണമാണ് ത്വായിഫ്. ബനൂ സഖീഫ് ഗോത്രക്കാരായിരുന്നു അവിടെ വസിച്ചിരുന്നത്. അതിൽ വളരെ പ്രധാനികളും ധനാഢ്യരും ഉണ്ടായിരുന്നു. തിരുമേനി അവിടെ പത്ത് ദിവസം താമസിച്ചുകൊണ്ട് അവിടുത്തെ തലമുതിർന്ന നേതാക്കളിൽ ഓരോരുത്തരെയായി സന്ദർശിച്ച് കൊണ്ട് തബ്‌ലീഗ് ചെയ്തു. ദു:ഖകരമെന്ന് പറയട്ടെ, ഒരാൾ പോലും ഇസ്‌ലാം സ്വീകരിച്ചില്ല എന്ന് മാത്രമല്ല പലരും പരിഹസിച്ചുകൊണ്ട് തിരുമേനിയെ ആട്ടിയിറക്കുകയാണ് ചെയ്തത്. അവസാനം തിരുമേനി ത്വായിഫിന്റെ ഏറ്റവും വലിയ നേതാവായ ഇബ്നു അബ്ദു യാലൈൽ ന്റെ അടുക്കൽ ചെന്നു. പക്ഷേ അയാൾ ഉടൻ തന്നെ തബ്‌ലീഗ് നിർത്തി സ്ഥലം വിടാനാണ് ആവശ്യപ്പെട്ടത്. അതിന് ശേഷം അയാൾ തെരുവ് ഗുണ്ടകളേയും തെമ്മാടികളേയും തിരുമേനിയുടെ പുറകെവിട്ടു. അവർ കൂക്കി വിളിക്കുകയും കല്ലെറിഞ്ഞു ഓടിക്കാനും തുടങ്ങി. കല്ലേറിൽ തിരുമേനിക്ക് ചെറുതല്ലാത്ത പരിക്ക്പറ്റി. ശരീരത്തിൽ മൊത്തം മുറിവുകളുണ്ടായി. മുറിവിലൂടെ രക്തം ഒലിച്ചിറങ്ങി. ഒലിച്ചിറങ്ങിയ രക്തം കൊണ്ട് പാദരക്ഷകൾ നനഞ്ഞു. ആ തെമ്മാടികൾ മൂന്ന് മൈലുകളോളം അല്ലാഹുവിന്റെ റസൂലിനെ പിൻതുടർന്ന് കല്ലെറിഞ്ഞു.

## ബദ്ധശത്രുവിന്റെ തോട്ടത്തിൽ അഭയം

ത്വായിഫിൽ നിന്ന് മൂന്ന് മൈൽ ദൂരെ എത്തിയപ്പോൾ അവിടെ കണ്ട ഒരു തോട്ടത്തിൽ ഓടിക്കിതച്ച് ഗത്യന്തരമില്ലാതെ തിരുമേനി അഭയം തേടി. അതിന് ശേഷമാണ് ആ അക്രമികൾ പിൻതിരിഞ്ഞത്. ആ തോട്ടം ആരുടെതാണെന്ന് നേരത്തെ അല്ലാഹുവിന്റെ റസൂലിന് അറിയാമായിരുന്നുവെങ്കിൽ അതിൽ പ്രവേശിക്കുകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. മക്കയിലെ ഒരു ഗോത്ര നേതാവും തിരുമേനിയുടെ ബദ്ധശത്രുവുമായ ഉത്ബാ ബിൻ റബീഅയുടെ തോട്ടമായിരുന്നു അത്. അവിടെഒരു മരത്തണലിൽ നിന്നുകൊണ്ട് തിരുമേനി അല്ലാഹുവിനോട് ദുആചെയ്ത് ശത്രുക്കൾക്കെതിരിൽ സഹായം തേടി. അല്ലാഹു പർവതങ്ങളുടെ മലക്കിനെ തിരുമേനിയുടെ മുന്നിലേക്കയച്ചു. അങ്ങ് സമ്മതിക്കുകയാണെങ്കിൽ ത്വായിഫിന്റെ രണ്ട് ഭാഗത്തുമുള്ള പർവതങ്ങളെ ഇവരുടെ മേൽ മറിച്ചിട്ട് ഈ പട്ടണത്തെയും ഇവിടെ വസിക്കുന്നവരേയും എന്നെന്നേക്കുമായി ഇല്ലാതാക്കാം എന്ന് ആ മലക്ക് തിരുമേനിയോട് പറഞ്ഞു. കാരുണ്യത്തിന്റെ സാഗരമായ തിരുമേനി പറഞ്ഞു, "അരുത്, ഒരിക്കലുമരുത്. നാളെ ഇവരിൽ നിന്ന് ഏകദൈവ വിശ്വാസികൾ ഉണ്ടാകുമെന്ന് തന്നേയാണ് ഞാൻ പ്രതീക്ഷിക്കുന്നത്."

## നീനവാ ദേശക്കാരനായ ക്രിസ്ത്യാനി

ആ അവസരത്തിൽ ഉത്ബാ ബിൻ റബീഅയും അയാളുടെ സഹോദരൻ ശേബാ ബിൻ റബീഅയും തോട്ടത്തിലുണ്ടായിരുന്നു. അവർ ദൂരെ നിന്ന് രക്തത്തിൽ കുളിച്ച് നിൽക്കുന്ന നിസ്സഹായനായ പാവം മുഹമ്മദിനെകണ്ടു. അവർക്ക് കാര്യവും കാരണവും പെട്ടെന്ന് തന്നെ മനസ്സിലായി. ശത്രുവാണെങ്കിലും അപ്പോൾ അവരുടെ മനസ്സിൽ നാട്ടുകാരനാണെന്ന ചിന്തയോ അകന്ന ബന്ധുവാണെന്ന പരിഗണനയോ സാമുദായിക സ്നേഹമോ എന്താണെന്നറിയില്ല തങ്ങളുടെ ക്രിസ്ത്യാനിയായ അടിമ വശം ഒരു ചെറിയ തളികയിൽ അൽപം മുന്തിരി കൊടുത്തയച്ചു. തിരുമേനി അത് സ്വീകരിച്ചു. എന്നിട്ട് അവനോട് കുശലാന്വേഷണമെന്ന നിലക്ക് ചോദിച്ചു, "നീ ആരാണ്? നീ ഏത് നാട്ടുകാരനാണ്?" അവൻ പറഞ്ഞു, "എന്റെ പേര് അദ്ദാസ് എന്നാണ്. ഞാൻ നീനവാ ദേശക്കാരനായ ക്രിസ്ത്യാനിയാണ്.'' തിരുമേനി ചോദിച്ചു, ''അല്ലാഹുവിന്റെ വരിഷ്ഠ ദാസരിൽ ഒരാളായ യൂനുസ് ബിൻ മതിയുടെ വാസസ്ഥലമായ ആ നീനവായായാണോ?'' അദ്ദാസ് പറഞ്ഞു, "അതെ, അതെ, അതു തന്നെ. താങ്കൾക്ക് യൂനുസിനെ എങ്ങനെ അറിയാം?" തിരുമേനി പറഞ്ഞു, "യൂനുസ് എന്റെ ഒരു സഹോദരനെ പോലെയുള്ള ആളാണ്. അദ്ദേഹം അല്ലാഹുവിന്റെ ഒരു നബിയായിരുന്നു. ഞാനും അല്ലാഹുവിന്റെ

നബിയാണ്. പിന്നീട് അദ്ദാസിന് തബ്‌ലീഗ് ചെയ്തുകൊണ്ട് ഇസ്‌ലാമിന്റെ സന്ദേശം നൽകി. അതവനിൽ വലിയ സ്വാധീനമുണ്ടാക്കി. അവൻ മുന്നോട്ടു വന്ന് വളരെ ഭക്തി ആദരവോടെ, അത്യാവേശത്തോടെ തിരുമേനിയുടെ കൈകൾ ചുംബിച്ചു. ദൂരെ നിന്ന് കൊണ്ട് ഉത്ബയും ശേബയും ഈ രംഗം കാണുന്നുണ്ടായിരുന്നു. കുറച്ച് സമയത്തിനുശേഷം അദ്ദാസ് അവരുടെ അടുക്കൽ തിരിച്ചു ചെന്നപ്പോൾ അവർ ചോദിച്ചു, “നിനക്കെന്തുപറ്റി, നീ എന്താ ഈ കാണിച്ചത്, മുഹമ്മദിന്റെ കൈകൾ ചുംബിക്കുകയോ? അവൻ നിന്റെ മതത്തെ തന്നെ ഇല്ലാതാക്കിക്കളയും. നിന്റെ മതം എന്തായാലും അവന്റേതിനേക്കാൾ ഉത്തമമായതാണ്.'' തിരുമേനി കുറച്ച് സമയം മാത്രം ആ തോട്ടത്തിൽ വിശ്രമിച്ച ശേഷം അവിടെനിന്ന് മക്കയുടെ ഭാഗത്തേക്ക് പുറപ്പെട്ടു.

## ഇസ്‌ലാമിന്റെ പ്രകാശം പുറത്തേക്ക് പരക്കുന്നു

അല്ലാഹുവിന്റെ റസൂലിന്റെ പരിശ്രമങ്ങൾക്കും പ്രയത്നങ്ങൾക്കും പുറമെ ഇസ്‌ലാംമതം സ്വീകരിക്കുന്ന വിവിധഗോത്രങ്ങളിൽപ്പെട്ടവർ മുഖേന ഇസ്‌ലാം പതുക്കെപതുക്കെ ആ ഗോത്രങ്ങളിലും വേരുപിടിക്കാൻ തുടങ്ങി. ഇസ്‌ലാം സ്വീകരിച്ച ശേഷം വല്ലവരും മക്കക്ക് വെളിയിൽ പോയിട്ടുണ്ടെങ്കിൽ അവർ തങ്ങൾക്ക് ലഭിച്ച പ്രകാശം കൂടെ കൊണ്ടുപോയി മറ്റുള്ളവർക്കും നൽകി. മക്കയിൽ നിന്നും എന്റെ നാടായ ഹബ്ശയിൽ അഭയം തേടിയവർ മുഖേന ഹബ്ശയിലും യമനിലേക്ക്പോയവർ വഴിഅവിടേയും ഇസ്‌ലാം ആകർഷിക്കപ്പെട്ടു. ഇത് മക്കക്കാരെ ആശങ്കയിലാഴ്ത്തി. അതുകാരണം മക്കയിൽ പുതുതായി വന്നെത്തുന്ന ഗോത്രനേതാക്കളോടും സാധാരണക്കാരോടും ഇസ്‌ലാമിനെതിരിൽ ഖുറൈശികൾ ദുഷ്പ്രചരണം നടത്താൻ തുടങ്ങി.

## ഇസ്‌ലാം ദൗസ് ഗോത്രത്തിൽ

ആയിടക്ക് പ്രശസ്ത കവിയും ദൗസ് ഗോത്രത്തലവനും വളരെ ബഹുമാനിതനുമായ തുഫൈൽ ബിൻ അംറ് ചില ചടങ്ങുകളുമായി ബന്ധപ്പെട്ട് മക്കയിൽ വന്നു. ഇയാളെ കണ്ടപ്പോൾ ഇത്രയധികം പ്രശസ്തനായ ഇയാളെ കൂടി മുഹമ്മദ് വശീകരിച്ചേക്കുമോ എന്നവർ ഭയപ്പെട്ടു. തന്നിമിത്തം ഖുറൈശികൾ തുഫൈലിനോട് പറഞ്ഞു, ''ഞങ്ങളുടെ നാട്ടിൽ മുഹമ്മദ് എന്നുപേരുള്ള ഒരു മാരണക്കാരൻ ഉണ്ട്. അവന്റെ ദുർവൃത്തിയും മര്യാദകേടും കാരണം ഞങ്ങൾ വളരെയധികം വിഷമത്തിലാണ്. അവൻ മകനെ പിതാവിൽ നിന്നും, സഹോദരനെ സഹോദരനിൽനിന്നും, ഭാര്യയെ ഭർത്താവിൽ നിന്നും അകറ്റിക്കൊണ്ട് കുടുംബഛിദ്രവും അനൈക്യവും ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവന്റെ മാന്ത്രിക വചനങ്ങളിൽ താങ്കൾ പെട്ടുപോകാതെ സൂക്ഷിക്കണം. ഖുറൈശികളുടെ തുടരെ തുടരെയുള്ള മുന്നറിയിപ്പ് കാരണം തുഫൈൽ ബിൻ അംറ് പേടിക്കുകയും മുഹമ്മദിന്റെ വാക്കുകൾ കേൾക്കാതിരിക്കാൻ ചെവിയിൽ പരുത്തി തിരുകി വെക്കുകയും ചെയ്തു. യാദൃച്ഛികമെന്ന് പറയട്ടെ, ഒരു ദിവസം രാവിലെ തുഫൈൽ കഅബ അങ്കണത്തിൽ പോയപ്പോൾ ഒരു മൂലയിൽ അല്ലാഹുവിന്റെ റസൂൽ നമസ്കരിച്ചുകൊണ്ട് ഖുർആൻ ഓതുന്നത് കേട്ടു. ചെവിയിൽ പരുത്തി ഉള്ളത് കൊണ്ട് വളരെ നേർത്ത ശബ്ദം മാത്രമേ കേൾക്കുന്നുണ്ടായിരുന്നുള്ളൂ. ആ സമയം തുഫൈൽ ആലോചിച്ചു. ഞാൻ എന്തൊരു വിഡ്ഢിത്തമാണ് ചെയ്യുന്നത്. ഞാൻ ബുദ്ധിയും വിവേകവുമുള്ള ഒരാളല്ലേ? പിന്നെ എന്തിനാണ് ഞാൻ ഇത്തരത്തിൽ ഭയപ്പെടുന്നത്. മുഹമ്മദിന്റെ വാക്കുകൾ നല്ലതാണെങ്കിൽ സ്വീകരിക്കും. ചീത്തയാണെങ്കിൽ നിഷേധിക്കും. ഇങ്ങനെ ചിന്തിച്ചുകൊണ്ട് ചെവിയിൽ നിന്ന് പരുത്തി എടുത്ത് വലിച്ചെറിഞ്ഞു. എന്നിട്ട് ആ ഖുർആൻ പാരായണം കേട്ടു കൊണ്ടിരുന്നു. നമസ്കാരവും ഖുർആൻ വചനങ്ങളും തുഫൈലിനെ വല്ലാതെ ആകർഷിച്ചു.

നമസ്കാരശേഷം അല്ലാഹുവിന്റെ റസൂൽ വീട്ടിലേക്ക് പോകാൻ തുടങ്ങിയപ്പോൾ തുഫൈൽ കൂടെ ചെന്ന് കാര്യം തിരക്കി. അല്ലാഹുവിന്റെ റസൂൽ തുഫൈലിന് ദൈവീക വചനങ്ങൾ കേൾപ്പിച്ച് കൊണ്ട് തബ്‌ലീഗ് ചെയ്തു. അദ്ദേഹം ഇസ്‌ലാമിക സന്ദേശത്തിലും ദൈവീക വചനങ്ങളിലും വളരെയധികം ആകൃഷ്ടനാവുകയും അവിടെ വെച്ച്തന്നെ ബൈഅത്ത് ചെയ്തുകൊണ്ട് ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് തുഫൈൽ തിരുമേനിയുടെ അനുവാദത്തോടെ തിരിച്ച് നാട്ടിൽ ചെന്ന് ദൗസ് ഗോത്രത്തിൽ തബ്‌ലീഗ് ആരംഭിച്ചു, താമസിയാതെ തന്നെ തുഫൈലിന്റെ പിതാവും സ്വന്തം ഭാര്യയും ഇസ്‌ലാംമതം സ്വീകരിക്കുകയും ചെയ്തു. ഹദ്റത്ത് അബൂഹുറൈറ ദൗസ് ഗോത്രത്തിലെ ഒരംഗമായിരുന്നു. (തുടരും)

## കടപ്പാട് & അവലംബം


1. സീറത്ത് ഖാത്തമുന്നബി യ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലു ല്ലാഹ് (സ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ് ഖാൻ സാഹിബ്, റബ്‌വ.
7. ദീപാച തഫ്സീറുൽ ഖുർ ആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ .. റബ്‌വ

# കൃത്രിമ മഴ

## മുസാഫിർ

കേരളം കഠിനമായ വരൾച്ച യെ നേരിടുകയാണ്. ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങ ളിൽ ലഭിക്കുന്ന തെക്ക് പടിഞ്ഞാറൻ കാലവർഷവും(ഇടവപ്പാതി) ഒക്ടോബർ പകുതി മുതൽ ഡിസം ബർ വരെ കിട്ടുന്ന തുലാവർഷവും 2016 ൽ വളരെ ദുർബലമായിരുന്നു. 2016ൽ കേരളം പ്രതീക്ഷിച്ചത് 310 cm ആയിരുന്നു ലഭിച്ചത് 186 cm മാത്രം. 40 ശതമാനം കുറവ്. 115 വർഷങ്ങൾക്കിടയിൽ കേരളം ഏറ്റവും രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കുകയാണ്.

ദൈവാനുഗ്രഹത്താൽ ഇന്ത്യ യിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കാലാവസ്ഥ വളരെ ഭിന്നവും സുഖകരവുമാണ്. കേരള ത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകത കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഭൂമധ്യരേഖയോടടുത്ത് ഉഷ്ണ മേഖലാ പ്രദേശത്താണ് കേരളം സ്ഥിതിചെയ്യുന്നത്. എങ്കിലും പടിഞ്ഞാറ് 580 കിലോ മീറ്റർ നീള ത്തിൽ അറബിക്കടലും തെക്കു മുതൽ വടക്കുവരെ ഇടമുറിയാത്ത ഒരു മതിൽ പോലെ നീണ്ടു കിടക്കുന്ന പശ്ചിമഘട്ട മല നിരകളുമാണ് കേരളത്തിൽ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സുഖപ്രദമായ കലാവസ്ഥ സൃഷ്ടിക്കുന്നത്. പശ്ചിമഘട്ടം ഇടക്ക് മുറിയുന്നത് പാലക്കാട്ടെ വാളയാറിൽ വെച്ചാണ്. വാളയാർ ചുരം എന്ന ഈ ഇടനാഴിയുള്ളതിനാൽ പാലക്കാട് മാത്രമാണ് കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച വരണ്ട കാലവസ്ഥ യുള്ളത്. അങ്ങനെ സുഖശീതള മായി കഴിഞ്ഞിരുന്ന കേരളമാണ് ഇന്ന് ജലദൗർലഭ്യത്താൽ കൃത്രിമ മഴ അഥവാ ക്ലൗഡ് സീഡിങ്ങ് എന്നറിയപ്പെടുന്ന മേഘങ്ങളിൽ രാസപദാർത്ഥം വിതറി ജലവർഷം നടത്തുവാൻ ശ്രമിക്കുന്നത്. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ കൃത്രിമ മഴ പെയ്യിക്കാൻ ശ്രമിക്കും എന്ന് നിയസഭയിൽ അറിയിച്ചതിന് പിന്നാലെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് അതിനെ എതിർത്തതു കൊണ്ടാണ് തൽക്കാലം കൃത്രിമ മഴ പെയ്യിക്കാതെ പോയത്.

വിൻസെന്റ് ഷെയ്ഫർ എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ് ആദ്യമായി കൃത്രിമ മഴ പരീക്ഷണം നടത്തി വിജയിച്ചത്. മേഘങ്ങളുടെ സങ്കീർണ ഘടനയെക്കുറിച്ച് മനസ്സിലാക്കി അതിന്റെ ഭൗതികവും രാസികവുമായ സ്വഭാവങ്ങൾ പഠിച്ച് കൃത്യതയോടെ നടത്തിയാൽ മാത്രമേ ക്ലൗഡ് സീഡിങ്ങ് വിജയി ക്കുകയുള്ളൂ. പ്രാഥമികമായി ക്ലൗഡ് സീഡിങ്ങിന് ആകാശത്ത് മേഘങ്ങൾ വേണം. മേഘങ്ങളിലെ നീരാവി ചില പ്രത്യേക സൂക്ഷ്മ കണങ്ങൾ (എയ്റോസോൾസ്) ഉപയോഗിച്ച് മഴത്തുള്ളിയായി മാറ്റുകയാണ് ഈ പ്രക്രിയയിലൂടെ ചെയ്യുന്നത്.

സാധാരണ സ്വഭാവികമായി വേനൽകാലത്ത് ഭൂമിയുടെ അന്തരീ ക്ഷം പെട്ടെന്ന് ചൂടുപിടിക്കുകയും ഈർപം നിറഞ്ഞ അന്തരീക്ഷ വായു സംവഹന പ്രക്രിയമൂലം (Convection) മേലോട്ടുയരുകയും ചെയ്യുന്നു. ഉയരുന്ന വായു മുകളിൽ മർദം കുറവായതിനാൽ വികസിക്കുന്നു. ഇങ്ങനെ വികസി ക്കുന്നതിന് ആ വായുപടലത്തിലെ ആന്തരികമായ ഊർജമാണ് ഉപ യോഗിക്കുന്നത്. വികസിക്കുന്ന വായുപിണ്ഡം തണുക്കുകയും അതിലെ നീരാവി ഘനീഭവിച്ച് ചെറിയ തുള്ളികളായി മാറുന്നു. ഘനീഭവിച്ച നീരാവി മഴത്തുള്ളി യായി മാറണ മെങ്കിൽ ഏതാണ്ട് ഒരു മൈക്രോ മീറ്ററോളം മാത്രം വലിപ്പമുള്ള അനേകം തുള്ളികൾ ചേർന്ന് ഒരു വലിയ തുള്ളിയായി തീരണം. ഇത് സംഭവിക്കണമെങ്കിൽ അതായത് ആദ്യം ജലത്തെ സാന്ദ്രീകരിച്ച് ഒരു ചെറു ജലകണമായി മാറണമെങ്കിൽ അതിന് നടുവിൽ തങ്ങിനിൽക്കുന്ന ഒരു ധൂളി വേണം. ആ കണം ജലത്തെ ആഗിരണം ചെയ്ത് തുള്ളികളാക്കി മാറ്റുന്ന അതി സൂക്ഷ്മ ധൂളികളെയാണ് അഥവാ കണങ്ങളെയാണ് മേഘ സാന്ദ്രീ കരണ കണങ്ങൾ (Cloud Condensation Nuclei) എന്ന് പറയുന്നത് ഈ സൂക്ഷ്മ കണങ്ങൾ മേഘങ്ങൾക്കുള്ളിൽ പല വലിപ്പ ത്തിലുള്ള തുള്ളികൾ ഉണ്ടാക്കുന്നു അവ ഒന്നിച്ചു കൂടി ഒരു മില്ലി മീറ്ററോളം വലുപ്പമുള്ള വലിയ തുള്ളികളായി തീരുന്നു. കൂട്ടിമുട്ടി ഒന്നാവുക (Collision And Coales-

cence) എന്നാണ് ഈ പ്രതിഭാസത്തിന് പറയുന്നത്. അങ്ങനെ വലുപ്പമേറിയ ജലകണം ഭൂഗുരുത്വത്തിന് വിധേയമായി മഴത്തുള്ളികളായി മേഘം വിട്ട് ഭൂമിയിൽ പതിക്കുന്നു. ഇതാണ് മഴയുടെ ഏകദേശരൂപം. ഇവിടെ മേഘങ്ങളിൽ ഒരു പൊടി പടലത്തെ കേന്ദ്രമാക്കി സാന്ദ്രീകരിച്ച് ജലകണങ്ങളായി പിന്നീട് അവ കൂടിചേർന്ന് വലിയ തുള്ളികളായി ഭൂമിയിൽ പതിക്കുന്ന പ്രതിഭാസത്തെ കുറിച്ചാണല്ലോ പറയുന്നത്. ഈ പ്രതിഭാസത്തിലെ സാങ്കേതികതയെ മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആൻ സൂക്ഷ്മമായി വിവരിക്കുന്നത് വിസ്മയകരമല്ലേ. ഖുർആൻ പറയുന്നു:

***'പരാഗരേണുക്കളെ വഹിച്ചു കൊണ്ടു പോകുന്ന കാറ്റുകളെ (റിയാഹ ലവാഖിഹ** Fertilisig Wind**) നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾ അതിന്റെ നിക്ഷേപകരല്ലതാനും'*** ***(15:**23)*

***'നീ കാണുന്നില്ലേ അല്ലാഹു മേഘങ്ങളെ ചലിപ്പിക്കുന്നു എന്നിട്ട് അവയെ തമ്മിൽ കൂട്ടിചേർക്കുന്നു. പിന്നെ അവയെ മേൽക്കുമേൽ അട്ടികളാക്കി തീർക്കുകയും ചെയ്യുന്നു. അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴ പുറത്ത് വരുന്നത് നിനക്ക് കാണാം.' (24:44)***

മേഘങ്ങൾ കാലാവസ്ഥയിലും മനുഷ്യ ജീവിതത്തിലുമുണ്ടാക്കുന്ന സ്വാധീനം വമ്പിച്ചതാണ്. ഈ വർഷത്തെ ലോക കാലാവസ്ഥാ ദിനത്തിന്റെ ആശയം **'മേഘങ്ങളെ മനസ്സിലാക്കൽ'** (Understanding Clouds) എന്നാണ് അന്താരാഷ്ട്ര കാലാവസ്ഥാ സംഘടന പ്രഖ്യാപിച്ചത് എന്ന കാര്യവും പ്രസ്താവ്യമാണ്. ഇത്തരത്തിൽ മേഘങ്ങളുടെ പ്രധാന്യത്തെ ഊന്നി പറയുന്ന നിരവധി ആയത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്.


ഒരു പൊടിക്ക് (എയ്റോസോൾസ്) ചുറ്റും നീരാവി രൂപത്തിലുള്ള മേഘജലം ഖനീഭവിച്ച് കണങ്ങളായി ചുറ്റും ഉരുണ്ടുകൂടുന്ന പ്രതിഭാസമാണ് മഴക്ക് കാരണം എന്ന് പറഞ്ഞുവല്ലോ. മേഘജലം ജലകണങ്ങളായിത്തീരാൻ മേഘങ്ങളിൽ സൂക്ഷ്മമായ പൊടികണങ്ങൾ (എയ്റോസോൾസ്) വിതറുന്നതിനെയാണ് ക്ലൗഡ് സീഡിങ്ങ് അഥവാ കൃത്രിമ മഴ പരീക്ഷണം എന്ന് പറയുന്നത്. ഇത് മേഘത്തിന്റെ അടിയിൽ ഭൂമിയിൽ നിന്നും വിമാനത്തിലൂടെ മേഘത്തിന്റെ മുകളിൽ നിന്നും വിതറുന്ന രീതികളുണ്ട്. എല്ലാ മേഘങ്ങളും ക്ലൗഡ് സീഡിങ്ങിലൂടെ മഴ തരില്ല. റഡാറിലൂടെ മേഘത്തെ സംബന്ധിച്ച് സൂക്ഷ്മമായ പഠനം നടത്തിയതിന് ശേഷമാണ് സീഡിങ്ങിനായി തിരഞ്ഞെടുക്കുക. വൻ ചിലവുള്ള ഈ പദ്ധതി വിജയകരമാവണമെങ്കിൽ ആകാശത്ത് മേഘങ്ങൾ വേണം. ആ മേഘങ്ങൾക്ക് തന്നെ ചില സവിശേഷതകൾ ഉണ്ടാവണം. സീഡിങ്ങ് നടത്തിയാൽ തന്നെ സീഡ് ചെയ്യപ്പെട്ട മേഘങ്ങളെ കാറ്റടിച്ച് പരത്തികൊണ്ടു പോയാൽ മഴ ലഭിക്കാതെ പോവും. ഇങ്ങനെ നിരവധി അനിശ്ചിതത്വങ്ങൾക്ക് നടുവിലാണ് കൃത്രിമ മഴ സാദ്ധ്യമാവുക. ചുരുക്കത്തിൽ മഴയെക്കുറിച്ചുള്ള സാധാരണ നാം കേൾക്കാറുള്ള കാലാവസ്ഥാ പ്രവചനം പോലെ ചിലപ്പോൾ കൃത്രിമ മഴ പെയ്യാനും പെയ്യാതിരിക്കാനും സാധ്യതയുണ്ട്.

കൃത്രിമ മഴയെ സംബന്ധിച്ച് വൻ തെറ്റിദ്ധാരണകളാണ് ജനങ്ങൾക്കുള്ളത്. മേഘങ്ങളിൽ വിതറുന്ന രാസവസ്തുക്കൾ മാരകമായ രോഗങ്ങൾക്ക് കാരണമാകുമോ എന്നതാണ് ഒരാശങ്ക. മഴവെള്ളത്തിന്റെ സ്വച്ഛതക്കും ഗുണത്തിന്നും നിറത്തിന്നും മാറ്റമുണ്ടാകുമോ എന്നതാണ് മറ്റൊരാശങ്ക. ഇത്തരം ആശങ്കകളെല്ലാം അസ്ഥാനത്താണ്. ഇതിന് ഉപയോഗിക്കുന്ന ചെറുകണങ്ങൾ കറിയുപ്പ്, ഡ്രൈ ഐസ് (തണുപ്പിച്ച് കട്ടിയാക്കിയ കാർബൺ ഡൈ ഓക്സൈഡ്) പൊട്ടാസിയം മഗ്നീഷ്യം മുതലായവയുടെ സൂക്ഷ്മകണങ്ങളാണ്. അത് ആരോഗ്യത്തിന് യാതൊരു ഹാനിയും വരുത്തുന്നതല്ല. ആഗോള കാലാവസ്ഥാ സംഘടനയുടെ (World Meteorological Organization) മാനദണ്ഡങ്ങൾക്ക് വിധേയമായിക്കൊണ്ടാണ് കൃത്രിമ മഴക്കായുള്ള ക്ലൗഡ് സീഡിങ്ങ് നടത്തുക. ഇതിൽ ഉപയോഗിക്കുന്ന ചെറുകണങ്ങൾ സ്വാഭാവികമായും അന്തരീക്ഷത്തിലുണ്ടാവുന്ന കണങ്ങളുടെ അളവിന്റെ ഒരു ശതമാനത്തിനും താഴെയാണ്. അതായത് ക്ലൗഡ് സീഡിങ്ങിന് മേഘത്തിൽ വിതറുന്ന കണങ്ങൾ അന്തരീക്ഷത്തിൽ ഉണ്ടാവുന്ന കണങ്ങളുടെ നൂറിലൊന്ന് വലുപ്പമേ ഉണ്ടാവൂ. അത്രയും സൂക്ഷ്മാൽ സൂക്ഷ്മമാണ്.

കൃത്രിമ മഴ ഏതായാലും വരൾച്ചക്ക് ശാശ്വത പരിഹാരമല്ല. ഒരു പ്രാവശ്യത്തെ സീഡിങ്ങിന് തന്നെ പത്ത് കോടിയോളം ചെലവ് വരും. ക്ലൗഡ് സീഡിങ്ങിന്റെ വിജയവും പരാജയവും പ്രാഥമികമായി ആകാശത്ത് മഴജന്യമായ മേഘങ്ങളുടെ ലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവികമയ കാലാവസ്ഥാ സംവിധാനങ്ങളിൽ കഴിയുന്നതും മനുഷ്യൻ ഇടപെടാതിരിക്കുകയാണ് വേണ്ടത്. മേഘങ്ങളുടെ രൂപീകരണത്തിലും കാലവർഷക്കാറ്റുകളുടെ മുറതെറ്റാതെയുള്ള വരവും അല്ലാഹുവിന്റെ ഗോളാന്തരീയമായ ഒരു ബൃഹദ് പദ്ധതിയുടെ ഭാഗമാണ്. അതിന്റെ ഭാഗമായിട്ടാണ് മേഘങ്ങൾ നമ്മുടെ തലക്ക് മുകളിലെത്തുന്നത്. നമ്മുടെ തലക്ക് മുകളിലെത്തുന്ന ആ മേഘങ്ങളെ കൃത്രിമ മാർഗത്തിലൂടെ ഞെക്കി പിഴിഞ്ഞ് ജലമെടുക്കുമ്പോൾ പ്രകൃതിയിൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങ

**ശേഷം പേജ് 42 ൽ**

# മൗലാനാ ഹകീം മുഹമ്മദ് ദീൻ സാഹിബ്



ഖാദിയാൻ: സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ മുൻ അദ്ധ്യക്ഷനും സുപ്രസിദ്ധ പണ്ഡിതനുമായ മൗലാനാ ഹകീം മുഹമ്മദ് ദീൻ സാഹിബ് (97) 2017 മാർച്ച് 15 ദിവംഗതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

മൗലാനാ സാഹിബ് 1920 ജൂൺ 1ന് പഞ്ചാബിലെ ഗുർദാസ്പൂർ ജില്ലയിൽ മുക്കേരിയാൻ എന്ന സ്ഥലത്താണ് ജനിച്ചത്. ജ. അസീസുദ്ദീൻ സാഹിബാണ് പിതാവ്.

മൗലാനാ സാഹിബിന്റെ പിതാമഹൻ ഹദ്റത്ത് വസീറുദ്ദീൻ സാഹിബ് (റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. (അവ: ആയിനയേ കമാലാത്തെ ഇസ്ലാം, അഞ്ചാമെ ആഥിം) ഇദ്ദേഹം ഹിമാചൽ പ്രദേശിലെ കാംഗ്ട എന്ന സ്ഥലത്ത് സ്കൂൾ അദ്ധ്യാപകനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചന പ്രകാരം ഈ സ്ഥലത്ത് ഉണ്ടായ ഭയാനകമായ ഭൂകമ്പത്തിൽ നിന്ന് ഇദ്ദേഹവും സ്കൂൾ കുട്ടികളും അത്ഭുതകരമായി രക്ഷപ്പെടുകയുണ്ടായി.

മൗലാനാ സാഹിബ് ലാഹോറിൽ നിന്ന് മെട്രിക്കും തുടർന്ന് ഖാദിയാനിൽ നിന്ന് ഇംഗ്ലീഷും മുൻശീ ഫാസിൽ ഡിഗ്രിയും പാസായി. ലാഹോറിലെ ത്വിബ്ബിയ കോളേജിൽ പഠനം പൂർത്തിയാക്കിയ ശേഷം 1934 മുതൽ 1943 വരെ റെയിൽവെ ഡിപ്പാർട്ട്മെന്റിൽ അസി. സ്റ്റേഷൻ മാസ്റ്ററായി ജോലി ചെയ്തു. 1943 ൽ ജീവിതം വഖ്ഫ് ചെയ്തു. 1944 ജോലി രാജിവെച്ച് ഖാദിയാനിൽ എത്തി.

1944 മുതൽ 1946 വരെ വിവിധ ക്ലാസുകളിൽ പഠനം തുടർന്നു. ശേഷം ഹദ്റത്ത് മൗലാനാ സുൽഫിഖാർ അലി ഖാൻ സാഹിബ്(റ) ന്റെ കൂടെ പ്രസ്സിൽ ഡ്യൂട്ടി ചെയ്യുന്ന വേളയിൽ ദീനീ പഠനവും തുടർന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ നിർദ്ദേശ പ്രകാരം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഇദ്ദേഹത്തെ കുറിച്ച് പ്രത്യേക അവലോകന റിപ്പോർട്ട് സമർപ്പിക്കുകയും ഉചിതമായ മറ്റ് വല്ല സ്ഥലങ്ങളിലും മാറ്റാൻ അപേക്ഷിക്കുകയുമുണ്ടായി. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന കുട്ടികളെ ഫീൽഡിൽ അയക്കാനും ഇദ്ദേഹത്തെ കുറിച്ച് തന്നോട് വീണ്ടും കൂടിയാലോചന നടത്താനും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) നിർദേശിക്കുകയുണ്ടായി.

തുടർന്ന് ആദ്യം ബോംബെയിൽ ഹദ്റത്ത് മൗലാനാ അബ്ദുർ റഹീം സാഹിബ് നയ്യർ (റ)ന്റെ കീഴിൽ അസി. മുബല്ലിഗ് ആയും പിന്നീട് ഇൻചാർജ് മുബല്ലിഗ് ആയും നിയമിക്കപ്പെട്ടു. ഇവിടെ ആറ് വർഷം സേവനം ചെയ്തു. തുടർന്ന് ഹൈദരാബാദ് (എട്ട് വർഷം), ശിമോഗ (ആറ് വർഷം), ബാംഗ്ലൂർ (മൂന്ന് വർഷം), കൽക്കത്ത (ഇവിടെ പ്രവർത്തിക്കുമ്പോൾ ഒഡിഷ, ബിഹാർ സംസ്ഥാനങ്ങളുടെ കൂടി മുബല്ലിഗ് ഇൻചാർജ് ആയിരുന്നു.) എന്നിവിടങ്ങളിലും സേവനം ചെയ്തു.

1972ൽ ഖാദിയാനിൽ എത്തി. 1978 – 1979 വരെ ജാമിഅ അഹ്മദിയ്യാ അദ്ധ്യാപകനായും തുടർന്ന് 1979 മുതൽ 1991 വരെ പ്രിൻസിപ്പൽ ആയും സേവനം ചെയ്യുകയുണ്ടായി. 1979 ദാറുൽ ഖദാ നാസിം ആയി നിയമിതനായി. ജാമിഅയിൽ നിന്ന് മാറിയ ശേഷം നാസിം വഖ്ഫെ ജദീദ്, സദ്ർ വഖ്ഫ് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ, സദ്ർ മജ്ലിസ് അൻസാറുല്ലാഹ് ഭാരത്, സദ്ർ മജ്ലിസ് കാർപർദാസ് എന്നീ സ്ഥാനങ്ങളിലും സേവന നിരതനായിരുന്നു.

2011 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ പ്രവർത്തക സമിതിയായ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ സദ്ർ (അദ്ധ്യക്ഷൻ) ആയി നിയമിക്കപ്പെട്ടു. 2014 വരെ ഈ സ്ഥാനത്ത് തുടർന്നു.

സ്വത്തിലേയും വരുമാനത്തിലേയും പത്തിൽ ഒന്ന് വസിയ്യത്ത് ചെയ്തിരുന്ന മൗലാനാ സാഹിബ് തുടർന്ന് പത്തിൽ ഏഴും പിന്നെ പത്തിൽ അഞ്ചും വസിയ്യത്ത് ചെയ്യുകയുണ്ടായി.


വളരെ മനോഹരമായി തിലാവത്ത് ചെയ്തിരുന്ന മൗലാനാ സാഹിബ് ദീർഘകാലം മസ്ജിദ് മുബാറക്കിൽ ഇമാം ആയിരുന്നു. ഹജ്ജ് അനുഷ്ഠിക്കാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. കരുത്തുറ്റ പ്രഭാഷകനും ബഹുഭാഷജ്ഞനും എഴുത്തുകാരനുമായിരുന്ന ഇദ്ദേഹത്തിന് ഫാർസി ഭാഷയിൽ പ്രത്യേക വ്യുൽപ്പത്തി ഉണ്ടായിരുന്നു. ഏതാനും ആഴ്ചകൾക്ക് മുമ്പ് വരെ മസ്ജിദിൽ നമസ്കാരങ്ങൾക്ക് എത്തിയിരുന്ന അദ്ദേഹം ഒരിക്കലും ഇരുന്ന് നമസ്കരിച്ചിരുന്നില്ല. ജർമനി, ഇംഗ്ലണ്ട് തുടങ്ങിയ രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

2017 മാർച്ച് 16 ന് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി (നാസിർ അഅ്ലാ ഖാദിയാൻ) ബഹിശ്തി മഖ്ബറ ജനാസ ഗാഹിൽ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. തുടർന്ന് സ്വഹാബാക്കളെ അടക്കം ചെയ്തിട്ടുള്ള പ്രത്യേക ഏരിയയിൽ (സെക്ഷൻ 2) ഖബറടക്കി.

(സഗീർ എച്ച്.എസ്)

# മാസ്റ്റർ സാഹിബ് എന്റെ മനസ്സിൽ

**പ്രൊഫ. എം. മുഹമ്മദ്**




ഒട്ടനവധി പേരെ ഈ ജീവിത യാത്രയിൽ നാം കണ്ടുമുട്ടുന്നു. വേർപിരിയുന്നു. ചിലർ നമ്മുടെ മനസ്സിൽ സ്ഥാനം കരസ്ഥമാക്കുന്നു. അവരെ മറക്കാൻ നമുക്കാവുകയില്ല. ആ അപൂർവം ചില ആളുകളിൽ ഒരാളാണ് മാസ്റ്റർ സാഹിബ്. ഞങ്ങൾ വിളിച്ചുപോന്നത് കുഞ്ഞഹമ്മദ് മാസ്റ്റർ. അദ്ദേഹവുമായി ബന്ധപ്പെട്ട ആരും തന്നെ അദ്ദേഹത്തെ മറക്കില്ല. താൻ വിശ്വസിച്ചിരുന്ന ആദർശത്തിന് വേണ്ടി അഹോരാത്രം അദ്ദേഹം പ്രവർത്തിച്ചു. ഒരിക്കലും ഒരാളെ പറ്റിയും അദ്ദേഹം ദൂഷ്യം പറഞ്ഞില്ല. വിമർശകന്മാരോട് പോലും പ്രതിപക്ഷ ബഹുമാനം പുലർത്തി. മാസ്റ്റർ സാഹിബ് ഒരു മതപ്രചാരകൻ മാത്രമായിരുന്നില്ല മതത്തിന്റെ ജീവൽ രൂപമായിരുന്നു. ഖുർആനും ഹദീസും നബി തിരുമേനി (സ)യുടെയും മസീഹ് മൗഊദി (അ)ന്റേയും ജീവിതചര്യകൾ ഇത്രയും കൂലങ്കഷമായി പഠിച്ചവർ വിരളമാണ്. ഞാനടക്കം പലരും ഖുർആൻ പാരായണ മുറകൾ പഠിച്ചത് മാസ്റ്റർ സാഹിബിൽ നിന്നാണ്. അതിൽ ജമാഅത്തിലെ മുറബ്ബിമാരടക്കം പലരും ഉണ്ടായിരുന്നു. അധ്യാപകൻ എന്നനിലയിൽ അദ്ദേഹം ഒരിക്കലും അഹങ്കരിച്ചില്ല, തന്റെ ഒരു കടമ നിർവ്വഹിക്കുന്നു എന്ന ഭാവമായിരുന്നു. മലയാളത്തിൽ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച ഏക തജ്‌വീദ് ഗ്രന്ഥം 'വിശുദ്ധ ഖുർആൻ പാരായണ മുറകൾ' അദ്ദേഹത്തിന്റെ രചനയാണ്. മസീഹ് മൗഊദ് (അ) തന്റെ യജമാനനെ പ്രകീർത്തിച്ച് രചിച്ച അൽ-ഖസീദ മലയാളത്തിൽ വിവർത്തനം ചെയ്തതും അദ്ദേഹമാണ്. അദ്ഇയ്യ എന്ന പേരിൽ ഒരു പ്രാർഥനാ സമാഹാരവും അദ്ദേഹത്തിന്റേതായി പുറത്തിറങ്ങിയിട്ടുണ്ട്.

എപ്പോഴും ദുആയിൽ മുഴുകിയിരുന്ന മാസ്റ്റർ സാഹിബ് മറ്റുള്ളവരെയും അങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുകയും അവർക്ക് ഖുർആനിലെയും ഹദീലെയും മസീഹ് മൗഊദി(അ)ന്റെയും ദുആകൾ പഠിപ്പിക്കാൻ ഉത്സാഹപൂർവം യത്നിക്കുകയും ചെയ്തു. ആത്യന്തികമായി മാസ്റ്റർ സാഹിബ് ഒരു മാതൃകാദ്ധ്യാപകനും മനുഷ്യസ്നേഹിയുമായിരുന്നു. സംസാരത്തിലും എഴുത്തിലും മാത്രമല്ല ജീവിതത്തിലുടനീളം അങ്ങേയറ്റം ലാളിത്യവും വിനയവും അദ്ദേഹം പുലർത്തി. സാമ്പത്തിക വിഷമതകൾ അനുഭവിച്ച് വളർന്ന മാസ്റ്റർ സാഹിബ് സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടപ്പോഴും ആ ലാളിത്യം കൈവിട്ടില്ല. വിശുദ്ധ ഖുർആന്റെ പാഠമനുസരിച്ച് പാവപ്പെട്ടവരെ ആരുമറിയാതെ സഹായിച്ചു. മറ്റുള്ളവരെയും അതിന് പ്രോത്സാഹിപ്പിച്ചു. ഒരു പാവപ്പെട്ട തൊഴിലാളി കുടുംബത്തിന്റെ കുടിൽ സന്ദർശിക്കാനദ്ദേഹം എന്നെ കൂട്ടിക്കൊണ്ടു പോയത് ഞാനിപ്പോഴും ഓർക്കുന്നു. ജമാഅത്തിൽ പല ഉന്നത സ്ഥാനങ്ങളും വഹിച്ചപ്പോഴും അധികാര ഭാവം അദ്ദേഹത്തെ ഗ്രസിച്ചില്ല. പ്രവർത്തിക്കാൻ ഒരു ഓഫീസ് പോലും വേണ്ട എന്ന നിലപാടായിരുന്നു. അസുഖം ബാധിക്കുന്നത് വരെ മാസ്റ്റർ സാഹിബ് ജമാഅത്തുകൾ സന്ദർശിക്കുകയും അവിടുത്തെ രോഗികളെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നത് ഒരു ശീലമാക്കിയിരുന്നു. ക്ഷമയുടെ മകുടോദാഹരണമായിരുന്നു മാസ്റ്റർ സാഹിബ്. കോപാവേശത്തോടെ അദ്ദേഹത്തോട് അട്ടഹസിച്ച ഒരാളോട് ശാന്തനായി പ്രതികരിച്ച രംഗം ഞാനിപ്പോഴും ഓർക്കുന്നു. അദ്ദേഹത്തോട് വഴക്കിടാൻ വന്നവർക്ക് വേണ്ടി പോലും അദ്ദേഹം ദുആ ചെയ്തിരുന്നു. 2009ൽ കുടുംബ സമ്മേതം ഉംറ ചെയ്ത മാസ്റ്റർ സാഹിബ് 2004ൽ യു.കെ ജലസയിലും പങ്കെടുത്തിരുന്നു വാഗ്ദത്ത മസീഹിന്റെ യഥാർഥ അനുയായി ആയിരുന്ന അദ്ദേഹം കരുണാവാരിധിയായ സർവലോക രക്ഷിതാവിന്റെ അടുക്കലേക്ക് അണഞ്ഞു കഴിഞ്ഞു. മാസ്റ്റർ സാഹിബിന്റെ ആത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യ: ബി. താഹിറാ സാഹിബ (ലജ്ന ഇമായില്ലായുടെ മുൻ സംസ്ഥാന സദർ). മക്കൾ: മുബശിർ അഹ്മദ് (ഷാർജ), മുസദ്ദിഖ് അഹ്മദ് (ബെംഗളൂരു ജമാഅത്ത് അമീർ), ശാഹിദ മുനീം. മരുമക്കൾ: ശമീറ, മുംതാസ്, മുനീം

www.alislam.org

# ഊറക്കാടൻ മുഹമ്മദ് കുഞ്ഞു സാഹിബ്



കരുളായി ജമാഅത്തിലെ ഊറക്കാടൻ മുഹമ്മദ് കുഞ്ഞു സാഹിബ് (86) 22 /1/ 2017 ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ........

ഐരാപുരം ജമാഅത്തിന്റെ സ്ഥാപകാംഗവും അവിടത്തെ ആദ്യ മാൽ സെക്രട്ടറിയുമായിരുന്നു. ദഅ്‌വത്ത് ഇലല്ലാഹ് മുബല്ലിഗ് മൗലവി അലിക്കുഞ്ഞ് സാഹിബിന്റെ പിതാവാണ്. മർഹൂം ഉണ്ണീൻ മൗലവി സാഹിബ് മുഖേന യാണ് മുഹമ്മദ് കുഞ്ഞു സാഹിബ് അഹ്‌മദിയ്യ ജമാഅത്തിൽ പ്രവേശിക്കുന്നത്. മൂന്നാം ക്ലാസ് വിദ്യാഭ്യാസമുണ്ടായിരുന്ന അദ്ദേഹം ജമാഅത്ത് വിജ്ഞാനങ്ങൾ സശ്രദ്ധം കേട്ടു പഠിക്കുന്നതിൽ വ്യാപൃതനായിരുന്നു. തബ്‌ലീഗ് രംഗത്ത് അദ്ദേഹത്തിന്റെ നിസ്തുലമായ ആവേശത്തിന് നിദർശനമായ ഒരു സംഭവം അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ചുണ്ടായി. താൻ അവസാനം തബ്‌ലീഗ് ചെയ്ത ഒരു യുവാവിനെ അദ്ദേഹം വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. അദ്ദേഹം വഴിയിൽ വെച്ച് മുഹമ്മദ് കുഞ്ഞു സാഹിബിന്റെ മരണ വാർത്തയായിരുന്നു കേട്ടത്. എങ്കിലും ആ യുവാവ് വീട്ടിൽ വന്നു ജനാസയിൽ പങ്കു കൊള്ളുകയും വരാനുണ്ടായ കാരണം മകൻ അലികുഞ്ഞു മൗലവിയോട് പറയുകയും ചെയ്തു.

ഐരാപുരം ജമാഅത്തിന് 25 സെന്റ് സ്ഥലം നൽകിയത് മുഹമ്മദ് കുഞ്ഞു സാഹിബായിരുന്നു. പിന്നീട് അടുത്തുള്ള സ്ഥലവും ജമാഅത്ത് വാങ്ങുകയുണ്ടായി. വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കുന്നതിൽ പ്രത്യേകം താൽപര്യം കാണിച്ച അദ്ദേഹം മരിക്കുന്ന ദിവസം പോലും പള്ളിയിൽ സുബഹി നമസ്കാരത്തിന് എത്തുകയും ഖുർആൻ പരായണം ചെയ്യുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ**: ബിയ്യുമ്മ. **മക്കൾ**: സെയ്ത് മുഹമ്മദ്, സൽമത്ത്, അലികുഞ്ഞ്, സുലൈമാൻ (അമീർ, കരുളായി), അബ്ദുൾ അസീസ്, മുബാറക്കാ ബീഗം, **മരുമക്കൾ**: സി. കെ നസീമ, ടി. സിദ്ദീക്ക് (തിരുവിഴാംകുന്ന്), കെ. നുസ്രത്ത്, റസീന, ടി. എം. അബ്ദുൾ ജലീൽ(കൽക്കുളം).

INTERNATIONAL
mta.tv
alislam.org

# സൈദുമ്മ സാഹിബ

കാവശ്ശേരി ജമാഅത്തിലെ മുതിർന്ന ലജ്നാ ഇമാഇല്ലാഹ് പ്രവർത്തകരിലൊരാളായ എ. സെയ്ദുമ്മ സാഹിബ (85) 22-2-2017 ന് വഫാത്തായി. ഇന്നാലില്ലാഹി ..... കാവശ്ശേരി ജമാഅത്ത് രൂപീകൃതമായ 1982 ന്റെ പ്രാരംഭത്തിലാണ് അവർ ബൈഅത്ത് ചെയ്തത്. ജമാഅത്തിനോടും ഖിലാഫത്തിനോടും കൂറും സ്നേഹവും പുലർത്തിയിരുന്ന അംഗമായിരുന്നു.

**മക്കൾ**: പി. എ. മുഹമ്മദ്, പി. എ. സുലൈമാൻ, (നാഇബ് സദർ, കാവശ്ശേരി) പി. എ. മുഹമ്മദ് കാസിം, പി. എ. അബ്ദുൽ അസീസ്, സൈനബ, നബീസ, പി. എ. ജമീല, അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ, ആമീൻ.

***എച്ച്. എസ്***

പേജ് 39 ൽ നിന്ന് തുടർച്ച

ളെക്കുറിച്ചും നാം ചിന്തിക്കണം. അതുപോലെ ഈ വരൾച്ചക്കും കാലാവസ്ഥാ വ്യതിയാനത്തിനും പിന്നിൽ മനുഷ്യന്റെ കരങ്ങൾ പ്രവർത്തിച്ചതിന്റെ കണക്കെടുപ്പും അത് ആവർത്തിക്കാ തിരിക്കാനുള്ള ക്രമീകരണങ്ങളും മനുഷ്യ സമൂഹം നടത്തണം. പാരിസ്ഥിതിക പ്രാധാന്യമുള്ള ഖുർആന്റെ ഒരു ഉജ്ജ്വല വചനം ഇവിടെ ഉദ്ധരിച്ച് കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.' (30:42)***

## നോബൽ സമ്മാന ജേതാവ് അബ്ദുസ്സലാം സാഹിബി ന്റെ മരുമകൻ ശഹീദായി



പാകിസ്താനിലെ പഞ്ചാബ് പ്രവിശ്യയിൽ നങ്കാന സാഹിബ് എന്ന സ്ഥലത്തെ പ്രമുഖ അഹ്മദിയും നോബൽ പുരസ്ക്കാര ജേതാവ് ഡോ. അബ്ദുസ്സലാം സാഹിബിന്റെ മരുമകനുമായ അഡ്വക്കറ്റ് മാലിക്ക് സലീം ലത്ത്വീഫ് സാഹിബ് ഭീകരവാദിക ളുടെ വെടിയേറ്റ് ശഹീദായി. (ഇന്നാലില്ലാ...) ഈ ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വം മതഭീകര സംഘടനയായ ലക്ഷറെ ജംഘ്‌വി ഏറ്റെടുക്കുകയുണ്ടായി. പാകിസ്താനിൽ അഹ്മദി മുസ്‌ലിംകളെയും ന്യൂനപക്ഷങ്ങളെയും ഭീകരമായി അക്രമിച്ചുകൊണ്ടിരിക്കുന്ന മതഭീകര സംഘടനകളെ തടയുന്നതിൽ ഭരണകൂടം പൂർണമായും പരാജയപ്പെട്ടുവെന്ന് അഹ്മദിയ്യാ വക്താവ് സലീമുദ്ദീൻ സാഹിബ് പറഞ്ഞു. പ്രാദേശിക ദേശീയ മാധ്യമങ്ങളിൽ ഭീകരർക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള അഹ്മദിയ്യാ വിരുദ്ധ വാർത്തകളാണ് നിരന്തരം വന്നു കൊണ്ടിരിക്കുന്നത്. പ്രതിരോധിച്ച് പത്രകുറിപ്പ് പ്രസിദ്ധീകരിക്കാൻ അഹ്മദികളെ പാകിസ്താൻ നിയമം അനുവദിക്കുന്നില്ല. 2016 ൽ മാത്രം ഇത്തിൽ 1700 ഓളം അഹ്മദിയ്യാ വിരുദ്ധ വാർത്തകളാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഭരണകൂടവും പട്ടാളവും ഭീകരവാദികൾക്കെതി രെ എടുക്കുന്ന നടപടികളൊന്നും ഫലപ്രദമല്ല എന്ന് സലീമുദ്ദീൻ സാഹിബ് പറഞ്ഞു. പാകിസ്താന് നോബൽ സമ്മാനം വാങ്ങിച്ചു കൊടുത്ത ഡോ. അബ്ദുസ്സലാമിനോട് ഇത്‌വരെ കാണിച്ച അവഗണനക്ക് പരിഹാരമായി ഈയിടെ ഖായിദെ അഹ്സം യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന് അബ്ദുസ്സലാമിന്റെ പേരിട്ടിരുന്നു. അതിനുള്ള പകയാണ് ഭീകര വാദികളുടെ ഭാഗത്ത് നിന്നുണ്ടായത് എന്ന് കരുതപ്പെടുന്നു. 1984ൽ 20-ാം ഓർഡി നൻസ് വന്നത് മുതൽ 250 അഹ്മദികളാണ് ശഹീദാക്കപ്പെട്ടത്.

## അഹ്മദിയ്യാ സമാധാന പുരസ്ക്കാരം സറ്റ്സുകോ തുർലോക്കിന്ന്



ലണ്ടൻ: 2017 മാർച്ച് 25ന് ബൈത്തുൽ ഫുത്തുഹിൽ ചേർന്ന 14-ാമത് ദേശീയ സമാധാന സിംമ്പോസിയത്തിൽ ആഗോള അഹ്മദിയ്യാ സമാധാന പുരസ്ക്കാരം (Ahmadiyya Muslim Prize for the Advancement of Peace) പ്രശസ്ത ആണവ വിരുദ്ധ പ്രവർത്തക സറ്റ്സുകോ തുർലോക്കിന് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) സമ്മാനിച്ചു. ജപ്പാനിലെ ഹിരോഷിമാ ആറ്റം ബോംബ് സ്ഫോടനത്തെ അതിജീവിച്ച സറ്റ്സുകോ വിശ്വ പ്രശസ്തയായ ആണവ വിരുദ്ധ സമാധാന പ്രവർത്തകയാണ്.

എല്ലാ വിധത്തിലുള്ള ഭീകരതയും തീവ്രവാദവും ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ലംഘനമാണെന്ന് ഖലീഫത്തുൽ മസീഹ് തന്റെ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. മുസ്‌ലിം രാജ്യങ്ങളിൽ നടക്കുന്ന യുദ്ധങ്ങളിലും ലോകം മുഴുവൻ വർധിച്ചു വരുന്ന സംഘർഷങ്ങളിലും അദ്ദേഹം അത്യധികം ആശങ്ക പ്രകടിപ്പിച്ചു. മുഹമ്മദ് നബി (സ) ഒരിക്കലും മതപ്രചരണത്തിന് വേണ്ടി യുദ്ധം ചെയ്തിട്ടില്ല. സ്വയം ആക്രമിക്കപ്പെട്ടപ്പോൾ മാത്രമാണ് പ്രതിരോധത്തിന് വേണ്ടി ആയുധമെടുത്തത്. അവിടുന്ന് സമാധാനത്തിന്റെ പ്രവാചകനാണ്. ലണ്ടനിലുണ്ടായ പാർലമെന്റ് ആക്രമണത്തെ ഖലീഫത്തുൽ മസീഹ് പ്രസംഗത്തിൽ അപലപിക്കുക്കുകയുണ്ടായി. വിശുദ്ധ ഖുർആനിലെ വചനങ്ങളുദ്ധരിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി ഇസ്‌ലാമിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് മറുപടി പറഞ്ഞതിനെ ഖലീഫത്തുൽ മസീഹ് അഭിനന്ദിക്കുകയുണ്ടായി. മുസ്‌ലിം യുവാക്കൾ ഭീകരവാദത്തിലേക്കും തീവ്രവാദത്തിലേക്കും തിരിയുന്നതിന് കാരണങ്ങളിലൊന്ന് അവർ പാവനമെന്ന് കരുതുന്ന ഇസ്‌ലാംമതം പാശ്ചാത്യ നാടുകളിൽ പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നതിനാലാണ്. തീർച്ചയായും ഈ പ്രവണത നിർത്തേണ്ടതുണ്ട്. മതത്തിന്റെ പേരിലുള്ള ആക്രമണങ്ങളെ യാതൊരു വിധത്തിലും ന്യായീകരിക്കാനാവുകയില്ല. ഇത്തരം ഭീകര പ്രവർത്തനങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ച് മറ്റുള്ളവരിൽ ഭീതിയാണ് ജനിപ്പിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ചില രാഷ്ട്രീയ നേതാക്കന്മാർ അനാവശ്യമായി ഇടക്കിടെ നടത്തുന്ന വിദ്വേഷാഗ്നി ജ്വലിക്കുന്ന പ്രസ്താവനകൾ ഒരിക്കലും സത്യത്തെ ഉയർത്തിപ്പിടിക്കാനല്ല അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. ലോകത്ത് വർധിച്ചു വരുന്ന ആണവായുധ പന്തയങ്ങൾക്ക് കടിഞ്ഞാണിടണമെന്ന് അദ്ദേഹം വൻശക്തികളോട് അഭ്യർഥിച്ചു. നാം മതിലുകളല്ല പാലങ്ങളാണ് പണിയേണ്ടതെന്നും അദ്ദേഹം പറഞ്ഞു. സമാധാന സമ്മേളനത്തിൽ ബ്രിട്ടീഷ് മന്ത്രിമാർ ബ്രിട്ടീഷ് പാർല മെന്റിലെ ഇരുസഭകളിലിൽ നിന്നുള്ള നിരവധി പ്രതിനിധികൾ, 30 രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ മറ്റു വിഷിശ്ട വ്യക്തികളടക്കം ആയിരം പേർ പങ്കെടുത്തു.

Published on 7.04. 2017
Pages 44
Vol: 89 Issue. 4
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly



# mta INTERNATIONAL

Muslim Television Ahmadiyya International



www.mta.tv

www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

1800 425 2020 **Toll Free (9 am to 9 pm)**